മലയാളസാഹിത്യകാരൻമാർ നമ്പർ—14

# എൻ. ഗോപാലപിള്ള

ERNAKULAM
6882
448

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ്
എഡ്യൂക്കേഷൻ
തിരുവനന്തപുരം
1977

മലയാളസാഹിത്യകാരൻമാർ നമ്പർ–14

# എൻ. ഗോപാലപിള്ള

Date
ERNAKULAM.

(സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിററ്യൂട്ടിന്റെ
ആഭിമുഖ്യത്തിൽ
ശ്രീമതി. പി. കമലമ്മ തയ്യാറാക്കിയത്.)

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ്
എഡ്യൂക്കേഷൻ
തിരുവനന്തപുരം.

1977

Printed at
THE PRESS RAMSES
TRIVANDRUM.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | ബാല്യവും വിദ്യാഭ്യാസവും | 1–8 |
| 2 | ഉദ്യോഗജീവിതം | 9–13 |
| 3 | കുടുംബജീവിതം | 14–15 |
| 4 | സാഹിത്യസപര്യ | 16–19 |
| 5 | കഥാനായകനും കാളിദാസനും | 20–24 |
| 6 | ആശാൻ കവിതയോട് | 25–28 |
| 7 | പരിഭാഷകൾ | 29–38 |
| 8 | പദ്യസരണി | 39–44 |
| 9 | ഗദ്യകാരൻ | 45–55 |
| 10 | സാഹിത്യസദസ്സ് | 56–58 |
| 11 | നർമ്മഭാഷണങ്ങൾ | 59–62 |
| 12 | ഒരു ഷഷ്ടിപൂർത്തി ആഘോഷത്തിന്റെ ഓർമ്മ | 63–66 |
| 13 | അന്ത്യദിനങ്ങൾ | 67–71 |
| 14 | ബാഷ്പാഞ്ജലി | 72–75 |

# എൻ. ഗോപാലപിള്ള

## 1

## ബാല്യവും വിദ്യാഭ്യാസവും

കൊല്ലം താലൂക്കിൽ മയ്യനാടിനു സമീപം ഉമയനല്ലൂർ എന്നൊരു ഗ്രാമം ഉണ്ട്. അവിടെ തെക്കുംകര അയ്യൻറഴികത്ത് എന്നൊരു ഗൃഹം ഉണ്ടായിരുന്നു. കൊല്ലം തിരുവനന്തപുരം ലൈനിൽ കൊട്ടിയം ജംങ്ഷനിൽ ബസ്സിറങ്ങിയാൽ ഈ വഴിക്കു പോകാം. കൊട്ടിയത്തു നിന്നും മയ്യനാട്ടേയ്ക്ക് ഇന്നു ബസ്സുപോകുന്ന വഴിയേ ഏതാണ്ട് രണ്ടര നാഴിക ചെല്ലുമ്പോഠം തെക്കുംകര ആലുംമൂട് എന്ന് പണ്ട് പ്രസിദ്ധമായിരുന്ന നാൽക്കവലയിലെത്തും. അവിടെ പടർന്നു പന്തലിച്ച ഒരാൽമരം നിന്നിരുന്നു. അതിൻെറ ചുററും കല്ലുപാകി തറ കെട്ടിയിരുന്നു. ഉച്ചവെയിലിൽ നടന്നുതളരുന്ന പാന്ഥൻമാർക്ക് ആ മരത്തണലും ആൽത്തറയും അഭയം നൽകിയിരുന്നു. ശാന്തശീതളമായ ആ ആൽമരം തന്നെയായിരിക്കാം ആ നാൽക്കവലയുടെ പേരിന് കാരണഭൂതൻ. ആലുംമൂട്കവലയുടെ പടിഞ്ഞാറുഭാഗത്തേയ്ക്കു മാറിയാണ് അയ്യൻറഴികത്തുവീട് നിലനിന്നത്. നാലുകെട്ടും ആനവാതിലുമുള്ള ഒരു പുരാതന നായർ തറവാട്. തിരുവിതാംകൂറിലെ അക്കാലത്തെ രീതിയനുസരിച്ച് തെക്കേത് പൂജാഗൃഹവും, വടക്കേത് മഹാനസവും ആയിരുന്നു; പിന്നെ ഒരു പടിഞ്ഞാറേറതും. ഇവയ്ക്കെല്ലാം മദ്ധ്യേയായി പ്രധാന കെട്ടിടവും ഉണ്ടായിരുന്നു. പ്രധാനകെട്ടിടം അന്നത്തെ രീതിക്ക് അറയും നിരയുമായിരുന്നു. ആനവാതിൽ കടക്കുമ്പോഠം ഉമ്മറം കാണാം.

അയ്യൻറഴികത്തുവീട്ടിൽ ശങ്കുപ്പിള്ളവൈദ്യരുടെയും ഭാര്യ നാരായണിഅമ്മയുടെയും പുത്രനായി കൊല്ലവർഷം ആയിരത്തിഎഴുപത്തിയാറാമാണ്ട് കർക്കടകമാസം ഇരുപത്തിയാറാം തീയതി(ക്രി: വ: 1901- ആഗസ്റ്റുമാസം) മകയിരം നക്ഷത്രത്തിൽ ശ്രീ. ഗോപാലപിള്ള ജനിച്ചു. വൈദ്യർ അന്നാട്ടുകാർക്ക് സുപരിചിതനായിരുന്നു. ശങ്കുപ്പിള്ളവൈദ്യരുടെ കുടുംബക്കാർ ചരിത്രപ്രസിദ്ധരായ കടത്തനാട്ടു കുറുപ്പന്മാരുടെ അനന്തരഗാമികളെന്നാണു കേൾവി.

അയ്യൻറഴികത്തു നിന്നും നാലഞ്ചു പുരയിടത്തിനു വടക്കുള്ള കുററിക്കാട്ടുവീട്ടിൽ കുററിക്കാട്ടാശാൻ എന്ന് സ്ഥാനപ്പേരുണ്ടായിരുന്ന ഒരു കരപ്രമാണിയുടെ സഹോദരിയായിരുന്നു കഥാനായകൻെറ മാതാവ്. വയലരികത്തായിരുന്നു കുററിക്കാട്ടുവീട്. അവിടെ ഭൂമിയുടെ സ്ഥിതി ഒരു ചെറു കുന്നുപോലെയായിരുന്നു. കുററിക്കാട്ടുവീട്ടിനു മേൽഭാഗത്തായി മേലതിൽ എന്നൊരു വീട്ടിലായിരുന്നു നാരായണി അമ്മയുടെ കുടുംബാംഗങ്ങൾ പാർത്തിരുന്നത്.

ശങ്കുപ്പിള്ള വൈദ്യന് ആദ്യകാലത്ത് * ക്ലാസിപ്പേരുദ്യോഗം ഉണ്ടായിരുന്നു. പിന്നീട് ഉദ്യോഗം വേണ്ടെന്നുവച്ച് ചികിൽസകൾ തന്നെ തുടർന്നു. ആയുർവ്വേദം കൂടാതെ സിദ്ധവൈദ്യം, മെസ്മെറിസം, തച്ചുശാസ്ത്രം, ജ്യോതിഷം ഇവയെല്ലാം വശമായിരുന്നു വൈദ്യർക്ക്. നാരായണിഅമ്മ ഗൃഹകാര്യങ്ങളിലേർപ്പെട്ട് വീട്ടിനു മണിദീപമായിക്കഴിഞ്ഞു. ആ ദമ്പതികൾക്ക് എട്ടു സന്താനങ്ങൾ ജനിച്ചു എങ്കിലും അവരിൽ നാലുപേർ മാത്രമേ ബാലാരിഷ്ടതകളെ അതിജീവിച്ചുള്ളു. അത് നാലു പുരുഷസന്താനങ്ങളായിരുന്നു.

സ്വതേ സുകുമാരനായ ഗോപാലൻ മാതാപിതാക്കളുടെ വാൽസല്യഭാജനമായിരുന്നു. അനുജൻമാർക്കുണ്ടായിരുന്ന

---

* ഭൂമി അളന്നു തരംതിരിക്കുകയായിരുന്നു ക്ലാസിപ്പേരുടെ ജോലി. 'ക്ലാസിഫയർ' എന്ന വാക്കായിരിക്കാം ക്ലാസിപ്പേരായിത്തീർന്നത്.

കുസൃതിത്തരങ്ങളൊന്നും കഥാനായകനെ തീണ്ടിയിരുന്നില്ല. ബാല്യത്തിലേ ശരീരശുദ്ധിയിലും നാമജപത്തിലും പ്രത്യേകശ്രദ്ധയുണ്ടായിരുന്നു. ആ ചെറുബാലൻ കുളി കഴിഞ്ഞ് ഭസ്മക്കുറിയും ചാർത്തി പത്മാസനസ്ഥനായി അതിവഭക്തിയോടുകൂടി ദേവീസ്തോത്രങ്ങൾ ജപിച്ചിരുന്നു.

അക്ഷരാഭ്യാസം അക്ഷരാർത്ഥത്തിൽ ആരംഭിക്കുന്നതിനു മുൻപുതന്നെ ആ നാവിൽ സരസ്വതി വിളയാടി എന്നാണറിവ്. ബാല്യകാലത്ത് ഗോപാലൻ കുററിക്കാട്ടു മേലതിലും അയ്യൻറഴികത്തും മാറി മാറി താമസിച്ചിരുന്നു. മേലതിൽ താമസിച്ചിരുന്ന ഒരവസരത്തിൽ അടുക്കളയിലെ ആവശ്യത്തിനായി ജോലിക്കാർ വിറകു കീറിയിട്ടു. വിറക് കുട്ടയിൽ പെറുക്കി അടുക്കിവയ്ക്കുവാൻ ഗോപാലൻെറ ഒരു വലിയമ്മ പറഞ്ഞു. രണ്ടാമതും പറഞ്ഞു. പക്ഷേ, കഥാനായകൻ കൂട്ടാക്കിയില്ല. രണ്ട് തല്ല് കൊടുക്കാമെന്ന് വിചാരിച്ച് അവർ ഒരു ചുള്ളിക്കമ്പെടുത്തു. ആ സ്ത്രീക്ക് ഒരു കാലിൽ മന്തുണ്ടായിരുന്നു. തന്നെ അടിക്കാനുള്ള ഭാവം കണ്ട് ബാലൻ അരിശപ്പെട്ട് അവരെ പരിഹസിച്ച് ചിലതു വിളിച്ചുപറഞ്ഞുകൊണ്ട് അച്ഛൻെറ അടുത്തേയ്ക്ക് ഓടി. ഗോപാലൻ പരിഹാസമായി പറഞ്ഞത് ആ ഇളം മനസ്സിലേക്കോടിവന്ന നാലുവരിക്കവിതയായിരുന്നു.

"നാലുമ്മൂന്നുമേഴെന്ന്
പോലുമറിയാതുള്ള
വാലും ചേലുമില്ലാത്ത
കാലീകേൾക്കെടീ ചരലേ!"

ഇതുകേട്ട് 'മോൻ കവിത പറയുന്നോ' എന്ന് ചോദിച്ചുകൊണ്ട് അച്ഛൻ സന്തോഷസമേതം മകനെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചു. ഒരു പക്ഷേ, ഇതായിരിക്കണം കഥാനായകൻെറ ആദ്യത്തെ കവിത.

കുട്ടിയെ ആദ്യമായി തെക്കുംഭാഗം പ്രൈമറി സ്കൂളിൽ ചേർത്തു. നാലാംക്ലാസ്സു പാസ്സായപ്പോൾ മയ്യനാട്ടെ കുററിക്കാട്ടു പള്ളിക്കൂടത്തിൽ പ്രിപ്പാറട്ടറിക്ലാസ്സിൽ ചേർന്നു. അവിടെ * ശ്രീ കെ. ദാമോദരനും, ശ്രീ ഗോപാലപിള്ളയും സഹപാഠികളായിരുന്നു. തേഡ്ഫാറത്തിൽ പഠിക്കുന്ന കാലത്ത് 'തുലാമാസം' എന്നൊരു കവിത എഴുതി. അത് ഏതോ മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ 'പൂതനാമോക്ഷം' എന്നൊരു ഓട്ടൻതുള്ളലും ആ ബാലൻ രചിച്ചു:

"വാണിമാതിൻ പാദപങ്കജത്തെയുമേ-
താണുവണങ്ങുന്നേൻ നാണിയാതെ
നല്ലതാകും വരം തന്നീടണേ ദേവി
ഫുല്ലാബ്ജഗേഹൻെറ വല്ലഭേ മേ!
ചൊൽക്കൊള്ളും മോദാൽ ഉമയനല്ലൂർ വാഴും
ചൊൽക്കൊണ്ട ശ്രീകണ്ഠ സൂനുതന്നെ
ഉൽക്കണ്ഠയോടുവന്നെന്നെ തുണയ്ക്കുവാൻ
ഉൾക്കൊണ്ടതോഷ ഭാരാൽ തൊഴുന്നേൻ!"

ഇതാണ് പൂതനാമോക്ഷത്തിൻെറ തുടക്കം. സ്കൂൾ ഫൈനൽ ക്ലാസ്സിൽ പഠിക്കുമ്പോൾ "അന്നത്തെ കൊല്ലം" എന്നൊരു ലേഖനം എഴുതി. അത് വിവേകോദയം മാസികയിലൂടെ പുറത്തു വരികയും സഹൃദയ ശ്രദ്ധയ്ക്ക് വിഷയീഭവിക്കുകയും ചെയ്തു. ആ ലേഖനം കാരണമായി ഗോപാലൻ സുപ്രസിദ്ധ സാഹിത്യകാരനും "കേരളകൗമുദി" ദിനപ്പത്രത്തിൻെറ ജനയിതാവുമായ ശ്രീ സി. വി. കുഞ്ഞുരാമൻെറ പ്രത്യേക പ്രശംസയ്ക്കു പാത്രമായി.

ഇന്നത്തെപ്പോലെ യാത്രാ സൌകര്യങ്ങളും അടുത്തടുത്ത് പള്ളിക്കൂടങ്ങളും അന്നുണ്ടായിരുന്നില്ല. ഗോപാലനും സഹോദരൻമാരും കാൽനടയായിട്ടാണ് മയ്യനാട്ടുനിന്നും കൊല്ലം

* മയ്യനാട് കെ. ദാമോദരൻ ബി. ഏ. എന്ന സാഹിത്യകാരൻ.

ഹൈസ്‌ക്കൂളിൽ പോയി പഠിച്ചിരുന്നത്. പിൽക്കാലത്ത് എല്ലവിധ സുഖസൌകര്യങ്ങളോടുംകൂടി കഴിയുന്ന സ്വന്തം കുട്ടികൾ പഠിപ്പിൽ അലസത കാണിക്കുമ്പോൾ ബാല്യത്തിൽ എന്തെല്ലാം പ്രയാസങ്ങൾ സഹിച്ചാണ് താൻ വിദ്യ അഭ്യസിച്ചതെന്ന് അവരോടു പറയുമായിരുന്നു. താൻ പഠിക്കുന്ന ക്ലാസ്സിൽ ഒന്നാമത്തെ മാർക്കു വാങ്ങുവാനുള്ള അവസരം മററാർക്കും വിട്ടുകൊടുക്കുകയില്ലെന്ന് ഒരു നിർബ്ബന്ധം ആ ബാലനുണ്ടായിരുന്നു.

സ്‌ക്കൂൾ ഫൈനൽ പാസ്സായ ഗോപാലപിള്ള തിരുവനന്തപുരത്ത് രാജകീയമഹാപാഠശാലയിൽ ചേർന്ന് വിദ്യാഭ്യാസം തുടർന്നു. എഫ്. എ. യ്ക്ക് കണക്കാണ് ഐച്ഛികമായെടുത്തത്. സാഹിത്യരസാസ്വാദനത്തിനുവേണ്ടി ദാഹിച്ചിരുന്ന കഥാനായകന്റെ മസ്തിഷ്കത്തിൽ കണക്കിലെ അക്കങ്ങൾക്കോ, അവയുടെ കുരുക്കുപിടിച്ച ഗുണനങ്ങൾക്കോ, ഹരണങ്ങൾക്കോ സ്ഥാനമുണ്ടായിരുന്നില്ല. കണക്കിനോടു പുറംതിരിഞ്ഞു നിൽക്കാനേ കഥാനായകനു കഴിഞ്ഞുള്ളു. അതിന്റെ ഫലം എഫ്. എ. ക്ലാസ്സിൽ നേരിട്ട പരാജയമായിരുന്നു. അക്കാലത്ത് ഒരു ഇടക്കാല ഏർപ്പാടെന്ന നിലയിൽ ഗോപാലപിള്ള ശിവഗിരി മിഡിൽ സ്‌ക്കൂളിൽ കുറച്ചുകാലം അദ്ധ്യാപകനായി ജോലിനോക്കി. ശ്രീനാരായണ ഗുരുസ്വാമികൾ ശിവഗിരിയിൽ സ്ഥിരമായി പാർത്തിരുന്നകാലം. അക്കാലത്ത് നമ്മുടെ യുവാവിന് സ്വാമികളുടെ ആദർശങ്ങളുൾക്കൊള്ളുവാൻ അവസരമുണ്ടായി. ശിവഗിരിയിലെ പാവനമായ അന്തരീക്ഷം കഥാനായകനെ വളരെ ആകർഷിക്കുകയും ശ്രീനാരായണന്റെ ആദർശങ്ങൾ അദ്ദേഹത്തിന്റെ ചിന്താഗതിയിൽ ചില മാററങ്ങൾ വരുത്തുകയും ചെയ്തു. ആ മാററങ്ങൾ പിന്നെ അദ്ദേഹത്തിന്റെ ആദർശസംഹിതകളുടെ ഒരു ഭാഗമായിത്തീരുകയും ചെയ്തു. അങ്ങനെ ആദ്ധ്യാത്മിക മണ്ഡലങ്ങളിലേയ്ക്ക് ആ യുവാവിന്റെ ചിന്തകൾ പടരുവാനും സംഗതിയായി. ശ്രീനാരായ

ണനോടും അദ്ദേഹത്തിന്റെ ആദർശങ്ങളോടും തോന്നിയ ആകർഷണം ഒരു സംസ്കൃതപദ്യമായി രൂപം പൂണ്ടു.

"വേദാന്തകാന്താരവിഹാരധീരോ
യോ/ദ്വൈത സിദ്ധാന്തരണൈദ്ദിഗന്തഃ
സച്ചിന്മയാദാ പടല പ്രബുദ്ധോ
ജീയാത്സനാരായണ പുണ്യനാമാ"

ഇതാണ് ആ പദ്യശകലം.

അടുത്ത വർഷം വീണ്ടും വിദ്യാർത്ഥിജീവിതം ആരംഭിച്ചു. ബി. ഏ യ്ക്ക് സംസ്കൃതമാണ് ഐച്ഛികമായെടുത്തത്. ശ്രീമാൻമാർ നന്ത്യാരു വീട്ടിൽ പരമേശ്വരൻപിള്ള, എൻ. നീലകണ്ഠപിള്ള, സാംബശിവശാസ്ത്രികൾ, സഹസ്രനാമയ്യർ തുടങ്ങിയ പ്രതിഭാശാലികൾ അന്ന് രാജകീയ മഹാപാഠശാലയിലെ അദ്ധ്യാപകരായിരുന്നു. സംസ്കൃതം ബി. ഏ. ക്ലാസ്സിലെ പരിമിതമായ വിദ്യാർത്ഥിവൃന്ദത്തിന് സുന്ദരനും, സുശീലനും, സർവ്വദാപ്രസന്നനും, സരസഭാഷണചതുരനും, വിജ്ഞാനദാഹിയുമായ കഥാനായകനായകൻ പ്രിയദർശനൻ തന്നെയായിരുന്നു എന്നാണ് സഹപാഠിയായ ശ്രീ. പാച്ചല്ലൂർ ഭാസ്കരപിള്ള പറഞ്ഞിട്ടുള്ളത്. പാശ്ചാത്യവേഷവിധാനങ്ങളിൽ വിദ്യാർത്ഥികൾ ഭ്രമിച്ചു തുടങ്ങിയിരുന്ന അക്കാലത്ത് കഥാനായകനെ ഭ്രമിപ്പിക്കുവാൻ അത്തരം വേഷങ്ങൾക്കൊന്നും കഴിഞ്ഞില്ല. ഏററവും ലളിതമായ വേഷത്തിലായിരുന്നു അദ്ദേഹം ക്ലാസ്സിലെത്തുക. ശുഭ്രമായ മുണ്ടും, ഷർട്ടും, തോളത്ത് അലസമായുലയുന്ന തോർത്തും. ഉദ്യോഗലബ്ധിക്കുശേഷവും പ്രിൻസിപ്പൽ സായിപ്പിന്റെ പ്രത്യേക നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമാണ് കോട്ടും, സൂട്ടും ധരിച്ചു തുടങ്ങിയത്.

സതീർത്ഥ്യരുടെയെല്ലാം സ്നേഹപാത്രമായിരുന്ന ഗോപാലപിള്ള പണ്ഡിതനും, വാഗ്മിയും, സംഭാഷണ ചതുരനും ആയിരുന്നെങ്കിലും കോളേജു സമാജങ്ങളിൽ പ്രസംഗി

ക്കുവാനോ, സാമൂഹികരംഗങ്ങളിൽ പങ്കുകൊള്ളുവാനോ തയാറായില്ല. ആവോളം അറിവു സമ്പാദിക്കുകയെന്നതായി രുന്നു ആ വിദ്യാർത്ഥിയുടെ ലക്ഷ്യം. പഠിപ്പ് അദ്ദേഹത്തി നൊരു ബുദ്ധിമുട്ടായിരുന്നില്ല. 'ക്ഷീണിക്കാത്ത മനീഷയും ഊർജ്ജസ്വലതയുമായിരുന്നു അദ്ദേഹത്തിൻെറ കൈമുതൽ. വിദ്യാർത്ഥികളിൽ കടന്നുകൂടാറുള്ള മൽസരബുദ്ധിയോ, അസൂയയോ, നേതൃത്വമോഹമോ, യുവസഹജമായ അഹ ന്തയോ ഒന്നും ആ വ്യക്തിയിൽ കടന്നുകൂടിയിട്ടില്ല. പരീ ക്ഷയടുക്കുമ്പോൾ കുട്ടികൾക്കുണ്ടാകാറുള്ള പരഭ്രമം ഒരി ക്കലും അദ്ദേഹത്തെ പിടികൂടിയില്ല. എന്നാൽ കഥാനായകൻ ഒരിക്കലും ഒരു പുസ്തകപ്പുഴുവായിരുന്നില്ല. 1924-ൽ അദ്ദേഹം ബി. ഏ. പാസ്സായി. അത്തവണത്തെ ബി. ഏ. പരീ ക്ഷയിൽ മദിരാശിയിൽ സർവ്വകലാശാലയിൽ ഏററവും കൂടു തൽ മാർക്കു വാങ്ങിയത് ശ്രീ. ഗോപാലപിള്ളയായിരുന്നു.

ബി. ഏ. വിദ്യാർത്ഥിയായിരുന്ന കാലത്താണ് അദ്ദേഹം 'ശ്രീ ബുദ്ധദേവൻ' എന്ന ലഘുജീവചരിത്രം രചിച്ചത്. താമസിയാതെ അത് പാഠപുസ്തകമായി തിരഞ്ഞെടുക്കുക യുണ്ടായി.

അക്കാലത്ത് കോളേജിലെ സംസ്കൃത പ്രൊഫസർ നിരൂ പക ശിരോമണിയും, പണ്ഡിതാഗ്രേസരനുമായിരുന്ന നന്ത്യാരു വീട്ടിൽ പരമേശ്വരൻപിള്ളയായിരുന്നു. അദ്ദേഹത്തിന് ശ്രീ. ഗോപാലപിള്ളയോടു തോന്നിയിട്ടുള്ള വാത്സല്യവും ബഹു മാനവും സീമാതീതമായിരുന്നു. ശിഷ്യൻെറ അനിതരസാധാ രണമായ കഴിവുകളിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. അതുപോലെതന്നെ ആ വിധരംഗങ്ങളിൽ ശിഷ്യനെ ബഹു മാനിക്കാനും അദ്ദേഹം മടിച്ചില്ല. ക്ളാസ്സിൽ ഗുരുനാഥൻ ശിഷ്യൻമാരുടെ കൂട്ടത്തിൽ വന്നിരുന്നുകൊണ്ട് തൻെറ വൽസലശിഷ്യനെ അലങ്കാരവും ഭാഷാശാസ്ത്രവും മററും പഠിപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള ചില സന്ദർഭങ്ങളും ഉണ്ടാ യിരുന്നുവെന്നാണറിവ്.

ശ്രീ നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള പിന്നീട് "സാഹിത്യസാരം" എന്നൊരു ലക്ഷണഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതിൻെറ മുഖവുരയിൽ ഇങ്ങനെ ഒരു പ്രസ്താവം ഉണ്ട്. "ഈ ഗ്രന്ഥനിർമ്മിതിയിലും പ്രസിദ്ധീകരണത്തിലും എന്നെ അപരിമിതമായി സഹായിച്ചതിന് എൻെറ യുവശിഷ്യനായ ഒരു പണ്ഡിത വൃദ്ധനോടുള്ള എൻെറ കൃതജ്ഞത ഇവിടെ പ്രസ്താവിക്കാതെ നിർവ്വാഹമില്ല. എൻെറ ശിഷ്യനോട് എനിക്കുതോന്നുന്ന അഭിമാനത്തെ അന്യർക്ക് ദുരഭിമാനമെന്നു തോന്നിക്കുമാറ് ഇംഗ്ലീഷിലും, സംസ്കൃതത്തിലും ഉള്ളതുപോലെ മലയാളത്തിലും അന്യാദൃശമായ പാണ്ഡിത്യവും പ്രശംസനീയമായ കവിതാവാസനയും അസൂയായോഗ്യമായ പ്രതിഭാവിലാസവും ഉള്ള തിരുവനന്തപുരം സയൻസ് കാളേജ് സംസ്കൃതപണ്ഡിതൻ മ. രാ. രാ എൻ. ഗോപാലപിള്ള അവർകളുടെ സഹായസഹകരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ സാഹിത്യവിഷയകമായ എൻെറ ആശയപരമ്പര സരസ്വതീനദി എന്നപോലെ അന്തർവാഹിനിയായിരിക്കുകയല്ലാതെ വൈഖരീരൂപത്തിൽ ഇപ്രകാരം പ്രകാശിക്കുകയില്ലായിരുന്നു എന്നുള്ള വാസ്തവം ഇവിടെ പ്രസ്താവാർഹമാണ്."

ആ ഗുരുനാഥൻെറ മാതൃകയായിരിക്കണം ശിഷ്യനെ വിവാദ വിഷയങ്ങളിൽ കൂർത്തു മൂർത്ത ശരങ്ങൾ തൊടുത്ത് പ്രതിയോഗിയുടെ മർമ്മം പിളർക്കാൻ പ്രാപ്തനാക്കിയത്.

ആ വന്ദ്യഗുരുനാഥനും കുമാരനാശാനും ആത്മസ്നേഹിതൻമാരായിരുന്നു ആശാൻ കവിത രചിച്ചു കഴിഞ്ഞാൽ അത് ശ്രീപരമേശ്വരൻപിള്ളയെ വായിച്ചു കേൾപ്പിക്കും. സ്നേഹിതൻെറ നിശിതമായ വിമർശനം കേട്ട് വേണ്ട മാററം വരുത്തിയതിനു ശേഷമേ ആശാൻ അതിനെ വെളിച്ചം കാണുവാൻ അനുവദിച്ചിരുന്നുള്ളു. ആ ഗുരുനാഥനുമായുള്ള ബന്ധം ആയിരിക്കാം ശ്രീഗോപാലപിള്ളയ്ക്ക് ആശാൻ കവിതകൾ ആസ്വദിക്കുവാനും അവയോടൊരു പ്രത്യേകമമതാബന്ധം വളർന്നു വരുവാനും ഇടനൽകിയത്.

# 2

## ഉദ്യോഗജീവിതം

പരീക്ഷാഫലം പുറത്തായ ഉടനേ മാതൃസ്ഥാപനത്തിൽ തന്നെ ശ്രീ ഗോപാലപിള്ളയ്ക്ക് ഉദ്യോഗം ലഭിച്ചു. പിൽക്കാലത്ത് ആർട്ട്സ് കോളേജെന്നും, സയൻസ് കോളേജെന്നും, രാജകീയമഹാപാഠശാല രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ കഥാപുരുഷൻ സയൻസ് കോളേജിലായി. പത്തു വർഷക്കാലം അവിടെത്തന്നെ ലക്ചററായി തുടർന്നു 1934-ൽ അദ്ദേഹത്തിന് ആർട്ട്സ് കോളേജിലേയ്ക്ക് മാററം ലഭിച്ചു.

ഉദ്യോഗാരംഭത്തിൽ ഡാ: ത്രിവിക്രമൻ തമ്പിയുമൊത്ത് പട്ടത്തൊരു വീട്ടിലാണ് താമസിച്ചത്. അക്കാലത്ത് കഥാനായകൻ മി: തമ്പി ഇംഗ്ളീഷിലെഴുതിയ ഗീതങ്ങൾ (Lyrics) മലയാളത്തിലേയ്ക്ക് വിവർത്തനംചെയ്തു. ആ ഗീതങ്ങളാണ് "പ്രേമസുഷമ' എന്ന പേരിൽ പുസ്തകരൂപത്തിൽ പിന്നീട് പ്രസിദ്ധീകരിച്ചത്. പട്ടത്തെ താമസക്കാലത്തു തന്നെ ഉള്ളൂരിന്റെ 'പ്രേമസംഗീതം' സംസ്കൃതത്തിലേയ്ക്ക് തർജ്ജമ ചെയ്തു. അധികം താമസിയാതെ കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യും സംസ്കൃതത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ തുടങ്ങി. "സീതാവിചാരലഹരി" എന്ന പേരിൽ പിന്നീട് അതു പുറത്തുവരികയും ചെയ്തു.

അവധിക്കാലങ്ങളിൽ കഥാപുരുഷന്റെ ജ്യേഷ്ഠൻ കൃഷ്ണപിള്ള അനുജനോടൊപ്പം തിരുവനന്തപുരത്തു വന്നു താമസിക്കുമായിരുന്നു. അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരുന്ന അദ്ദേഹം ഒരിക്കൽ മദ്ധ്യവേനലവധിക്കാലത്തിൽ പബ്ളിക്ക് പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ നോക്കുന്നതി

നായി അനുജനുമൊപ്പം ശംഖുംമുഖത്തൊരു സുഹൃത്തിൻെറ വീട്ടിൽ താമസിച്ചിരുന്നു. എല്ലാ ദിവസവും രാവിലെ ശ്രീ ഗോപാലപിള്ള കടലിൽ തിര മറിയുവാൻ പോകും. തൽസമയം ജ്യേഷ്ഠൻ കരയിലിരുന്ന് കാറേററു സുഖിക്കുകയും, പ്രഭാതത്തിൻെറ അലൗകിക സൗന്ദര്യപ്രഭാവം കണ്ടാസ്വദിക്കുകയും, ഇടയ്ക്കിടെ അനുജൻെറ ജലക്രീഡ കണ്ടു രസിക്കുകയും ചെയ്യും. ഒരു ദിവസം തിരമറിഞ്ഞു രസിക്കവേ, പെട്ടെന്ന് വെള്ളം ഉള്ളിലേയ്ക്ക് മറിഞ്ഞു. വിചാരിക്കാത്ത ഒരു നിമിഷത്തിൽ കടലലകൾ കഥാനായകനെയും കൊണ്ട് ഉൾക്കടലിലേയ്ക്കു പോയി. അതുകണ്ട് ജ്യേഷ്ഠൻ വല്ലാതെ പരിഭ്രമിച്ചു. അദ്ദേഹം ഓടിച്ചെന്ന് വീട്ടുടമസ്ഥനെ വിവരം അറിയിച്ചു. അവർക്ക് വലയും, വള്ളവും, ചാളത്തടികളും ഉണ്ടായിരുന്നു. പെട്ടെന്നു തന്നെ വള്ളങ്ങളും ചാളത്തടികളുമായി കുറെ ആളുകൾ കടലിലിറങ്ങി കഥാപുരുഷനെ തിരഞ്ഞു. ഈശ്വരാധീനം കൊണ്ടായിരിക്കാം അപ്പോഴൊരു വൻതിര കരയിലേയ്ക്കോടിവന്നു. ആ തിരമാല ശ്രീ പിള്ളയെയുംകൂടെ കൊണ്ടുപോന്നിരുന്നു. വള്ളക്കാർ അദ്ദേഹത്തെ കടന്നുപിടിച്ച് വള്ളത്തിലിട്ട് കരയിലണച്ചു. ഭയങ്കരമായ ആ ആപത്തിൽനിന്നും രക്ഷപ്പെട്ടത് കൈരളിയുടെ ഭാഗ്യാതിരേകം എന്നേ പറയേണ്ടൂ.

കലാശാലകളിൽ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരുന്ന കാലത്ത് അവിടത്തെ സാഹിത്യസംരംഭങ്ങളിലെല്ലാം അദ്ദേഹം മുൻകയ്യെടുത്ത് പ്രവർത്തിച്ചിരുന്നു. വിദ്യാർത്ഥികളോട് വളരെ സ്നേഹമായി പെരുമാറിവന്നതുകൊണ്ട് അന്യോന്യം സുദൃഢമായ സ്നേഹബന്ധം വളർന്നു. സയൻസ്കാളേജിൽനിന്നും "ഓംഡ്കാളേജ്" എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ "സാഹിത്യദീപിക", "സഹൃദയ" എന്നീ മാസികകളും ഭാഷാസാഹിത്യസമാജത്തിൻെറ മുഖപത്രമെന്ന നിലയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇവയിലെല്ലാം മലയാളവിഭാഗത്തിൻെറ ചുമതല മുഴുവനും ശ്രീ

ഗോപാലപിള്ളയ്ക്കായിരുന്നു. സാഹിത്യാഭിരുചിയുള്ള കുട്ടികളെ കണ്ടുപിടിച്ച് അവരുടെ വാസനയെ പരിപുഷ്ടമാക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു.

കഥാനായകന്റെ പിതാവായ ശങ്കുപ്പിള്ള വൈദ്യന് മാസ്മരവിദ്യ വശമായിരുന്നുവെന്നത് നേരത്തേ പറഞ്ഞിരുന്നല്ലോ. മക്കളിൽ കഥാനായകനെയായിരുന്നു പിതാവിന്ന് കൂടുതൽ പ്രിയം. ശാന്തശീലനും, തീക്ഷ്ണബുദ്ധിയുമായ ഈ മകന് തനിക്കു വശമായിരുന്ന മാസ്മരവിദ്യ പിതാവ് ഉപദേശിച്ചുകൊടുത്തു. ഒരു ദിവസം സ്വൽപം ചട്ടമ്പിത്തരത്തിനൊരുങ്ങിപ്പുറപ്പെട്ട അനുജനെ ഈ വിദ്യ പ്രയോഗിച്ച് തിരിച്ച് മുറിക്കകത്തുകൊണ്ടുപോയിക്കിടത്തി ഉറക്കി എന്നാണറിവ്. എന്നാൽ ലക്ചററായിരിക്കെ പട്ടത്തു നിന്നും മാറി കുന്നുകുഴിയിൽ സാഹിത്യവിലാസം ബംഗ്ളാവിൽ താമസിക്കുന്ന കാലത്ത് ഈ വിദ്യ പ്രയോഗിക്കാനുള്ള മറെറാരു സന്ദർഭം ഉണ്ടായി. ശ്രീ പിള്ളയുടെ മാസ്മരവിദ്യാപ്രയോഗം ഒരിക്കലും കണ്ടിട്ടില്ലാത്ത കൂട്ടുകാർ അതൊന്നു പ്രയോഗിച്ചു കാണണമെന്നാവശ്യപ്പെട്ടു. അവർക്ക് കാപ്പിയും കൊണ്ടുവന്ന ജോലിക്കാരൻ ഗോപാലപിള്ള സാറിന്റെ പ്രയോഗംകൊണ്ട് കാപ്പിപ്പാത്രങ്ങളുമായി പ്രതിമ കണക്കെ നിന്നുപോയി. കൂട്ടുകാർ അമ്പരന്നു. അവനെ പൂർവ്വസ്ഥിതിയിലാക്കുവാൻ അവർ തിടുക്കം കാണിച്ചു. അദ്ദേഹം വേണ്ടതു ചെയ്തു. വേലക്കാരന് പ്രജ്ഞയുണ്ടായി. പക്ഷേ, അവന്റെ കയ്യിലുണ്ടായിരുന്നതെല്ലാം ഒന്നോടെ താഴെ വീണുടഞ്ഞ് വലിയ ശബ്ദമുണ്ടായി.

സ്നേഹിതൻമാരുമൊരുമിച്ചുള്ള താമസക്കാലം വളരെ രസകരമായിരുന്നു. സാഹിത്യസൃഷ്ടിയും, ചർച്ചകളും, ആസ്വാദനവും ആ അന്തരീക്ഷത്തെ ഉജ്ജ്വലമാക്കിത്തീർത്തിരുന്നു. ആ യുവാവ് അതോടൊപ്പം പഠിത്തം തുടരുകയും

ചെയ്തു. സംസ്കൃതം ഐച്ഛികമായെടുത്ത് എം. എ. പാസ്സായി. അത് 1933-ലായിരുന്നു ഇക്കാലത്തു തന്നെ കുടുംബബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു.

ഇന്നത്തെ കേരളം അന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന് മൂന്നു ചെറുരാജ്യങ്ങളായിരുന്നു. തിരുവനന്തപുരം അന്നും തലസ്ഥാനനഗരിതന്നെ. ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവ് രാജ്യം ഭരിച്ചിരുന്ന കാലം. സചിവോത്തമൻ സർ. സി. പി. രാമസ്വാമിഅയ്യർ അന്ന് തിരുവിതാംകൂർ ദിവാനായിരുന്നു സംസ്കൃതകോളേജിൽ അന്ന് പ്രിൻസിപ്പൽ സ്ഥാനം ഒഴിവുവന്നു. ആ പദവിക്കർഹരായ സംസ്കൃത പണ്ഡിതൻമാർ ആരും തിരുവിതാംകൂറിൽ ഇല്ല എന്നൊരു ധാരണ എങ്ങനെയോ ദിവാൻജിക്കുണ്ടായി. അന്നത്തെ പ്രോവൈസ് ചാൻസലറിൽ നിന്നും വസ്തുത ഗ്രഹിച്ച ശ്രീപിള്ള ദിവാൻജിയെ മുഖം കാണിക്കാൻ തയ്യാറായി. അദ്ദേഹത്തെ പ്രസാദിപ്പിക്കുക അത്ര എളുപ്പമല്ലെന്നറിയാമായിരുന്നു. അതിനകം പ്രസിദ്ധീകരിച്ചിരുന്ന സ്വന്തം കൃതികളുടെ ഓരോ പ്രതിയുമായി ദിവാൻജിയുടെ സന്നിധിയിലെത്തി. ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. ഉടൻതന്നെ ആ ഗംഭീരാശയൻ ആ കൃതികളിൽകൂടി ഒന്നുകണ്ണോടിച്ചു. ദിവാൻജിയുടെ മുഖഭാവം മാറി മാറി വന്നു. സന്ദർശനസമയം വെറും അഞ്ചുമിന്നിട്ടു മാത്രമാണ്. എന്നാൽ സചിവോത്തമൻ അന്ന് അൻപതുമിന്നിട്ടിലധികം കഥാനായകനുമായി നർമ്മഭാഷണം നടത്തി. * "ലോകമതങ്ങൾ" എന്ന തന്റെ കൃതിക്ക് കഥാനായകൻ ഒരു വിമർശനമെഴുതണമെന്ന് താത്പര്യപ്പെട്ടു. സംസ്കൃതകോളേജ് പ്രിൻസിപ്പലിന്റെ നിയമനക്കാര്യത്തെപ്പററി രണ്ടാളും ഒന്നും ഉരിയാടിയില്ല.

* world Religions-എന്ന കൃതി സചിവോത്തമൻ സർ. സി.പി. രാമസ്വാമി അയ്യർ ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ചത്.

എന്നാൽ 'അപേക്ഷൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്' എന്നു പറഞ്ഞതുപോലെ കഥാപുരുഷനെ സംസ്കൃതകോളേജ് പ്രിൻസിപ്പലായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പെട്ടെന്നു തന്നെലഭിച്ചു.

1938–ലാണ് അദ്ദേഹം ആർട്ട്സ് കോളേജിൽ സംസ്കൃതവകുപ്പിന്റെ അദ്ധ്യക്ഷനായത്. പ്രൊഫസർ പദവിയിൽ ഒരുകൊല്ലം തുടർന്നു. 1939–ൽ സംസ്കൃതകോളേജ് പ്രിൻസിപ്പലായി നിയമനവും ലഭിച്ചു. സംസ്കൃതകോളേജ് അന്ന് ഇപ്പോഠം കാണുന്ന കെട്ടിടത്തിലായിരുന്നില്ല. ആദ്യകാലത്ത് പാൽക്കുളങ്ങരയുള്ള അമ്മച്ചിവീട്ടിലായിരുന്നു. പിന്നീട് 1942–ൽ തൈയ്ക്കാട്ടുള്ള ഇന്നത്തെ ഗവ: ആർട്ട്സ് കോളേജ് കെട്ടിടത്തിലേയ്ക്ക് മാററി. ശ്രീ ഗോപാലപിള്ള പ്രിൻസിപ്പലായശേഷമാണ് ഇന്നു കാണുന്ന സംസ്കൃതകോളേജ് കെട്ടിടനിർമ്മാണത്തിനുള്ള ശ്രമം ആരംഭിച്ചത്. അതു അദ്ദേഹത്തിന്റെ കാലത്തുതന്നെ പൂർത്തിയാക്കുകയും ചെയ്തു. സംസ്കൃതകോളേജ് പ്രിൻസിപ്പലിന്റെ പദവി മററുകാളേജ് പ്രിൻസിപ്പൽമാരുടെ പദവിക്കു തുല്യമാക്കിയതും അദ്ദേഹത്തിന്റെ ശ്രമഫലമായാണ്. അക്കാലത്ത് സംസ്കൃതസ്കൂളുകഠം പരിശോധിക്കുന്ന ചുമതലയും അദ്ദേഹത്തിനായിരുന്നു.

പതിനെട്ടുവർഷക്കാലം പ്രിൻസിപ്പലായിത്തുടർന്നു. അതായത് പെൻഷൻ കാലം വരെയും. പ്രിൻസിപ്പലായിരുന്ന് പെൻഷൻ പററി പിരിഞ്ഞ അദ്ദേഹത്തെ ഗവൺമെൻറ് വിശ്വവിജ്ഞാനകോശം നിർമ്മിക്കുന്ന ചുമതല ഏൽപിച്ചു. പിന്നെ അവസാനം വരെയും ആ പദവിയിൽത്തന്നെ തുടർന്നു.

# 3

## കുടുംബജീവിതം

കൊല്ലവർഷം ആയിരത്തിഒരുനൂററിഏഴ് മിഥുനമാസം മൂന്നാംതീയതി (ക്രി. വ: 1932) കഥാനായകൻ ഗൃഹസ്ഥാശ്രമി ആയി. തിരുവനന്തപുരത്ത് വഴുതയ്ക്കാട്ട് കുമാരമംഗലത്ത് ശ്രീ നാഗൻപിള്ളയുടെ മകൾ ശ്രീമതി വിജയമ്മയാണ് ജീവിതസഖി. രൂപവും ശീലവും ഒന്നുപോലെ ആകർഷകം. പുകഴാർന്ന കുടുംബം. ഐശ്വര്യത്തിൻെറ വിളനിലം. അദ്ദേഹത്തിൻെറ തന്നെ ഭാഷയിൽ പറഞ്ഞാൽ 'നിറന്ന പൊൻതാമര മലരിൽ തുളുമ്പുന്ന നറുതേൻതുള്ളിയുടെ മാധുരീരസവും, 'വിടരും തോറുംമല്ലീമുകുളം തന്നിൽ പാറിപ്പടരുന്ന സമ്മോഹന സൗരഭസാരവും' 'പൂന്തിങ്കൾക്കലയിലുമതിൻമേൽ പൊൻപൊട്ടിട്ടു പൊന്തുന്ന താരത്തിലും തിരളുന്ന തേജസ്സും' നിറഞ്ഞതായിരുന്നു അവരിലങ്കുരിച്ച പ്രണയം. അത് മധുരതരവും, ഒരിക്കലും തിക്തമായ് തോന്നാത്തതും പാവനവുമായിരുന്നു. ശരത്കാലാകാശം പോലെയായിരുന്നു ആ ജീവിതം. എപ്പോഴും ശാന്തം; എപ്പോഴും സുന്ദരം. ഇന്ന് ആ ധർമ്മപത്നി ഓർക്കുന്നതിങ്ങനെയാണ്. "അദ്ദേഹം എന്നോടൊരിക്കലും ദ്വേഷം പൂണ്ടിട്ടില്ല. അദ്ദേഹത്തിന് ദ്വേഷപ്പെടാൻ അറിഞ്ഞുകൂടായിരുന്നു." ആ തേൻമാവിനു ചേർന്ന മാധവീലത.

ആർട്ട്സ് കോളേജിൽ ലക്ചററായിരിക്കുമ്പോഴാണ് വിവാഹം. അക്കാലത്ത് സ്നേഹിതൻമാരുമായി കുന്നുകുഴിയിൽ സാഹിത്യവിലാസം ബംഗ്ളാവിലായിരുന്നു താമസം. വിവാഹശേഷം അതേ ബംഗ്ളാവിൽത്തന്നെ കുടുംബജീവിതം ആരംഭിക്കാമെന്ന് അദ്ദേഹം കരുതി. വിവരം ഭാര്യയെ അറിയിക്കുകയും ചെയ്തു. വയസ്സു പതിനെട്ടു കഴിഞ്ഞുവെങ്കി

ലും അച്ഛനമ്മമാരെ പിരിഞ്ഞു താമസിക്കുവാൻ ആ സാദ്ധ്വിക്കു വിഷമം തോന്നി. ആ പെൺകിടാവിനെ അൽപവും വേദനിപ്പിക്കുവാൻ അദ്ദേഹത്തിനു മനസ്സുവന്നില്ല. ജ്യോതിഷത്തിൽ അതിരു കടന്ന ജ്ഞാനവും വിശ്വാസവും ഉള്ള കഥാനായകൻ ഒരു ശുഭദിനത്തിൽ സാഹിത്യവിലാസം ബംഗ്ളാവിൽ നിന്നും കുമാരമംഗലത്തേയ്ക്ക് താമസം മാററി.

കാലക്രമേണ ആ ദാമ്പത്യവല്ലരി പൂവണിഞ്ഞു. അവർക്ക് ഏഴു സന്താനങ്ങൾ ഉണ്ടായി. അഞ്ച് ആൺമക്കൾ. രണ്ടു പെൺകുഞ്ഞുങ്ങൾ ജനിച്ചുവെങ്കിലും അവരുടെ ആയുസ്സ് ഏതാനും ദിവസം മാത്രമായിരുന്നു. പെൺമക്കളില്ലാ എന്നതു മാത്രമാണ് ആ കുടുംബത്തിലെ കുറവ്.

അവരുടെ ജീവിതം കളകളം പാടിയൊഴുകുന്ന കുളിർനീരുറവ പോലെ മന്ദം മന്ദം ഒഴുകിക്കൊണ്ടിരുന്നു.

# 4

## സാഹിത്യസപര്യ

ശ്രീ പട്ടം താണുപിള്ള അവർകൾ കേരളത്തിലെ മുഖ്യമന്ത്രി. ഡാ: ബി. രാമകൃഷ്ണറാവു അവർകൾ ഗവർണർ പദവിയിൽനിന്നു വിരമിക്കുന്നതിനു മുൻപായി ടാഗൂർ ശതവാർഷികാഘോഷസമിതിയുടെ അദ്ധ്യക്ഷസ്ഥാനം മുഖ്യമന്ത്രിയെ ഏൽപിക്കുവാൻ രാജഭവനിൽകൂടിയ കമ്മററിയോഗം ഉത്തരപ്രദേശത്തിലെ ഗവർണറായി മാറിപ്പോകുന്ന ശ്രീ റാവുവിന് യാത്രാശംസയായി ശ്രീ ഗോപാലപിള്ള രചിച്ച സംസ്കൃതകവിത അവിടെ വായിക്കുകയുണ്ടായി. സന്ദർഭോചിതമായ ആശയങ്ങൾ കൊണ്ടും, സാരസ്യം വഴിഞ്ഞൊഴുകുന്ന രചനാചാതുരികൊണ്ടും അത്യന്തം ഹൃദയഹാരിയായിരുന്നു ആ കവിത. അതുകേട്ട് മുഖ്യമന്ത്രി അടുത്തുതന്നെ ഉണ്ടായിരുന്ന ശ്രീ ശൂരനാട്ടുകുഞ്ഞൻപിള്ളയോട് ഇങ്ങനെ ചോദിച്ചു. "ഇങ്ങനെ കഴിവുള്ളവർ എത്രയുണ്ട്?" "ഇല്ല. ഇങ്ങനെ കഴിവുള്ളവർ ഭാരതം മുഴുവൻ തിരഞ്ഞാലും വളരെ വിരളമാണ്." എന്നായിരുന്നു മറുപടി.

അമൃതനിഷ്യന്ദിയായ സാഹിത്യനിർഝരിയിൽ അനവരതം നീന്തിത്തുടിച്ചിരുന്ന ഒരു ഹൃദയം; അതിൽനിന്നും ഉയിർക്കൊണ്ട തൂലിക; ആ തൂലികത്തുമ്പിൽ സുന്ദരപദാവലികൾ വാരിധിയിലെ തിരമാലകൾപോലെ അണിയിട്ടു നിന്നിരുന്നു; അവയ്ക്കു രസസ്ഫൂർത്തി ചേർക്കുവാൻ അലങ്കാരങ്ങളും, അവ ഉൾക്കൊള്ളുന്ന ആശയങ്ങളോ പാരാവാരംപോലെ ഗംഭീരവും. വിജ്ഞാനവാരാന്നിധിയുടെ അത്യഗാധതയിൽ മുങ്ങിപ്പെറുക്കിയെടുത്ത അമൂല്യരത്നങ്ങൾതന്നെയായിരുന്നു ആ സാഹിത്യസൃഷ്ടികൾ; അല്ലാതെ കടലോരത്തുനിന്നു പെറുക്കിയെടുത്ത കക്കകളായിരുന്നില്ല.

ആ തൂലികത്തുമ്പിലൂടെ വന്ന ഓരോ അക്ഷരവും, ഓരോ വാക്കും, ഓരോ വാക്യവും സ്വധർമ്മനിർവ്വഹണത്തിൽ തികച്ചും നീതി പുലർത്തിയിട്ടുണ്ട്. അതിമനോഹരമാം വിധം പണിതെടുത്ത സ്വർണ്ണാഭരണത്തിൽ പതിച്ച നവരത്നങ്ങളായിരുന്നു അലങ്കാരങ്ങൾ. "മിതംച സാരംച വചോഹി വാഗ്മിതാ" എന്ന തത്വം അദ്ദേഹം കലാസൃഷ്ടിചെയ്യുമ്പോൾ അക്ഷരംപ്രതി പാലിച്ചിരുന്നതായി കാണാം.

ഇംഗ്ലീഷും, സംസ്കൃതവും, മലയാളവും ആ തൂലികയ്ക്ക് ഒന്നുപോലെ ഇണങ്ങി. ഗദ്യസരണിയിലും പദ്യസരണിയിലും ഒന്നുപോലെ സഞ്ചരിക്കുക ദുഷ്കരമാണ്; അതും അവിടേയ്ക്കു സുകരം തന്നെ. ആ തൂലിക സ്പർശിക്കാത്ത വിഷയങ്ങളില്ല. സാഹിത്യം, വേദാന്തം, ശാസ്ത്രം, ജ്യോതിഷം തുടങ്ങി വിജ്ഞാനത്തിന്റെ നാനാശാഖകളിലും ആ തൂലിക യഥേഷ്ടം വിഹരിച്ചു. പാശ്ചാത്യവും പൌരസ്ത്യവും പുരാതനവും ആധുനികവും ആയ എല്ലാ വിജ്ഞാന മണ്ഡലങ്ങളിലും ആ പ്രതിഭ പ്രകാശിച്ചു.

താൻ ചെയ്യുന്നതെന്തും പൂർണ്ണമായിരിക്കണം എന്നൊരു നിർബ്ബന്ധം എപ്പോഴും ഉണ്ടായിരുന്നു. ചുരുണ്ടിടതൂർന്ന കേശവും, ആകർഷകമായ വർണ്ണവും, വടിവൊത്ത നാസികയും, ധവളപ്രഭയാർന്ന ദന്തനിരയും എല്ലാം ചേർന്ന ആ സുന്ദരവദനം എപ്പോഴും മന്ദഹാസമധുരമായിരുന്നു; അതോടൊപ്പം ഉജ്ജ്വലവും. ശുഭ്രവസ്ത്രം; അടുക്കും ചിട്ടയുമുള്ള ജീവിതം എവിടെയും ഒരു പൂർണ്ണിമ. ആ വദനവും ആ ഹൃദയവും സുന്ദരമായിരുന്നു; അതുപോലെ തന്നെ ആ കലാസൃഷ്ടികളും. ഉൽകൃഷ്ടമായ ആശയം; കേൾക്കുന്ന മാത്രയിൽ ആശയം വ്യക്തമാക്കുന്ന വാക്കുകൾ, ആ വാക്കുകളുടെ സമഞ്ജസമായ സമന്വയം; അവയിൽ നിന്നുതിരുന്ന സംഗീതമേളം; എന്നുവേണ്ട ആ കാവ്യതല്ലജ

ങ്ങൾ അനുവാചകരെ ആനന്ദാനുഭൂതിയുടെ അത്യുന്നത മേഖലകളിലേയ്ക്കുയർത്തുവാൻ പോന്നവയായിരുന്നു.

ഇരുപത്തിനാലു മണിക്കൂർ മാത്രം ആയുസ്സുള്ള ദിനപ്പത്രങ്ങൾ തുടങ്ങി വാരിക, മാസിക, വാർഷികപ്പതിപ്പുകൾ ഇങ്ങനെ എല്ലാററിലും അദ്ദേഹത്തിന്റെ തൂലികാവിലാസമുണ്ടായിരുന്നു. പ്രബന്ധങ്ങളായ ഗ്രന്ഥങ്ങൾ രചിക്കുന്നതു പോലെയുള്ള ശ്രദ്ധയോടെ രചിച്ച ലേഖനങ്ങളും കവിതകളുമാണ് അവയെ അലങ്കരിച്ചിരുന്നത്.

സാംസ്കാരികരംഗത്ത് അദ്ദേഹം പ്രതിനിധാനം ചെയ്യാത്ത മണ്ഡലങ്ങളില്ല. ഭാരതഗവൺമെന്റിന്റെ സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, മലയാളമഹാനിഘണ്ടുവിന്റെ സമിതി, കേരള സാഹിത്യപരിഷത്ത് എന്നിങ്ങനെ എല്ലാ സാഹിത്യസാംസ്കാരിക സമിതികളിലും അദ്ദേഹത്തിനു പങ്കുണ്ടായിരുന്നു.

ഏതാണ്ട് നാല്പതു വർഷത്തോളം, ആ വാഗ്മിയുടെ സാഹിത്യരസം വഴിയുന്ന, നർമ്മരസം തുളുമ്പുന്ന, വിജ്ഞാനപ്രദങ്ങളായ പ്രഭാഷണങ്ങൾ കേരളത്തിലെ അന്തരീക്ഷത്തിൽ അലതല്ലിയിരുന്നു.

അദ്ദേഹത്തിന്റെ കൃതികളിലേയ്ക്ക് ഒന്നെത്തിനോക്കാം ഇംഗ്ലീഷിൽ മൂന്നു കൃതികൾ.

1 Skanda : The Alexander–Romance in India.

2 World Religions: A study.

3 Philosophy of Sanskrit Grammar.

**മലയാള കൃതികൾ**

ഗദ്യം

1. ശ്രീബുദ്ധദേവൻ
2. ലോകരഞ്ജനം
3. മാനവസംസ്കാരം
4. ചിന്താദീപം
5. കല്പനാശില്പം

പദ്യം.

1. പ്രേമസുഷമ (പരിഭാഷ ഇംഗ്ലീഷിൽ നിന്ന്)
2. ദിവ്യദർശനം
3. നവമുകുളം

പരിഭാഷ. (സംസ്കൃതം)

1. സീതാവിചാരലഹരി
2. പ്രേമസംഗീതം
3. ഗീതാഞ്ജലി

ആ കാവ്യലോകത്തിൽ പ്രവേശിച്ച് അതിന്റെ മണവും രുചിയും അനുഭവിച്ചറിഞ്ഞു മാത്രം കഥാനായകന്റെ യഥാർത്ഥരൂപവും ഭാവവും മനസ്സിലാക്കുകയാണ് ഉത്തമം.

# 5

## കഥാനായകനും കാളിദാസനും

കാളിദാസന്റെ കാവ്യശൈലിയിൽ നിന്ന് പ്രചോദനം ലഭിച്ച് രൂപംപൂണ്ടകവിതാസരണിയായിരുന്നു ശ്രീ ഗോപാലപിള്ളയുടേത്. കാളിദാസൻ (ചിന്താദീപം) എന്ന ലേഖനത്തിൽ കഥാനായകൻ പറയുന്നതു നോക്കുക:

"കാളിദാസൻ! സംസ്കാരസമ്പന്നനായ ഏതു ഭാരതീയനെയും അഭിമാനവും ആനന്ദവുംകൊണ്ട് പുളകംകൊള്ളിക്കുന്ന ചതുരക്ഷരി. ആയിരത്തഞ്ഞൂറു സംവൽസരങ്ങളായി സാഹിത്യവിഹായസ്സിൽ അക്ഷയതേജസ്സു ചിന്നി മിന്നിത്തിളങ്ങുന്ന കനകതാരം.

"ഏകദേശം ഇരുനൂറുകൊല്ലംമുമ്പ് ആ കവീശ്വരന്റെ ശാകുന്തളത്തിന്റെ വിവർത്തനം പാശ്ചാത്യ ഭാഷകളിൽ പ്രകാശിച്ചപ്പോഴാണല്ലോ കിരാതപ്രായരെന്നു പാശ്ചാത്യർ കരുതിവന്ന ഭാരതീയജനതയുടെ സംസ്കാരവും കലയും എല്ലാം ആദ്യമായി ആധുനികലോകത്തിന്റെ അദ്ഭുതാഭിനന്ദനങ്ങൾ ആവർജിച്ചത്.......ആ കവീന്ദ്രന്റെ മധുരസ്മരണയാണ്—കാളിദാസന്റെ പാവനനാമമാണ് വിശ്വവിശ്രുതരായ കവികളുടെ ഗണനയിൽ സഹൃദയഹൃദയത്തിൽ ആദ്യമായി ഉദയം ചെയ്യുന്നത്."

ആ കവികുലശ്രേഷ്ഠൻ കഥാനായകനെ എത്രകണ്ടാകർഷിച്ചിരുന്നു എന്നതിനും, അദ്ദേഹത്തിന്റെ കൃതികൾ എത്രത്തോളം പ്രചോദനം നൽകിയിരുന്നുവെന്നതിനും 'കാളിദാസൻ' (ചിന്താദീപം), 'കാളിദാസന്റെ ഉപമ' (കൽപനാശിൽപം) 'കാളിദാസകവിത' (ദിവ്യദർശനം) എന്നീ ലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

"കാളിദാസന്റെ വൈഭവം പ്രധാനമായും നിലകൊള്ളുന്നത് പ്രകൃതിയുമായി അനുരഞ്ജനവും താദാത്മ്യവും പ്രാപിക്കുന്നതിനുള്ള പ്രവണതയിലാണ്......

"അദ്ദേഹത്തിന്റെ കൃതികളിൽ" പ്രകൃതിയും മനുഷ്യനും മാത്രമല്ല, ഭൂമിയും സ്വർഗ്ഗവുംപോലും കവികല്പനയിൽ സംഗമിച്ച് നിത്യമൈത്രി പുലർത്തുന്നു......

"നറുതേൻ തുളുമ്പുന്ന പുതുപൂക്കളും കനികളും ഉതിരുന്ന പരിമളം കൊണ്ട് സുരഭിലമാണ് കാളിദാസകവിത.

"......ദുരിതത്തിലും ദുഃഖത്തിലും നിന്നു ശാന്തിയിലേയ്ക്കും സുഖത്തിലേയ്ക്കും, ഇരുളിൽ നിന്നു വെളിച്ചത്തിലേയ്ക്കും ഉള്ള സൻമാർഗ്ഗം പ്രദർശിപ്പിക്കുകയേ മഹാകവിയ്ക്കു കാരണീയമായിട്ടുള്ളൂ.'

ഈ ലേഖനത്തിൽ കാളിദാസന്റെ മാഹാത്മ്യങ്ങളെല്ലാം പറഞ്ഞിട്ടും കഥാനായകൻ തൃപ്തനായിട്ടില്ല. പിന്നെ കാളിദാസന്റെ ഉപമകളെപ്പററി പ്രത്യേകം ഉപന്യസിക്കുന്നു. (കൽപനാശിൽപം)

അലങ്കാരങ്ങൾക്ക് എല്ലാം ജീവനായുള്ളത് ഉപമയാണ്. *'ഉപമയാകുന്ന നർത്തകിതന്നെ വിചിത്രങ്ങളായ പല വേഷങ്ങൾ അണിഞ്ഞു കാവ്യരംഗത്തിൽ നൃത്തം ചെയ്ത് സഹൃദയഹൃദയങ്ങളെ ആകർഷിക്കുന്നു'വെന്ന അപ്പയ്യാദീക്ഷിതരുടെ പ്രസ്താവത്തിനു കാളിദാസകവിത ഉത്തമദൃഷ്ടാന്തമെന്നാണ് കഥാപുരുഷന്റെ പക്ഷം.

കാളിദാസന്റെ ഉപമയ്ക്കുള്ള ഉപകരണങ്ങൾ എന്തെല്ലാമാണെന്നു നോക്കൂ!

"തന്റെ ചുററും കണ്ട പ്രപഞ്ചം മുഴുവൻ വൃക്ഷങ്ങളും, ലതകളും, പക്ഷികളും, മൃഗങ്ങളും, മലകളും പുഴകളും, സരസ്സുകളും സമുദ്രങ്ങളും, നക്ഷത്രങ്ങളും ഗ്രഹങ്ങളും, സൂര്യനും ചന്ദ്രനും, തളിരും പൂവും കായും, വണ്ടും

* ചിത്രമീമാംസാ—"ഉപമൈകാ ശൈലൂഷീ" എന്ന പദ്യം.

തങ്ങളും ആമ്പലും, പെൺകുട്ടികളും കുട്ടികളും, വീരൻമാരും വിഡ്ഢികളും, ഋഷികളും ദേവതകളും, പ്രകൃതിയും മനുഷ്യനും, മനുഷ്യൻെറ ശാസ്ത്രങ്ങളും കലകളും വിജ്ഞാനവിഭവങ്ങളും എല്ലാം ആ മഹാപ്രതിഭൻെറ വീക്ഷണത്തിന്നു വിഷയമാകുന്നു.

"കാളിദാസൻെറ ഉപമകൾക്കു മകുടം ചാർത്തുന്നതായി പ്രാചീനസഹൃദയൻമാർ സങ്കൽപിച്ചത് ഒരു തരുണിയെ രാത്രിയിൽ സഞ്ചരിക്കുന്ന ദീപശിഖയോട് ഉപമിച്ചതാണ്."

പിന്നെ കാളിദാസൻെറ ഉപമകളെ ഒന്നൊന്നായി അണിനിരത്തുകയായി. കാളിദാസൻെറ കാവ്യത്തിലുടനീളം സഞ്ചരിച്ച് അതിൻെറ ആസ്വാദ്യതയുടെ മണവും രുചിയും, ഉപമകളുടെ അദ്ഭുതാവഹമായ സ്വാരസ്യവും അനുവാചകന്, അനുഭവിച്ചറിയുവാനുതകുന്ന വിധത്തിലാണ് ഈ ലേഖനങ്ങളുടെ രചന.

പിന്നെയോ, ആ കാവ്യരസം വേണ്ടുവോളമാസ്വദിച്ചപ്പോഴുണ്ടായ അലൗകികാനന്ദത്തിൽ നിന്നും ഉടലാർന്നതാണ് 'കാളിദാസകവിത.' ആ കവിതയിൽ

"ഹിമഗിരിതടങ്ങളിൽ ദേവതാരുക്കൾ തൻ-
തളിരുകളൊടിഞ്ഞുറിയൊലുന്ന പാലിലും
പുതിയ മുകിൽ കണ്ടു മദമാണ്ടു മയിലാടുന്ന
ഗൗരീശിഖരത്തിലർദ്ധ്വാനയനയായ്
കഠിനതപമാളുന്ന നഗരാജകന്യ"യെ

നമുക്കു കാണാം.

"ഉദിതരുചിയുജ്ജയിനി തങ്ങും മഹാകാല-
ദേവാലയത്തിലെസ്സന്ധ്യാർച്ചനങ്ങളിൽ"

നടനമിടുന്ന തരുണിമാരുടെ താളമേളങ്ങൾ നാം കേൾക്കുന്നു അതാ വീണ്ടുമൊരു ചിത്രം.

"ഹിമ ശിഖരി പാദത്തിലൊഴുകുന്ന മാലിനീ-
വാഹിനിതൻ ചാരു തീരത്തിലങ്ങനെ
കലയുടയകൊമ്പിൻെറ തുമ്പത്തിടത്തുകൺ-
മുനചൊറിയുവാൻ തങ്ങി നിൽക്കുന്ന പേടയും
അരികിലൊരു തരുവിൻെറ തണലിൽനവമാലികാ-
കുസുമങ്ങളൊട്ടൊട്ടടർന്നുവീഴുന്നതാം
പുരികുഴലഴിഞ്ഞഴകിലനുരാഗരമ്യയായ്
നിലകൊള്ളുമോമൽ തപോവനകന്യയും."

'ഹിമവാൻെറ പാദത്തിലൊഴുകുന്ന മാലിനീനദി. അതിൻെറ തീരത്ത് കലയുടെ കൊമ്പിൻെറ തുമ്പത്ത് ഇടത്തു കൺമുന ചൊറിഞ്ഞു കൊണ്ടുനിൽക്കുന്ന മാൻപേട, അരുകിലെ മരത്തണൽ, അവിടെ നവമാലികാപുഷ്പങ്ങൾ, ഇടയ്ക്കിടെ ഉതിർന്നു വീഴുന്ന പുരികുഴലഴിച്ചിട്ട് അനുരാഗരമ്യയായി തപോവന കന്യക, ശകുന്തള അതാ അവിടെ നിൽക്കുന്നു.'

എത്ര മനോഹരമാണ്, എത്ര സജീവമാണ് അനുരാഗലോലയായ ശകുന്തളയുടെ ചിത്രം.

അവനിയും സുരവനിയും ആ കാവ്യപ്രപഞ്ചത്തിൽ ഒന്നിച്ചു കൂടുന്നു. എന്നും ശരത്തും വസന്തവും അവിടെ വിളയാടുന്നു എന്നാണ് കവി പറയുന്നത്.

കാളിദാസകവിതയുടെ നടനമേളം ആ വരികളിലൂടെ നമുക്കും കേൾക്കാം.

"തളിരൊളി കിളർന്നൊരു സുന്ദരോഷസ്സിൻെറ
കിരണതതി മിഴികളിലിതേയൊഴുകി വീഴുന്നു.
കള ധ്വനിത കിങ്കിണികളകലെക്കിലുങ്ങുന്ന
കള കള മിതേ, കാതിലിളകി വർന്നീടുന്നു.
... ... ... ... ... ... ... ... ... ... ... ...
കരളുമുയിരും കുളിരുമാറുനീയെൻ മുന്നി-
ലെഴുനള്ളിയോ വിശാലാവണ്യദേവതേ!

ആ ലാവണ്യദേവത അനുവാചകൻെറ മുൻപിൽ നിന്നു നൃത്തം ചവിട്ടും; അയാളുടെ കരളും, ആത്മാവും കുളിരണിയുകയും ചെയ്യും; ഈ കവിതയെ അടുത്തറിയുമ്പോൾ.

"ആഹാ മഹാ ഭാഗ്യവാൻ ഞാൻ, മഹാദേവി,
ആരാധ്യനീ കാളിദാസകവിത താൻ
തവ മധുര മൃദുല ഹാസാങ്കുരം ദേവി,
ഒരു നാളുമെന്നുള്ളിൽ മായാതിരിക്കണേ!
മറയരുതു മറയരുതൊരിക്കലും ദേവി, നീ
പരമരസദായികേ! മന്മനോനായികേ!"

ആങ്ങനെ 'കാളിദാസകവിത' യാകുന്ന ദേവിയെയും ആ ദേവിയുടെ പാദപത്മങ്ങളിൽ സാഷ്ടാംഗം പ്രണമിക്കുന്ന കവിയെയും നാമവിടെക്കാണുന്നു.

## 6

# ആശാൻ കവിതയോട്

ആശാൻ കവിതയുമായി കഥാനായകൻ സുദൃഢമായ മൈത്രീബന്ധം പുലർത്തിയിരുന്നുവെന്നതിനുള്ള തെളിവുകളാണ് "ആശാന്റെ കാവ്യശൈലി", "ലീല", "കരുണയിലെ കവനപാടവം" എന്നീ ലേഖനങ്ങൾ. ഇവയിൽ ആദ്യത്തേത് 'ചിന്താദീപം' എന്ന ഗ്രന്ഥത്തിലും, രണ്ടും മൂന്നും കൽപനാശിൽപത്തിലുമാണ് ചേർത്തിട്ടുള്ളത്.

"ആശയഗതിയിലും ശൈലിയിലും ആകൃതിയിലും ഇതരഭിന്നവും നൂതനവുമായ ഒരു സുഷമാവിശേഷമാണ് ആശാന്റെ കാവ്യങ്ങളിൽ നാം കാണുന്നത്. ആ പുതുമ പഴകുംതോറും പുതുമയേറിയ മധുരിമയാർന്നു നമ്മെ രസിപ്പിക്കുന്നു. അത് സ്വാദനവേളയിൽ പെട്ടെന്നുയർന്ന് വീണ്ടും സ്വദിക്കുമ്പോൾ മങ്ങിമറയുന്ന മാധുര്യമല്ല; പ്രതിക്ഷണ വികസ്വരമായ ഒരു രുചിരതയാണ്. ഈ കലാവൈഭവം ആശാന്റെ കൃതികളിൽ അനുക്രമമായി പരിപാകം എത്തുന്നതു സൂക്ഷ്മപരിശോധനയിൽ നമുക്കു കാണാൻ കഴിയും."

ഇതാണ് ആശാൻ കവിതയെപ്പററി കഥാനായകന്റെ അഭിപ്രായം. ഈ അഭിപ്രായം സാധൂകരിക്കുന്നതാണ് ലേഖനത്തിന്റെ മററു ഭാഗങ്ങൾ.

ആശാന്റെ വീണപൂവിനെപ്പററി പറയുന്നതു നോക്കുക. "…. അതിന്റെ ആകൃതിയും അന്തസ്സാരവും ആകർഷകമായിത്തന്നെ അനുഭവപ്പെട്ടു. പുതുമയാണെങ്കിൽ അതിലും ഉണ്ടായിരുന്നു ഏതോ ഒരു വ്യതിയാനം അവിടെയും ദൃശ്യമായിരുന്നു. പക്ഷേ, ആ പുതുമ പഴമയിൽ പൊതിഞ്ഞിരുന്നു. …. ആശാന്റെ ആ രചനാവിശേഷത്തെ അതിശയി

ക്കാൻ ഒരു പ്രാചീനശൈലിയുടെ സൌമ്യഗരിമയ്ക്കും സാധ്യമല്ലല്ലോ.”

നളിനിയിലാണെങ്കിലോ “ഇത്ര അയത്നസുന്ദരമായ കവിതാശൈലി അന്നുവരെ വിരളമായിരുന്നു. ... അകൃത്രിമമായ കവിതാശൈലി സ്വായത്തമാക്കിയിരുന്ന ആ കവിവര്യന്റെ കലാസിദ്ധിയുടെ ആദിമുകുളങ്ങൾ” ആണ് “വീണപൂവും” “നളിനി”യും. “ഇതേ ശൈലിയുടെ അസുലഭമായ സുരഭിലതതന്നെയാണ് ലീലയിലും ആസ്വാദ്യമാകുന്നത്.

മറെറാരിടത്തു പറയുന്നതു നോക്കൂ: “പദങ്ങൾ എല്ലാം —സംസ്കൃതവും മലയാളവും — യഥോചിതം വന്നു നിരന്നുകൊള്ളും. അങ്ങനെയുള്ള ഒരു സമരഞ്ജന സ്വാരസ്യം— അകൃത്രിമ രമണീയമായ പദവിന്യാസരസികത — “ചിന്താവിഷ്ടയായസീത”യുടെ ഉൽക്കർഷത്തിനു മാററു കുട്ടുന്നുണ്ട്. ‘സീതയിലെപ്പോലെ ഇത്ര ആശയനിർഭരവും ആപാതരമണീയവുമായ ശൈലി മലയാളത്തിൽ മറെറാരു കവിതയിലും കാണുന്നില്ലെന്നു സഹൃദയൻമാർ സമ്മതിക്കും.”

“പരിപക്വമായ കാവ്യകലാകൌശലം പരമകോടിയിൽ എത്തിനിൽക്കുന്നതു “കരുണ”യിൽ കാണാം. കാവ്യദേവതയുടെ കാൽച്ചിലമ്പു കിലുങ്ങുന്ന കളകളം ‘കരുണ’യിൽ കേൾക്കാം. രസാനുഗുണമായ ശബ്ദഘടനയുടെ മാധുര്യം നുകരാം. ആ സർവ്വാംഗീണമായ സൌന്ദര്യത്തിന്റെ ഉള്ളിൽ അടി കാണാത്ത അഗാധത അനുഭവപ്പെടും.

“ഉദ്ദീപ്തമായ അന്തഃസൌന്ദര്യത്തിനുചേർന്ന അകൃത്രിമമായ ബാഹ്യശോഭ ഇത്രത്തോളം ഒത്തിണങ്ങിയ കവിതകൾ മലയാളഭാഷയിൽ വിരളമാണ്.”

ഇതൊക്കെയാണ് ആശാന്റെ കാവ്യശൈലിയെപ്പററി ആ ആസ്വാദകന് പറയുവാനുള്ളത്.

ആശാന്റെ ലീലയെപ്പററി ഒരു പ്രത്യേക പ്രബന്ധം തന്നെ രചിച്ചിരിക്കുകയാണ് കഥാനായകൻ. ആ പ്രബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക:

"കേവലം ഒരു കഥയെന്ന രീതിയിൽ ഈ കൃതിക്ക് വലിയവൈശിഷ്ട്യമൊന്നുമില്ലെന്നു സ്പഷ്ടമാണ്. അസ്വാഭാവികത്വം എന്ന ദോഷം ഇതിൽ ആരോപ്യമാണ്....... അസ്വാഭാവികങ്ങളായ യഥാർത്ഥ സംഭവങ്ങൾ ലോകത്തിൽ വിരളമല്ല. ... അനന്യസാമാന്യങ്ങളായ രംഗങ്ങളെ സർവ്വസാധാരണമെന്നും, സർവ്വസാധാരണങ്ങളെ അനിതരസാധാരണമെന്നും തോന്നുമാറു പ്രദർശിപ്പിക്കുന്ന ഇന്ദ്രജാലവിദ്യയല്ലേ വിശിഷ്ടമായ കവിമർമ്മം? ആ വിദ്യ മഹാകവി കുമാരനാശാൻ മനോഹരമായി പ്രദർശിപ്പിക്കുന്നു.

ജീവിത വിമർശമധുരങ്ങളും തത്ത്വനിരീക്ഷണ സുരഭിലങ്ങളുമായ പദ്യകുസുമങ്ങൾ ഈ കാവ്യലതികയിൽ നിറഞ്ഞുകാണാം.

"പ്രണയത്തിൻെറ നിത്യത, ഗഹനത, ആന്തരാത്മികത, ചാരിത്ര്യത്തിൻെറ പവിത്രത, വിധിയുടെ ദുർഗ്ഗതി, മൃതിയുടെ നികടസ്ഥിതി, ജീവിതത്തിൻെറ ദുരിതദന്തുരിതത്വം എന്നിവ ആശാൻെറ കൃതികളിൽ നമ്മെ അനുപദം തുറിച്ചുനോക്കുന്ന ജീവിതവസ്തുതകളാണ്.... ജീവിതഭുജഗത്തിൻെറ ഫണമാണിക്യമായ സത്യവും ശാന്തിയും തിരഞ്ഞ് ആ മഹാകവി വിരഞ്ഞിരുന്നു നൈസർഗ്ഗികമായ പ്രതിഭയും ബഹുനിർമ്മലമായ ശ്രുതവും ആശാനെ അനുഗ്രഹിച്ചിരുന്നു. വിശ്രുതങ്ങളായ സംസ്കൃതകവിവാക്യങ്ങളുടെ സൌരഭ്യം മഹാകവിയുടെ കൃതികളിൽ സർവ്വത്ര പ്രസരിച്ചുകാണാം......."

"ഗഹനങ്ങളായ അന്തഃകരണ രഹസ്യങ്ങളെ ലളിത രീതിയിൽ പ്രതിപാദിക്കുന്നതിൽ ആശാൻ പ്രശംസാവഹമായ വൈചക്ഷണ്യം പ്രദർശിപ്പിക്കുന്നുണ്ട്"

"കരുണയിലെ കവനപാടവ" ത്തെപ്പററി ശ്രീ പിള്ള പറയുന്നതെന്താണെന്നു നോക്കാം.

"........നാടോടി വഞ്ചിപ്പാട്ടിനു ഒരു നവരൂപം നല്കിയാണ് കവി പ്രയോഗിക്കുന്നത്........സന്ദർഭരസികതയ്ക്കു

അനുരൂപമായ വിധത്തിൽ രൂപഭേദം വരുത്തിയതാണ്....ആ പഴയ വൃത്തത്തിനു ഇതിവൃത്താനുരൂപമായ നവതേജസ്സും ഓജസ്സും പ്രദാനംചെയ്യുന്ന മാന്ത്രികശക്തിയാണ് കവി പ്രദർശിപ്പിക്കുന്നത്."

ഇത്രയും 'കരുണ'യിലെ വൃത്തത്തിന്റെ അനുയോജ്യതയെപ്പററിയാണ്. ഇനിയും കവിത ഉൾക്കൊള്ളുന്ന ആദർശങ്ങളെപ്പററിയാണ് നിരൂപകൻ പറയുന്നത്.

"ദുരാചാരങ്ങളോടും അനാചാരങ്ങളോടും അധർമ്മത്തോടുമുള്ള ഒതുങ്ങാത്ത അമർഷവും വെല്ലുവിളിയുമാണ് ആശാന്റെ കവിതകളിൽ കേൾക്കുന്നത്. ആ സമരകാഹളത്തിന്റെ മങ്ങാത്ത മാറെറാലിയാണ് കരുണയിൽ മുഴങ്ങുന്നതും."

അതുമാത്രമല്ല "സന്ദർഭാനുഗുണമായ രചനാരീതിയും അലങ്കാരചാരുതയും ഈ കവിതയിൽ എവിടെയും കാണാം. വാരസുന്ദരിയെ വർണ്ണിക്കുന്ന ആദ്യഭാഗത്തു വാരിക്കോരി വിതറുന്ന ബാഹ്യാലങ്കാരധോരണി. അതിന്റെ ഉടപ്പിറപ്പാണ് വർത്തകനെ വർണ്ണിക്കാൻ പ്രയോഗിച്ച ശൈലീകോലാഹലം. മറെറാന്നാണ് അനന്തര രംഗങ്ങളിലെ പരിപാകപ്രമായ രീതിവിശേഷം. മിതവും ഉചിതവും വ്യംഗ്യമധുരവുമായ ആ ശൈലി ആശാനുമാത്രം സ്വായത്തമാണ്."

കരുണയെപ്പററി കഥാനായകന്റെ വിലയിരുത്തൽ നോക്കുക.—"ജീവിതയാഥാർത്ഥ്യങ്ങളുടെ ആഴത്തിലിറങ്ങി അവിടെ അടിഞ്ഞുകിടക്കുന്ന നറുമുത്തുകൾവാരി ആശാൻ കോർത്ത വാർമാലകൾ കൈരളീവക്ഷസ്സിൽ കോൾമയിർ ചാർത്തും."

# 7

## പരിഭാഷകൾ

മൗലിക കൃതികൾ നിർമ്മിക്കുന്നതിനെക്കാൾ പ്രയാസമാണ് അന്യകൃതികൾ പരിഭാഷപ്പെടുത്തുക. ഒരു പദത്തിന് എല്ലാ രീതിയിലും സമാനമായ മറെറാരു പദം മറെറാരു ഭാഷയിൽ കിട്ടിയെന്നുവരില്ല. വിവർത്തകൻ അതിപ്രഗല്ഭനാണെങ്കിൽ മാത്രമേ മൂലകൃതിയുടെ സൗഷ്ഠവം ചോർന്നുപോകാതെ മറെറാരു ഭാഷയിലേയ്ക്കു പകർന്നുകൊടുക്കുവാൻ സാധ്യമാവുകയുള്ളൂ. നമ്മുടെ ഭാഷയിൽ വിവർത്തകരെന്ന നിലയിൽ ശ്രീ ഗോപാലപിള്ളയുടെ കാലത്തിനു മുൻപു ശ്ലാഘ്യൻമാരായിത്തീർന്നിട്ടുള്ളവരാണ് ഏ. ആർ. രാജരാജവർമ്മയും, ചാത്തുക്കുട്ടിമന്നാടിയാരും. മൂലകൃതിയുമായി താദാത്മ്യം പ്രാപിച്ച ഒരു യഥാർത്ഥകവിയുടെ ഹൃദയാന്തർഭാഗത്തുനിന്നൊഴുകിയ സരസ്വതീപ്രവാഹം തന്നെയായിരുന്നു കഥാനായകൻെറ പരിഭാഷകൾ. തേനിൻെറ മാധുര്യം പറഞ്ഞതുകൊണ്ടായില്ല. അതു രുചിച്ചുതന്നെ അറിയേണ്ടതാണ്. അതുപോലെ വിവർത്തനങ്ങളുടെ ആസ്വാദ്യതയും അനുഭവിച്ചറിയേണ്ടതാണ്.

കഥാനായകൻ ഇംഗ്ലീഷ് കവിതകൾ മലയാളത്തിലേയ്ക്കു കൊണ്ടുവന്നിട്ടുണ്ട്. ‘പ്രേമസുഷമ എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കവിതകൾ എല്ലാം ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളവയാണ്. ആ കവിതകൾ ഇംഗ്ലീഷിൽ രചിച്ചത് കഥാനായകൻെറ സുഹൃത്തായ ഡാ: ത്രിവിക്രമൻതമ്പിയാണ്. ഇന്നോളം അത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. അതുകൊണ്ട് ഒരു താരതമ്യ പഠനത്തിന് അവ

സരമില്ല. എങ്കിലും "പരമസുന്ദരമായ ഒരു സാരസ്വത നിർഝരം" എന്നാണ് ആ പ്രേമസമാഹാരത്തെ പ്രൊഫസർ ജി. വൈദ്യനാഥയ്യർ വിശേഷിപ്പിക്കുന്നത്.

'പ്രേമസുഷമ'യിലെ "ഒരു മോഹനചിത്രം" എന്ന കവിതയുടെ ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്.

"തവമോഹനചിത്രം മൃദുപവമാനനിലെഴുതീടുവ-
നിവനോ സുമനോരഞ്ജകനാം രഞ്ജകനല്ലേ!
ജ്വലനാഞ്ചലപരിചഞ്ചലമാം കാഞ്ചനഭാസ്സാലിവ-
നമലം ഭവദീയാകൃതിസരസം വിരചിക്കും.
പവിഴത്തിലെഴും പാടലലളിതദ്യുതിയാലെപരി-
മൃദുലം തവരദനാംബരമെഴുതീടുവനീ ഞാൻ.
സ്ഫുടതാരകനികരസ്രുതതരളദ്യുതിയാൽ ഞാൻ.
തവചഞ്ചലതരതാരകനയനാഭരചിക്കും.
അരുമക്കിശുവിൻ ചാരുതരോഷ്ഠങ്ങളിലിളകും
മൃദുപുഞ്ചിരിയാൽ നിൻമുഖ പരമാഭതെളിക്കും.
സിതകൈരവകുസുമങ്ങളിലൊഴുകും ധവളിമയാ-
ലഴകാളിന ഭവദംബരമെഴുതീടുവ നീ ഞാൻ."

പ്രേമാരാധകനായ കവി പ്രപഞ്ചത്തിലെ സുന്ദരവസ്തുക്കളെ കൂട്ടിയിണക്കി തന്റെ ഹൃദയവല്ലഭയുടെ ഒരു മോഹനചിത്രം വിരചിക്കുമെന്നു പ്രതിജ്ഞചെയ്യുകയാണിവിടെ. ഇതു വായിക്കുമ്പോൾ ഇതു പരിഭാഷയെന്നറിയാത്തിടത്തോളംകാലം മൂലകൃതിയെന്നുതന്നെ വിചാരിക്കും. അത്ര കണ്ട് സുന്ദരമാണ് ആ പദാവലികളും, അവയുടെ മേളനവും, അതിലൂറുന്ന രസവും.

നവമുകുളത്തിൽ ചേർത്തിട്ടുള്ള "പരമാനന്ദം" എന്ന കവിത ടാഗൂറിന്റെ 'Fruit Gathering' എന്ന കവിതാസമാഹാരത്തിലുള്ള ഒരു ഭാവഗീതത്തിന്റെ തർജ്ജമയാണ്.
മൂലകൃതിയുടെ ഒരു ഇംഗ്ലീഷു പരിഭാഷയുടെ ഭാഗം താഴെ കൊടുക്കുന്നു:—

"The stars rock upon them, thoughts of every, tint are cast up out of the deep and scattered on the beach of life. Birth and death rise and fall with their rhythm, and the sea-gull of my heart spreads its wings crying in delight."

ഇതിൻെറ തർജ്ജമയാണ് ചുവടെ ചേർക്കുന്നത്.

"താരകനികരം തിരമാലകൾമേ-
ലാലോലാന്ദോളനമാളുന്നു.
നാനാവർണ്ണവിചിത്ര വിചിന്തക-
ളടിയിലടിഞ്ഞുകിടന്നവയെല്ലാം
ജീവിത ജലനിധിതീരത്തിങ്കൽ
ചിതറിത്തെരുതെരെ വിതറീടുന്നു.
അവയുടെ താളത്തിൽ താൻ ജനിയും
മൃതിയുമുദിച്ചു പതിച്ചീടുന്നു.
പത്രപുടങ്ങൾ വിടർത്തുകിളർന്നെൻ-
ഹൃത്താകുന്നപയോധിപതംഗം.
പരമാനന്ദത്തള്ളലിലങ്ങനെ
പരവശനായി ക്കൂവീടുന്നു."

ടാഗൂർ ഈ കൃതിയിൽ ആവിഷ്കരിച്ചിട്ടുള്ള അസുലഭാനുഭൂതിയെ അതേ ഭാവത്തിൽതന്നെ ആവിഷ്കരിക്കുവാൻ വിവർത്തകനു കഴിഞ്ഞു. ഉചിതമായ വൃത്തം, പദങ്ങളുടെ അയത്നലളിതമായ പ്രവാഹം, ആശയം അതേ മാററിൽ തന്നെ പകർത്തുകയും. മൂലഗ്രന്ഥകാരൻെറ അനുഭൂതിയോട് താദാത്മ്യം പ്രാപിച്ചാൽ മാത്രമേ, തൽക്കർത്താവിനോടൊപ്പമായ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നാൽ മാത്രമേ 'പുളകോദ്ഗമകാരിയായ ഈ വചഃപ്രസരം ഉണ്ടാവുകയുള്ളൂ.

ഇനിയും സംസ്കൃത പരിഭാഷകളാണുള്ളത്. ആശാൻെറ 'സീതാവിചാരലഹരി'യാണദ്ദേഹം ആദ്യമായ്

സംസ്കൃതത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയത്. വാല്മീകിയുടെ 'ഉത്തരരാമായണ'ത്തിലെ സീതാനിർവാസ കഥയാണ് വിഷയം 192 പദ്യങ്ങളുള്ള ഈ കൃതിയുടെ അവസാനത്തെ മൂന്നുപദ്യങ്ങളൊഴികെ എല്ലാം വിപ്രലംഭരസത്തിന് ഏററവും യോജിച്ച 'വിയോഗിനി' വൃത്തത്തിലാണ് കുമാരനാശാൻ രചിച്ചിട്ടുള്ളത്. അവസാനത്തെ മൂന്നു പദ്യങ്ങൾക്ക് യഥാക്രമം വസന്തതിലകം, മാലിനി, ശാദൂർലവിക്രീഡിതം എന്നീ വൃത്തങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. പരിഭാഷകൻ ഇതിന് അൽപവും മാററം വരുത്തിയിട്ടില്ല. മൂലകൃതിയുടെ അതേ വൃത്തത്തിൽതന്നെ പരിഭാഷയും രചിക്കുന്നതിനു അസാധാരണമായ സരസ്വതീപ്രസാദം ലഭിച്ച ഒരാൾക്ക് മാത്രമേ സാധിക്കുകയുള്ളൂ. ആ വിവർത്തനത്തിന്റെ രസവു അൽപം ആസ്വദിക്കാം.

**മൂലം.**

സുതർ മാമുനിയോടയോധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്തവഹിച്ചു സീതപോയ്
സ്ഥിതിചെയ്താളുടജാന്തവാടിയിൽ

പരിഭാഷ.

സുതയോർഗതയോർ മഹർഷിണാ
സഹ.സാകേതപുരീം ദിനാത്യയേ
ഉടജോപവനേ സ്ഥിതൈകദാ
ബഹുചിന്താമഥിതാഹി മൈഥിലീ!.

രവിപോയിമറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല, പോ—
ന്നവിടെത്താൻ തനിയേയിരിപ്പതും.

അപി ചാസ്തമയം വിവസ്വതോ
ജഗതശ്ചന്ദ്രികയാഭിപൂരണം!.
സ്ഥിതമേവവിവിക്തമാത്മനോ
നഹിസസ്മാരവസുന്ധരേശ്വരി ॥.

മൂലം

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ.
ഇളകും വനരാജി, വെണ്ണിലാ-
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ്.

പരിഭാഷ

"പുളകാൻ കുമുദൈ: സ്ഫുടം ദ്രുമേ
തമസാഗന്ധവഹേന തന്വതാ ।
ചലിതാവനരാജി രാബഭൗ
കളധൗതശ്രിയ മൈന്ദവാർചിഷാ ॥

മൂലം.

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ
പൊഴിയും തരു പത്രമാകവേ
വഴിയേ പല്ലവമാർന്നു പൂത്തിടും.

പരിഭാഷ.

"അപയാതി ച താപദസ്തപോ
ഭുവി വർഷാ: സ്ഫുരതാനുവൽസരം
അപി മുഞ്ചതി പത്രകം തരു:
ക്രമശ: പല്ലവതി പ്രപുഷ്പതി."

മൂലം

സസുഖം ഭവ ദങ്കശയ്യമേൽ
വസുധയങ്ങനെ ഞാൻ രമിച്ചിടും
സുസുഷുപ്തിയിൽ അല്ലയല്ലയെൻ
പ്രസുവേ കുൾച്ചിയുണർന്നു പൊങ്ങിടും.

പരിഭാഷ.

"വസുധേ ഭവഭങ്കതൽപകേ
പരിരന്താസ്മി സുഷുപ്തി നിർവൃതാ
നഹിനഹ്യധവാ മമാംബികാം
പ്രണിപാത്യോത് പതിതാസ്മ്യുപര്യഹം"

ഈ വിവർത്തനത്തെ അവതരിപ്പിച്ചുകൊണ്ട് മഹാകവി ഉള്ളൂർ പറഞ്ഞ അഭിപ്രായം ശ്രദ്ധേയമാണ്. "പരിഭാഷകന് മൂലകൃതിയുടെ ജീവൻ പൂർണ്ണമായി ഉൾക്കൊള്ളുവാനും അതിലന്തർഭവിച്ചിരിക്കുന്ന മഹനീയതത്വങ്ങൾ സുലളിതമായ ഭാഷയിൽ പകർത്തുവാനും കഴിഞ്ഞു."

മഹാകവി ഉള്ളൂരിന്റെ "പ്രേമസംഗീത"വും ശ്രീപിള്ള സംസ്കൃതത്തിലേയ്ക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ആ വിവർത്തനവും വിദ്വത്‌ലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുള്ളതാണ്.

ഉദാഹരണം ചേർക്കുന്നു:—

മൂലം.

"വേഷമെനിയ്ക്കെന്തെന്നു വിധിപ്പതു
വിഭോ ഭവച്ചിത്തം
വിശ്വപ്രിയമായ് നടനം ചെയ്‌വതു
വിധേയനെൻ കൃത്യം"

തർജ്ജമ.

"യോയോഭവേദ്, വേഷവിധിർമമേതി
വിഭുർഭവാനേവ വിധിം വിധത്താം
വിശ്വപ്രിയം തന്നടനം വിധാതും
സദൈവ ദേവാസ്മി ഭവദ് വിധേയ:"

മൂലം

പരസുഖമേ സുഖമെനിക്കു നിയതം
പരദുഃഖം ദുഃഖം
പരമാർത്ഥത്തിൽ പരനും ഞാനും
ഭവാനുമൊന്നല്ലീ?

ഭവാനധീനം പരമെന്നുടലും
പ്രാണനും; അവരണ്ടും
പരാർത്ഥമാക്കുക പകലും രാവും
പ്രഭോ, നമസ്കാരം.!

പരിഭാഷ.

സുഖം പരേഷാം നിയതം സുഖം മേ
ദുഃഖം മദീയം പരദുഃഖമേവ |
അഹംപരോ വാ പരപുരുഷോ വാ
ഭവാൻ ബതൈക: പരമാർത്ഥതോഽസ്തി ||
ഭവദായത്തേ ഭവതോ നിത്യം
മമ ജീവശ്ച ശരീരം സത്യം
ഇതരാർത്ഥം തത്കുരുഭോ നക്തം
ദിവമുഭയം ച നമോഽസ്തുനമസ്തേ ||

ഇനിയും 'ഗീതാഞ്ജലി'യുടെ തർജ്ജമയിലേയ്ക്കു കടക്കാം. വിശ്വവിശ്രുതമായ ഗീതാഞ്ജലിയാണ് ടാഗൂറിന് നോബൽസമ്മാനം നേടിക്കൊടുത്തത്.

ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ളയാണ് പ്രസ്തുതകൃതി സംസ്കൃതത്തിലേയ്ക്ക് പരിഭാഷപ്പെടുത്തണമെന്ന് ആദ്യമായി കഥാനായകനോടു പറഞ്ഞത്. ഒരിക്കൽ കേന്ദ്രസാഹിത്യഅക്കാദമിക്കു പോയിട്ട് ഇരുവരും ഡൽഹിയിൽ നിന്നും മടങ്ങുകയായിരുന്നു. മടക്കയാത്രയിൽ സംസാരമധ്യേ ലോകപ്രശസ്തമായ 'ഗീതാഞ്ജലി' സംസ്കൃതത്തിലേയ്ക്ക് പരിഭാഷപ്പെടുത്തണമെന്നും ആ വഴിക്കുള്ള പ്രയത്നം ഭാരതീയർക്കാകമാനം അഭിമാനകരവും കവിക്ക് സൽകീർത്തിക്ക് നിദാനവും ആയി ഭവിക്കുമെന്നും സ്നേഹിതൻ അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തെ സ്മരപുരുഷൻ മുഖവിലയ്ക്കുതന്നെ എടുക്കുകയും ചെയ്തു. കാലതാമസമെന്യേ അദ്ദേഹത്തിന്റെ ശ്രദ്ധ ആ വഴിക്കു തിരിഞ്ഞു.

ഡാൽഹിയിൽനിന്നും മടങ്ങിവന്ന് അധികദിവസം കഴിയുന്നതിനുമുൻപ് ഒരു സായാഹ്നത്തിൽ കഥാനായകനും ശ്രീ എം. പി. അപ്പനും ഒരുമിച്ച് ഒരു സ്കൂൾവാർഷിക സമ്മേളനത്തിൽ പ്രസംഗിക്കാൻ പോവുകയായിരുന്നു. യാത്രാമധ്യേ 'ഗീതാഞ്ജലി'യുടെ ആദ്യത്തെ ഭാഗത്തിന്റെ തർജ്ജമ ഒരു പദ്യം ശ്രീ അപ്പനെ കാണിച്ചു. അദ്ദേഹം കാറിലിരുന്ന് അതു പലവുരു വായിച്ച് മനഃപാഠമാക്കി. അന്നത്തെ സമ്മേളനത്തിൽ പ്രസംഗമധ്യേ ആ പദ്യം ചൊല്ലി ആസ്വാദ്യമാംവിധം അവതരിപ്പിക്കുകയും ചെയ്തു. അതോടുകൂടി 'ഗീതാഞ്ജലി' വിവർത്തനത്തിനൊരാവേശം തന്നെ കഥാനായകന് ഉണ്ടായി. പിന്നെ എത്ര വേഗത്തിലാണ് ആ പരിപാടി മുന്നോട്ടു നീങ്ങിയതെന്നു പറയുവാൻ പ്രയാസം. 'ഗീതാഞ്ജലി'യുടെ മുക്കാൽ ഭാഗവും ആ പോക്കിൽത്തന്നെ പരിഭാഷപ്പെടുത്തി. പെട്ടെന്നുണ്ടായ ചില കാരണങ്ങളാൽ അതു മുടങ്ങിപ്പോയി. കുറെ നാളുകൾക്കുശേഷമാണ് ശ്രീ പിള്ളയുടെ ശ്രദ്ധ വീണ്ടും ആ വഴിക്കു തിരിഞ്ഞത്. അത് ഏതാണ്ടു 1967-ാമാണ്ടിലായിരിക്കണം. താനേർപ്പെട്ട ജോലി പൂർത്തിയാക്കി. അത് പല തവണ കഥാനായകന്റെ ഭവനത്തിൽ നിത്യേന നടക്കാറുള്ള സാഹിത്യസദസ്സിൽ ഭാഗികമായി അവതരിപ്പിച്ചു ചർച്ച ചെയ്തിരുന്നു. എന്നാൽ ഒടുവിൽ പരിഭാഷപ്പെടുത്തിയ ചില പദ്യങ്ങൾ വായിച്ചപ്പോൾ അതിന് മാററു കുറവാണെന്ന് ശ്രീ അപ്പൻ അഭിപ്രായപ്പെട്ടു. മൂലത്തിലെ ചില ആശയങ്ങൾ അല്പാല്പം ചോർന്നുപോയിട്ടില്ലേ എന്നും അദ്ദേഹം സംശയം പ്രകടിപ്പിച്ചു. ആ അഭിപ്രായം കഥാനായകൻ മൗനമായിരുന്നു കേട്ടു. അടുത്തദിവസം തന്നെ സന്ദർശിക്കാനെത്തിയ ആ സ്നേഹിതന്റെ മുമ്പിൽ പ്രസ്തുത കവിതാഭാഗം മുഴുവനും ഉടച്ചുവാർത്ത് പുതിയ രൂപത്തിൽ അവതരിപ്പിക്കുകയാണ് ആ മഹാപ്രതിഭാശാലി ചെയ്തത്. ആദ്യം സ്വീകരിച്ചിരുന്ന വൃത്തത്തിൽ മൂലത്തിലുള്ള ആശയം മുഴു

വന്നും ഒതുക്കുവാൻ പ്രയാസമായിരുന്നു എന്നതാണ് പരമാർത്ഥം. ആ വൃത്തം മാററി വേറൊരു വൃത്തത്തിലാണ് രണ്ടാം പ്രാവശ്യം ആ വിവർത്തനം രൂപം പൂണ്ടത്.

ഗീതാഞ്ജലിയിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കാം:-

മൂലം

"Leave this chanting and singing of beads!
Whom dost thou worship in this lonely dark
Corner of a temple with doors
all shut? Open thine eyes and
See thy God is not before thee! "

പരിഭാഷ

"ജഹിഹി കീർത്തനമപി സങ്ഗാനം
ജഹിഹി ച രുദ്രാക്ഷാണാം ഗണനം |
കംത്വമുപാസ്സേ തമസി വിവിക്തേ
കോണേ പിഹിതകവാടേ ചൈത്യേ ||
ഉന്മീലയ നയനേ അവലോകയ
തവദേവസ്തേ പുരഃതാ നാസ്തേ ||

ഇനിയും മറെറാരു കവിതാഭാഗം

Where the mind is without fear and
the head is held high
Where knowledge is free;
Where the world has not been broken-up
Into fragments of narrow domestic walls.

പരിഭാഷ

"യത്രാവിനിർഭയ മുദയതി ഹൃദയം
യത്രോദാത്തോ മൂർദ്ധോദേതി
യത്രപ്രസരതി പരിതോജ്ഞാനം
പരമം സ്വാതന്ത്ര്യം വിദധാനം
സങ്കുചിതാഭിർ ഗൃഹഭിത്തിരപി
യത്ര നഭിന്നം ഛിന്നം ഭുവനം."

ഒരു കവിതാഭാഗംകൂടി

> **I had gone a-begging from door to door**
> **in the village path, when thy golden chariot**
> **appeard in the distance like a**
> **gorgeous dream and I wondered**
> **who was the king of all kings !**

പരിഭാഷ

"ദ്വാരിദ്വാരി ഗ്രാമസരണ്യാം
യാവത് യാചിതു മായാതാഹം |
താവദ് ദൂരെ കനകരഥസ്ഥേ
പ്രാദുരഭൂദിവ ഭാസ്വൽ സ്വപ്ന: ||
രാജാ രാജ്ഞാമേഷസമേഷാം
കോന്വസ്യാദിതി കുതുകമഭൂൻ മേ. |

ഇങ്ങനെ ആ സംസ്കൃത'ഗീതാഞ്ജലി'യിലെ അല്പം ചില ഭാഗങ്ങളെങ്കിലും നോക്കുമ്പോൾ അതിന്റെ രുചി മനസ്സിലാകും. ശ്രീ. ഗോപാലപിള്ളയുടെ തൂലികയിലൂടെ വരുമ്പോൾ 'അമരഭാരതി' മൃതയല്ല അമൃതയാണ്.

വിവർത്തനവും അച്ചടിയും പൂർത്തിയായെങ്കിലും പുറം ചട്ടയിട്ടു പുസ്തകരൂപത്തിൽ 'ഗീതാഞ്ജലി' പുറത്തു വന്നത് ആ തൂലിക നിശ്ചലമായശേഷമാണ്.

ആ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണോദ്ഘാടന സമ്മേളനത്തിൽ വിവർത്തനത്തിന്റെ ഒരു ഭാഗം അതി മനോഹരമാം വിധം ആലപിക്കുകയുണ്ടായി. അതു കേട്ട് കുളിരണിഞ്ഞ അദ്ധ്യക്ഷൻ (മുഖ്യമന്ത്രി സി. അച്യുതമേനോൻ) പറഞ്ഞതിങ്ങനെയാണ്. "ടാഗോർ ഇന്നിതു കേൾക്കുവാൻ ജീവിച്ചിരുന്നെങ്കിൽ ഇങ്ങനെ പറയുമായിരുന്നു—"എന്റെ കാവ്യജീവിതം ധന്യമായി."

# 8

## പദ്യസരണി

കാട്ടാറിന്റെ ചുറുചുറുക്കും, പൂങ്കുയിൽപ്പാട്ടിന്റെ മാധുര്യവും, വസന്തർത്തുവിന്റെ മാദകത്വവും ഒത്തിണങ്ങിയ ഒരു കാവ്യധാരയാണ് ശ്രീ ഗോപാലപിള്ളയുടേത്. ആദർശത്തിന്റെയും, തത്വചിന്തയുടെയും സുഖകരമായ പരിമളം അതിലൂടനിളം പ്രസരിക്കുന്നു. ആ പരിമളവും, ആ മാധുര്യവും, ആ മാദകത്വവും ആ കാവ്യസരണിയിലൂടെ സഞ്ചരിച്ചു തന്നെ അറിയേണ്ടതാണ്.

'പ്രേമസുഷമയും', 'നവമുകുളവും', 'ദിവ്യദർശനവു'മാണ് അദ്ദേഹത്തിന്റെ പദ്യകൃതികൾ. 'പ്രേമസുഷമ' ഇംഗ്ലീഷിൽ നിന്നുള്ള വിവർത്തനമാണല്ലോ. മററു രണ്ടു കൃതികളിലും ആ തൂലികയിലൂടുതിർന്ന കവിതാമുകുളങ്ങൾ വിടർന്നു പരിമളം തൂവുന്നു. ശാസ്ത്രീയ സിദ്ധാന്തങ്ങളെ ആധാരമാക്കി സുന്ദരമായ കവിത രചിക്കാമെന്ന് സഹൃദയലോകത്തിനു കാണിച്ചുകൊടുത്തത് ശ്രീ ഗോപാലപിള്ളയാണ്. പ്രപഞ്ചോൽപത്തി, സൗരയൂഥത്തിന്റെ ആവിർഭാവം, ജീവന്റെ ഉദയം, പരിണാമങ്ങളിൽക്കൂടി നീന്തിനീന്തി മുന്നോട്ടുപോകുന്ന മനുഷ്യൻ എന്നീവിഷയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹ്രസ്വസുന്ദരമായ ഒരു കവിതയാണ് "തേജോബീജം." ഈ സംരംഭം അനുകരണാർഹമാണ്. ആ കവിതയിലേയ്ക്കു കടക്കാം.

"ആകാശദേശത്തിലെങ്ങുനിന്നോ—ഒരു
തേജസ്സിൻ വിത്തു തെറിച്ചുവീണു."

ഇനി ആ വിത്തിന്റെ പരിണാമഭേദങ്ങൾ വർണ്ണിക്കുകയാണ്.

"ആ വിത്തിനുള്ളിൽ നിന്നങ്കുരകോടികൾ
ആവിർഭവിച്ചു പടർന്നു വീണു.

... ... ... ... ... ... ...

അമ്മലർ കോടി മുററും മുതിർന്നങ്ങു
നിർമ്മലകന്ദവൃന്ദങ്ങളായി.
ആകാശദേശത്തെയായ വയനാഥം
ആകന്ദതാണ്ഡവശാലയാക്കി.
ആ ദിവ്യവൃന്ദത്തിലൊന്നായിവന്നിത-
ന്നാദിത്യബിംബത്തിന്നാദികന്ദം.

... ... ... ... ... ...

അഗ്ഗോളപങ്ക്തിയിലല്പമാമൊന്നിലെ
തീക്കനൽച്ചൂടൊട്ടു മങ്ങിയപ്പോൾ,
പാറകൾ പൊട്ടിപ്പൊടിഞ്ഞു പൊടിയായി
കീറിക്കുരുത്തു കാന്താരമായി
പാറിപ്പറന്നുള്ളൊരാവിതണുത്തുടൻ
ചീറിയലയ്ക്കുന്നൊരാഴിയായി.
ആഴിയോളത്തിൽ ഞാനന്നൊരണുവായി
പ്പാഴിലെങ്ങുന്നോ പറന്നു വീണു.
മീനായും മെല്ലെ കരയേറി പാമ്പായും
മാനത്തുപാറിപ്പറവയായും
മാനായും മെല്ലെ മരഞ്ചാടിയായും ഞാൻ
നാനാജന്മങ്ങൾ കടന്നു നീന്തി.
കോടിക്കണക്കിനു സംവത്സരങ്ങളും
ഓടിക്കടന്നുപോയ്ക്കൊണ്ടിരുന്നു.
വാനരൻ മൂത്തു ഞാൻ വാല്പോയ് നരനായി
വാനവരാകാൻ മുതിരുകയായ്."

... ... . ... ... . ...

സൗരയൂഥസിദ്ധാന്തവും, ഡാർവിന്റെ പരിണാമവാദവും ഇതാ മനോഹരഗീതമായി മാററിയിരിക്കുന്നു. പിന്നെ മനുഷ്യന്റെ നേട്ടങ്ങളെപ്പററിയാണ് തുടരുന്നത്.

"പാഴ്ചുഴി പൂട്ടിഞാൻ പൂവാടിയാക്കിടു-
ന്നാഴികൾ കൂട്ടിയിണക്കിടുന്നു.
ഉഴറിതുളച്ചതിന്നച്ചുതണ്ടിട്ടിടാൻ
താഴുന്നുഭൂഗർഭഭൂവിലിഞാൻ
മേൽക്കുമേൽപൊന്തുന്ന മാളികതീർത്തുഞാൻ
മേഘം തുളച്ചു കിളർന്നിടുന്നു.
മീൻപോലെ നീററിൽ ഞാൻ നീന്തുന്നുകാററിലോ-
വെമ്പിപ്പറക്കുന്നു പക്ഷിപോലെ."

ഇങ്ങനെയെല്ലാമുള്ള നേട്ടങ്ങൾ മനുഷ്യനുണ്ടായിട്ടു അവൻ പല വിധ ദുഃഖങ്ങൾക്കും വേദനകൾക്കും അടിമയാണ്. 'മനുഷ്യനാവാത്തതായിട്ടൊന്നുമില്ല; എന്നാൽ മനുഷ്യന് ആവുന്നതായിട്ടും ഒന്നുമില്ല.' അവന്റെ എല്ലാശക്തികൾക്കും അതീതമായി പ്രപഞ്ചത്തിൽ ഒരു ശക്തിയുണ്ട് എന്ന് കവി വ്യക്തമാക്കുന്നു:-

"എന്നെയുമീവെറും പുഴിപ്പൊടിയേയും
ഒന്നിച്ചു കോർത്തുകറക്കുന്നതായ്
എന്നിൽ മിന്നുന്നതായെന്നെ മിന്നിപ്പതായ്
ഒന്നുണ്ടതിൻ മുന്നിലേഴയീ ഞാൻ."

പ്രപഞ്ചനിയന്താവായ ഈശ്വരന്റെ മുൻപിൽ മനുഷ്യൻ ഏഴയാണ് എന്ന പരമാർത്ഥം വെളിപ്പെടുത്തിക്കൊണ്ട് പിൻവാങ്ങുകയാണ് കവി.

'എന്റെ ദൈവം' എന്ന കവിതയിൽ പറയുന്നതു നോക്കുക :

"ബുദ്ധഭഗവാനേ!നിങ്ങളിലൊഴുകുന്ന
ശുദ്ധമാം പ്രേമമാണെന്റെ ദൈവം

യേശുഭഗവാനെ! ശാശ്വതമായങ്ങിൽ
വിശുദ്ധപ്രണയമാണെൻെറ ദൈവം
ആമ്പാടിപ്പയ്യിൻെറ പിമ്പോടിയെത്തുന്ന
സംപൂർണ്ണപ്രേമവിലാസവായ്പേ,
... ... ... ... ... ... ... ... ...
കന്നിലുമാനായ പ്പെണ്ണിലുമങ്ങൊപ്പം
മിന്നിക്കും പ്രേമമാണെൻെറ ദൈവം

ഈശ്വരൻ സത്യസ്വരൂപനാകുന്നു എന്ന വസ്തുതയാണ് ഈ കവിതയിലൂടെ സ്ഥാപിക്കുന്നത്. ശ്രീബുദ്ധൻെറയും, ശ്രീയേശുവിൻെറയും, ശ്രീകൃഷ്ണൻെറയും ഹൃദയം സുന്ദരമായിരുന്നു; അവ സ്നേഹത്തിൻെറ നീരുറവകളായിരുന്നു. ആ വിശുദ്ധസ്നേഹമാണ് സാക്ഷാൽ ഈശ്വരൻ എന്നതാണ് കവിയുടെ വിശ്വാസം.

ശ്രീ ഗോപാലപിള്ളയുടെ "ജയ ജയ വസുധേ" എന്ന ഗാനം വളരെ പ്രസിദ്ധമാണ്. കേരളത്തിൻെറയും കേരളീയരുടെയും മഹിമകൾ പാടിപ്പുകഴ്ത്തുകയാണിവിടെ കവി ചെയ്യുന്നത്.

"അമൃതുനിറഞ്ഞു തുളുമ്പും കാഞ്ചന-
കലശം പേറും കേരാവലിയും
നവമാണിക്യം മരതകമെന്നിവ-
കോർത്തുടനീളം ചാർത്തിയ മുളകിൻ-
കൊടികളെഴും ദ്രുമതതിയും പവിഴ-
ത്തൊങ്ങൽ തിളങ്ങും കമുകിൻ നിരയും"

കേരളത്തിൻെറ മനോഹരമായ വർണ്ണന

"ശങ്കരഭഗവത്പാദർ തുടങ്ങി
ശ്രീ നാരായണ ഗുരുവരെയുള്ളൊരു
യതിവരർ, നിൻ കിളിതൻ കളമൊഴിയിലു-
മദ്വൈതാമൃതധാര പൊഴിച്ചോർ"

കേരളത്തിലെ ആദ്ധ്യാത്മികനേതാക്കന്മാരെപ്പററി പുകഴ്ത്തുന്നു.

ശ്രീ നാരായണൻ, യേശുക്രിസ്തു, ടാഗോർ, നെഹ്റു ഇവരുടെയെല്ലാം മാഹാത്മ്യങ്ങൾ അദ്ദേഹം പാടിപ്പുകഴ്ത്തിയിട്ടുണ്ട്.

"ഭാരത വിജ്ഞാനമാംപാൽക്കടൽ സ്വാനുഭൂതി-
സാരത്താൽ പേർത്തും കടഞ്ഞൂറിയ സുധാരസം
പാരെങ്ങും വിതറിവന്നുദിച്ചു നില്പൂ പ്രഭാ-
പൂരിതദിഗന്തരൻ ഭഗവാൻ നാരായണൻ"

എന്നാണ് ശ്രീ നാരായണനെപ്പററി പറയുന്നത്.

കുരിശിൽ കിടക്കുന്ന ക്രിസ്തുദേവനെ വർണ്ണിക്കുന്നതു നോക്കുക:—

"പൊടിയാർന്നും ചിടയാർന്നും പാറിവീഴും
മുടിതൻമേൽ നറുനെററി മുറിയുമാറായ്
പട്ടു മുള്ളിൻ കൊടികൊണ്ടു മകുടമാർന്നും
പടരുന്ന രുധിരാഭിഷേകം വാർന്നും
വിരിയും ചെന്താമരമലർപോലാളു-
മിരു കയ്യും തറയും കുരാണിചേർന്നും
... ... ... ... ... ... ... ...
ഇത-കാൺമൂ ദയനീയ രൂപമോർത്താ-
ലതിശയ മഹനീയം ദൃശ്യം ദിവ്യം.
... ... ... ... ... ... ... ...
മൊഴിയുന്നുണ്ടെന്തോയീ വിശ്വമൈത്രി
നിഴലിക്കു മഭിവന്ദ്യ മൂർത്തിയെല്ലേ -
"ഉടയോനേ, യുടയോനേ യെന്നെ നീ കൈയ്-
വെടിയുവാനെന്തൊരു ബന്ധമയ്യോ ?"
... ... ... ... ... ... ... ...
അരുളണേ മാപ്പവർക്കെൻ പിതാവേ
അവർതന്നെയവർ ചെയ്വതറിവീലല്ലോ !"

കുരിശിലേററപ്പെട്ട ക്രിസ്തുദേവൻെറ വാങ്മയചിത്രം, ക്രിസ്തുവിൻെറ അന്ത്യവചനങ്ങൾ; ആ ദയനീയ രൂപം

അനുവാചകന്റെ ഹൃദയത്തിൽ മായാത്ത ചിത്രം രചിക്കും. ആ അന്ത്യവചനങ്ങൾ അനുവാചകന്റെ ആത്മാവിൽ എന്നെന്നും മാറെറാലിക്കൊള്ളുകതന്നെ ചെയ്യും.

ഇതുപോലെ ആകർഷകങ്ങളായ, ഓർമ്മയിൽ തങ്ങിനില്ക്കുവാൻ പോന്ന എത്ര കവിതാഭാഗങ്ങൾ വേണമെങ്കിലും നിങ്ങൾക്ക് ആ കൃതികളിൽകാണാം.

"തിരമാലകൾ ചുരുളുംപടി
കിളരും പൊഴുതുതിരും
കുളിർവെൺപതപുഞ്ജം വളർ-
കുമിളപ്പുതുതേർ മേൽ

കിളരുന്നു കിളർന്നേനിത്!
ഭുവനങ്ങൾ കടന്നേൻ
ഉഡുമാലകൾ ചൂടിക്കിലു-
കിലെയാടിനടന്നേൻ". (കതിർ പോലെ പറന്നേൻ)

എന്തൊരു താളമേളം! ഒരു നൃത്തത്തിന്റെ മേളക്കൊഴുപ്പ്. ആ വരികൾ വായിക്കുമ്പോൾ അനുവാചകനും ഉഡുമാലകൾ ചൂടി സ്വർഗ്ഗഭൂവിൽ കിലുകിലെ ആടിനടക്കുന്നതായി തോന്നും. അസാധാരണമായ പദസ്വാധീനവും പദവിന്യാസസാമർത്ഥ്യവും വെളിവാക്കുന്ന വരികൾ!

വാഗ്ദേവതയുടെ അസാധാരണ അനുഗ്രഹം ലഭിച്ചവർക്കുമാത്രമേ ഇത്തരം കവിതകൾ രചിക്കുവാൻ കഴിയൂ

കഥാനായകൻ മഹാകാവ്യങ്ങളൊന്നും രചിച്ചില്ല. ഏതാനും ചെറുകവിതകൾ മാത്രം. നവപുഷ്പത്തിൽ ഒൻപതു കവിതകൾ; ദിവ്യദർശനത്തിൽ പതിനാറും അത്രതന്നെ. കഥാനായകന്റെ സംഭാവനകൾ എണ്ണത്തിൽ കുറഞ്ഞുപോയി എന്നതു പരമാർത്ഥം. ധാരാളം എഴുതണമെന്ന ദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല. പക്ഷേ, ആ തൂലികയിലൂടെ വരുന്നതെന്തും പത്തരമാററുതന്നെയായിരിക്കണം എന്ന നിർബ്ബന്ധം ഉണ്ടായിരുന്നു. ആ നിഷ്ഠയായിരിക്കാം ആ കവിതകളുടെ പൂർണ്ണതയ്ക്കു കാരണം.

# 9

## ഗദ്യകാരൻ

ഗദ്യസരണിയിലും പദ്യസരണിയിലും ആ തൂലിക സഞ്ചരിച്ചുവെങ്കിലും ഗദ്യസാഹിത്യത്തിനാണ് കഥാനായകൻ കൂടുതൽ മുതൽകൂട്ടിയത. ഗദ്യസാഹിത്യത്തിൽ മൂന്ന് ഇംഗ്ലീഷ് കൃതികളും അഞ്ച് മലയാളകൃതികളും ഉൾപ്പെടും.

ആംഗലഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രാവീണ്യത്തിന് ഉത്തമോദാഹരണങ്ങളാണ് ഈ മൂന്നു കൃതികളും

1 Skanda : The Alexander Romance in India.

1937-ൽ തിരുവനന്തപുരത്തുവച്ച് നടത്തപ്പെട്ട അഖിലഭാരത പ്രാച്യവിദ്യാഭ്യാസസമ്മേളനത്തിൽ കഥാനായകൻ എഴുതിവായിച്ച ഒരു പ്രബന്ധമാണിത്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പ്രൊഫസർ ഡോക്ടർ എഫ്. ഡബ്ളിയു തോമസ്സായിരുന്നു സമ്മേളനത്തിലെ അദ്ധ്യക്ഷൻ. ഹിന്ദുക്കളുടെ ആരാധനാമൂർത്തിയായ സുബ്രഹ്മണ്യനും (സ്കന്ദൻ) ഇൻഡ്യ ആക്രമിച്ച അലക്സാണ്ടറും ഒന്നാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചിരിക്കയാണ് ഇതിൽ. ആ പ്രബന്ധത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു:—

'അലക്സാണ്ടർ സ്വദേശത്ത് അക്കാലത്ത് ദൈവപുത്രനായി ആരാധിക്കപ്പെട്ടിരുന്നു. ആ ദിവ്യനെപ്പററിയുള്ള അത്ഭുതകഥകൾ പേർഷ്യൻ, അറബി മുതലായ 25 ഭാഷകളിൽ പ്രചരിച്ചിട്ടുണ്ട്. 'ഇസ്കന്ദർ' എന്ന പേരാണ് അവയിലുപയോഗിച്ചിട്ടുള്ളത്. ഈ വാക്ക് ഭാരതഭാഷയിലേയ്ക്കു

പകർന്നപ്പോൾ വർണ്ണവിപരിണാമനിയമപ്രകാരം 'ഇസ്കന്ദ' എന്നും പിന്നീട് 'ഇ' കാരം ലോപിച്ച് 'സ്കന്ദ' എന്നും ആയിത്തീർന്നു. അലക്സാണ്ടർ 'റാക്സാന'യെയാണ് വിവാഹം ചെയ്തിരുന്നത്. സ്കന്ദർ 'ദേവസേന'യെ വിവാഹം ചെയ്തിരുന്നതായി പുരാണം ഘോഷിക്കുന്നു.

'റാക്സാന'യുടെ ഉത്തരപദം സംസ്കൃതീകരിച്ചതാണ് 'സേന'. 'പൂർവപദലോപോഽത്ര ദ്രഷ്ടവ്യ: സത്യഭാമാഭാമേ-തിവത്' (മഹാഭാഷ്യം) എന്ന നിയമപ്രകാരം പൂർവ്വപദം ലോപിപ്പിക്കാം. സ്കന്ദൻ, ശക്തിധരൻ, സേനാനി, കുമാരൻ, ക്രൗഞ്ചദാരണൻ എന്നു തുടങ്ങി പല പര്യായങ്ങളും ഉണ്ടല്ലോ. ഇവയിൽ പലതിനും സാദൃശ്യം കാണുന്നുണ്ട്. അക്കാലത്ത് യവനസേനയുടെ പ്രധാനമായ ആയുധം 'ശക്തി' (വേൽ) ആയിരുന്നു (ശക്തിധരൻ, വേലായുധൻ). അലക്സാണ്ടർ സ്വയം വലിയ 'സേനാനി' ആയിരുന്നല്ലോ. ആ ദിഗ്വിജയി പ്രിൻസ് (Prince) എന്ന പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത് (കുമാരൻ). ഇൻഡ്യയെ ആക്രമിച്ചപ്പോൾ അലക്സാണ്ടർ ദുരതിക്രമമായ ഹിന്ദുകുഷ് പർവ്വതം കടന്നിട്ടുണ്ട്. ഈ പർവ്വതംതന്നെയായിരിക്കണം പുരാണത്തിലെ ക്രൗഞ്ചം (ക്രൗഞ്ചദാരണൻ). പേർഷ്യാരാജ്യം ആക്രമിച്ച് അവിടത്തെ രാജാവായ ഡാരിയസ്സിനെ തോൽപിച്ച് സ്വാധികാരം സ്ഥാപിക്ക എന്നതായിരുന്നു അലക്സാണ്ടറുടെ ചരിത്രത്തിലെ പ്രധാനസംഭവം. താരകാസുരനിഗ്രഹത്തിനാണല്ലോ സ്കന്ദൻ അവതരിച്ചത്. താരകപദം ഡാരിയസ്സിന്റെ സംസ്കൃതീകരണം മാത്രമാണ്.

അൻപതിൽപരം ഗ്രന്ഥങ്ങളിലെ പ്രമാണങ്ങളുദ്ധരിച്ചുകൊണ്ടാണ് കഥാനായകൻ ഈ പ്രബന്ധം തയ്യാറാക്കിയത്. ശ്രീ ഗോപാലപിള്ള തന്റെ വാദമുഖം ജയിക്കാൻ നിരത്തിയിരിക്കുന്ന വാദമുഖങ്ങളുടെ യുക്തിയും ശക്തിയും അവ അവതരിപ്പിക്കുന്നതിൽ അദ്ദേഹം കാണിച്ച അടുക്കും മിടുക്കും, അന്നത്തെ അദ്ധ്യക്ഷനെ വിസ്മയഭരിതനാക്കി

ത്തീർത്തു. 'പ്രബന്ധാവതാരകന്റെ ഗവേഷണചാതുരിയെ പ്രശംസിക്കുന്ന പല ലേഖനങ്ങളും അക്കാലത്ത് വിദേശങ്ങളിലെ പത്രങ്ങളിൽപ്പോലും പ്രത്യക്ഷപ്പെടുകയുണ്ടായി.'

സർ, സി. പി. രാമസ്വാമിഅയ്യരുടെ 'ലോകമതങ്ങൾ' (World Religions) എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ സവിസ്തരപഠനമാണ് രണ്ടാമത്തേത്. 'സോറാസ്റ്റർ, ശ്രീബുദ്ധൻ, ക്രിസ്തുദേവൻ, മുഹമ്മദ്നബി, ശ്രീകൃഷ്ണൻ, ശങ്കരാചാര്യർ, ഇൻഡ്യയും മറ്റും' ഇത്രയും ഉപന്യാസങ്ങളാണ് ആ മഹദ്ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലോകമതാചാര്യന്മാരെപ്പറ്റി എഴുതിയിട്ടുള്ള ഈ ഗ്രന്ഥം ആ വിഷയത്തിൽ ഒരു ആധികാരിക ഗ്രന്ഥമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ഭർത്തൃഹരിയുടെ 'വാക്യപദീയ'ത്തിലെ പ്രഥമകാണ്ഡത്തിന്റെ ആംഗലവിവർത്തനമത്രേ Philosophy of Sanskrit Grammar. സംസ്കൃതം എം. എ ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തിലേയ്ക്കായിട്ടാണ് ഇതെഴുതിയത്. ഏതു വൈയാകരണനെയും പേടിപ്പെടുത്തുവാൻ പോന്ന ഒരു കൃതിയാണ് 'വാക്യപദീയം'. ആ വ്യാകരണതത്വശാസ്ത്ര ഗ്രന്ഥത്തിന് പണ്ഡിതനായ കഥാനായകൻ ഇംഗ്ലീഷിൽ പരിഭാഷയും വ്യാഖ്യാനവും രചിച്ചു എന്നത് ശ്രദ്ധേയമായ ഒരു സംഗതിയാണ്. പ്രസ്തുത ഗ്രന്ഥത്തിന് ഇംഗ്ലീഷിൽ രചിച്ച ആദ്യത്തെ വ്യാഖ്യാനവും പരിഭാഷയും ഇതാണ്.

ഇനിയും കഥാനായകൻ കൈരളിക്കു കാഴ്ചവച്ചിട്ടുള്ള മലയാളഗദ്യഗ്രന്ഥങ്ങൾ ഏതെല്ലാമെന്നു നോക്കാം. ശ്രീബുദ്ധദേവൻ, മാനവസംസ്കാരം, ലോകരഞ്ജനം, ചിന്താദീപം, കൽപനാശിൽപം എന്നീ അഞ്ചു ഗ്രന്ഥങ്ങളാണ് ഈ വകുപ്പിൽ പെടുന്നത്. 'ശ്രീബുദ്ധദേവൻ' കഥാനായകൻ ബി. ഏ. വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് എഴു

തീയതാണ്. അത് താമസിയാതെ പാഠപുസ്തകമായി അംഗീകരിച്ചതും നേരത്തെ പറഞ്ഞിട്ടുണ്ട്.

ശ്രീബുദ്ധദേവന്റെ ജീവചരിത്രം ഏററവും ആകർഷകമായ രീതിയിലാണവതരിപ്പിച്ചിരിക്കുന്നത്. ആ ഗ്രന്ഥത്തിന്റെ ഭാഷാരീതിയും രചനാഭംഗിയും ആബാലവൃദ്ധം ജനങ്ങളെയും ഒന്നുപോലെ ആകർഷിക്കുവാനും രസിപ്പിക്കുവാനും പോന്നതാണ്.

"ജീവിതത്തിൽ എല്ലാം സുഖമായിരിക്കുമോ? എല്ലാവരും നമ്മെപ്പോലെ സുഖിക്കയാണോ? എനിക്കു പുറത്തു പോയി കാണണം." സിദ്ധാർത്ഥ രാജകുമാരന്റെ ആഗ്രഹം. 'കപിലവസ്തുനഗരം മുഴുക്കെ അലങ്കരിച്ചിരിക്കണമെന്നും, വൃദ്ധനോ രോഗിയോ പുറത്തു വന്നു പോകരുതെന്നും ശുദ്ധോദനമഹാരാജാവ് വിളംബരം ചെയ്തു. സ്ത്രീകൾ എല്ലാവരും അലങ്കാരങ്ങൾ അണിഞ്ഞു. വീടുകളെല്ലാം മോടി പിടിപ്പിച്ചു. പുഷ്പങ്ങൾ വിതറി. വൃക്ഷങ്ങളിലൊക്കെ കൊടിക്കൂറ തൂക്കി. നഗരം ഒരു പൂവാടിപോലെ പരിശോഭിതമായി."

സിദ്ധാർത്ഥ രാജകുമാരൻ എഴുന്നള്ളി. പ്രജകളുടെ ജയജയഘോഷം മുഴങ്ങി. 'ലോകം എത്ര മനോഹരമാണ്. കളത്രവും, സന്താനവും, നൃത്തവും, ഗീതവും, കന്യകകളും, ലതകളും, പുഷ്പങ്ങളും—ഹാ! ലോകം മനോഹരം തന്നെ.' എന്നു കുമാരൻ ആനന്ദിച്ചു "തേർ തെളിക്കൂ ഛന്ദാ! എനിക്കു ഇത്ര സുന്ദരമായ ലോകം കണ്ടുമതിയായില്ല. ഇതു ഞാൻ മുമ്പേ അറിഞ്ഞതില്ലല്ലോ. എനിക്കു വേണ്ടിമാത്രം പ്രയത്നം ചെയ്യുന്ന ഈ ആളുകൾക്ക് എന്നെ കാണുമ്പോൾ എത്ര പരമാനന്ദം. ഞാൻ അവരിൽ നിന്നും എന്തിന് അകന്നു നിൽക്കുന്നു? മുമ്പോട്ടു പോകൂ.' എന്ന് ദേവൻ അരുളിച്ചെയ്തു.

ആ നഗരത്തിന്റെ കിഴക്കേ ഗോപുരവാതിലിനു സമീപം ആ തൃക്കണ്ണുകൾ എന്താണു കാണുന്നത്? രാജശാസനം

അറിയാത്ത ഒരു പാവം കിഴവൻ ഒരു വടിയൂന്നി വളഞ്ഞു നിന്ന്, തമ്പുരാന്റെ തേർ കണ്ട് വിറയ്ക്കുന്ന കൈനീട്ടി, കുഴിഞ്ഞുതാണ കണ്ണുതുറിച്ച് ഭിക്ഷ ഇരക്കുകയാണ്. "പെട്ടെന്നു മറഞ്ഞോ. തമ്പുരാൻ കാണരുത്. പൊന്നു തമ്പുരാന്റെ കൽപനയാണ്." എന്ന് ജനക്കൂട്ടം കിഴവനെ അലട്ടുന്നു.

പക്ഷേ, സിദ്ധാർത്ഥൻ വൃദ്ധനെ കണ്ടു കഴിഞ്ഞു. "ഭിക്ഷ കൊടുക്കൂ ഛന്ദാ! ജനങ്ങൾ—നിങ്ങൾ അയാളെ സഹായിക്കണം. അയാൾക്ക് ആവതില്ലല്ലോ!" എന്നു ദേവൻ അരുളിച്ചെയ്തു "ഇനി തിരികെപ്പോകാം. ഇത്ര ദുഃഖകരമായ ഒരു കാഴ്ച ഞാൻ കണ്ടിട്ടില്ല. വയസ്സായാൽ എല്ലാവരും അതു പോലെ ആവുകില്ലേ? കഷ്ടം! ഇതാണോ ഞാൻ മനോഹരമെന്നു കരുതിയ മനുഷ്യജീവിതം." എന്നു ഛന്ദനോടു ചോദിക്കയായി.

ആ കാഴ്ച ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. അതു തന്നെ ചിന്തിച്ചും, അതു തന്നെ സ്വപ്നം കണ്ടും കാലം കഴിച്ചു. യശോധരയുടെ പരിപാവനപ്രേമത്തിനോ, അലൗകിക സൗന്ദര്യത്തിനോ ആ ചിന്തകൾ മാററാൻ സാധിച്ചില്ല.

ഇതാ മറെറാരു രംഗം. കുമാരൻ ഞെട്ടിപ്പോയി. കുറച്ചുപേർ കരഞ്ഞു കൊണ്ട് "ഒരു ശവശരീരം തണ്ടിലേററി ചുടലയിലേയ്ക്ക് കൊണ്ടു പോകുന്നു." സിദ്ധാർത്ഥൻ "അഹോ കഷ്ടം! എത്ര ശോച്യമാണ് ലോകം! മനുഷ്യർക്ക് ആകമാനം ആശ്വാസത്തിന് എന്തൊന്നു വകയുള്ളു. ഭാഗ്യവാൻമാർക്കു രോഗവും മരണവും വന്നുകൂടുമല്ലോ എന്റെ കണ്ണുമൂടി മറച്ചിരുന്ന മൂടുപടം എന്നെന്നേയ്ക്കും നീങ്ങിപ്പോയി. ഈ സങ്കടം നീക്കാൻ എനിക്കു യത്നിക്കണം."

......അതാ ഒരു സന്യാസി പോകുന്നു. രാജകുമാരൻ ചോദിച്ചു: 'എവിടെപ്പോകുന്നു. 'ഞാൻ മോക്ഷത്തിലേയ്ക്കു വഴി നോക്കുകയാണ്. സംപൂർണ്ണസംതൃപ്തി ആ മുഖത്തു കളിയാടി. "ഞാനും അതുതന്നെയാണ് തേടുന്നത്." സിദ്ധാർത്ഥൻ തനിയെ ഉച്ചരിച്ചു. ഇങ്ങനെ പോകുന്നു രച

നാരീതി ഭിക്ഷയ്ക്ക് കയ്യിൽ മരയോടുമേന്തി, പെരുവഴി നീളെ വെറും ഒരു ഭിക്ഷുവായിട്ടാണ് പിന്നെ സിദ്ധാർത്ഥനെ കാണുന്നത്.

മറെറാരു രംഗം നോക്കൂ! ബലി കഴിക്കുന്ന ദേവാലയം. അവിടെ മഹാരാജാവ് എഴുന്നള്ളിയിരുന്നു. പുരോഹിതൻമാർ അദ്ദേഹത്തിൻെറ പാർശ്വത്തിൽ നിലകൊള്ളുന്നു. മൂർച്ചയേറിയ കരിങ്കത്തിയുമായി കത്തിക്കാളുന്ന തീക്കുണ്ഡത്തിനു മുമ്പിൽ കുരുതിക്കൊരുങ്ങി നിന്നു വേദമന്ത്രം ഓതുന്ന ഹിംസകർ. ബോധിസത്വൻ അവരുടെ മുമ്പിലെത്തി. ആ ഘോര കർമ്മം കയ്യുയർത്തി നിഷേധിച്ച് പുരോഹിതനെ തടയുന്നു. വൈദികൻമാർ ലജ്ജിച്ച് തല താഴ്ത്തി. ആ ചോര പുരണ്ട കത്തിയും കയ്യും ഒളിച്ചു പിടിക്കുന്നു.

"സ്നേഹവും, അനുകമ്പയും, കരുണയും ഉണ്ടായിരുന്നെങ്കിൽ, ജീവിതം എത്ര മനോഹരമായിരുന്നേനെ. ദേവതകൾപോലും ക്രൂരദേവതകളല്ല; പ്രേമദേവതകളായിത്തീരും."

ഇങ്ങനെ ഓരോ രംഗവും ഹൃദയസ്പർശിയാം വിധം മിഴിവുററ അഴകുററ വർണ്ണങ്ങൾകൊണ്ടു തെളിച്ചിരിക്കുന്നു. അവ അനുവാചകൻെറ ഹൃദയത്തിൽ സ്ഥാനം പിടിക്കുവാൻ പോന്നവയാണ്.

അടുത്തതായി പുറത്തുവന്ന ഗദ്യകൃതിയാണ് 'മാനവ സംസ്ക്കാരം.' അതിൻെറ പ്രസ്താവനയിൽ കഥാനായകൻ പറയുന്നതു നോക്കുക "മനുഷ്യ സംസ്ക്കാരത്തിൻെറ ഒരു സംക്ഷിപ്തചിത്രം മലയാളത്തിൽ എഴുതണമെന്ന് എനിക്ക് ഒരാശതോന്നി. എന്നെക്കാൾ വിദ്യയും വിവേകവും ഉള്ളവർ അത് എഴുതുന്നത് നന്നായിരിക്കും എന്ന് ഉടൻ തന്നെ തടസ്സവും തോന്നി. ഒടുവിൽ എൻെറ ആഗ്രഹം വിജയിച്ചു. വിപുലമായ ആ വിഷയത്തിൻെറ ബാലസുഗ്രഹമായ ഒരു സംഗ്രഹം എഴുതാൻ തന്നെ ഞാൻ തീർച്ചയാക്കി." ആ തീരുമാനത്തിൻെറ ഫലമാണ് ഈ ലഘു ഗ്രന്ഥം. ഈ ഗ്രന്ഥ

ത്തിൽ ഒരു കഥ ഉദാഹരണമായി കൊടുത്തുകൊണ്ടു് ശ്രീ ഗോപാലപിള്ള പറയുന്നതു നോക്കുക.

"പരമാർത്ഥത്തിൽ, മനുഷ്യൻ ഒരു ജന്തുവാണ്. അവൻ മററു ജന്തുക്കളിൽ നിന്നും പ്രകൃതികൊണ്ട് വിഭിന്നനല്ല. പല തലമുറകളായി, സമ്പാദിച്ചു സംഭരിച്ചിട്ടുള്ള സംസ്കാരവുമായുള്ള സംസർഗം കൊണ്ടാണ് അവൻ ഒരു വിശിഷ്ട ജീവിയായി വിലസുന്നത്."

എന്താണ് മനുഷ്യനെ അന്യജീവികളിൽ നിന്നും വിശിഷ്ടനാക്കുന്നത്? അവന്റെ നൂതനങ്ങളായ സൃഷ്ടികൾ................

"......മനുഷ്യ സമുദായം ഇന്ന് അതിന്റെ സംസ്കാരത്തിന്റെ ശൈശവദശയിലാണ്. ഭാസുരമായ ഒരു ഭാവിയുടെ അരുണോദയത്തിന്റെ ആദ്യകിരണങ്ങളാണ് നാം കാണുന്നത്. ഇന്നത്തെ മനുഷ്യരെ മൃഗപ്രായരെന്നു കരുതുന്ന ഒരു സമുദായം നമ്മുടെ അനന്തരാവകാശികളായി ഉദിച്ചുയരും"

പിന്നെ, ലോകസംസ്കാരത്തിന്റെ പടിപടിയായുള്ള ചരിത്രമാണ് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്. ഈ പറഞ്ഞിരിക്കുന്ന വാക്കുകൾ വാസ്തവമായി ഭവിക്കാനുള്ള ലക്ഷണങ്ങൾ ഇപ്പോൾതന്നെ കണ്ടു തുടങ്ങിയിരിക്കുകയാണല്ലോ.

മാനവലോകത്തിന് അത്യാദരണീയമായ ഒരുപദേശം നല്കിക്കൊണ്ടാണ് ഗ്രന്ഥം അവസാനിപ്പിക്കുന്നത്.

"നാം ഒന്നുകൂടി സംസ്കൃതരാകുക. ജീവിതം ഒന്നുകൂടി സംസ്കാരമനോഹരമാക്കുക."

"അതെങ്ങനെ? സ്വതന്ത്രമായി ചിന്തിക്കുക. യാഥാർത്ഥമായ സൗന്ദര്യത്തെ സ്നേഹിക്കുകയും സൃഷ്ടിക്കുകയും ചെയ്ക. സത്യവും ധർമ്മവും നീതിയും ന്യായവും പുലർത്തി പരോപകാരപരമായി ജീവിക്കുക. സൗഹൃദത്തിന്റെ മാധുര്യവും മഹത്വവും നാലുപാടും പരത്തുക ഈ വിധമുള്ള ജീവിതംമൂലം ഭൂലോകംതന്നെ സ്വർഗ്ഗമായിത്തീരും."

‘ലോകരഞ്ജനം’ എന്ന കൃതി മാനവസംസ്കാരത്തിനു ശേഷം രംഗപ്രവേശനം ചെയ്തതാണ്. അതിന്റെ ആമുഖമായി ഗ്രന്ഥകാരൻ പറയുന്നതു നോക്കുക:

“The whole world is slowly but surely becoming one big family. We are all its members and boys and girls of all lands should be told that young people must be taught the nobler ideas of the day, the higher ideals of life. They must be taught to strive for the common weal, the greater good of man kind.”

ലോകത്തിനോടു ഗ്രന്ഥകാരന് പറയാനുള്ളതെന്താണെന്നു നോക്കാം:—

“നമുക്കു ചില കടമകളുണ്ട്. ആരോട്? നമ്മോടും, സമുദായത്തോടും—അതെ, മനുഷ്യസമുദായത്തോട്. പ്രാകൃതവും അപരിഷ്കൃതവുമായ ഒരു ദശയിൽ നിന്ന് നാം ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചേർന്നു. നമ്മുടെ പൂർവികന്മാരുടെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് നാം അനുഭവിക്കുന്ന സുഖവും സൗകര്യവും. ഈ ലോകം ഇന്നത്തെക്കാൾ സുഖപൂർണ്ണവും സമാധാനപൂർണ്ണവുമാക്കുകയാണ് നമ്മുടെ കടമ.”

“.........ഒരുമിച്ച് പാർത്ത് ഒരുമിച്ച് പ്രവർത്തിക്കുക എന്നുള്ളത് ഒരു പ്രധാന സംഗതിയാണ്. മഹത്തായ ഫലങ്ങളെ അത് പ്രദാനം ചെയ്യും; മഹാകാര്യങ്ങൾ സാധിപ്പിക്കും. ഒരുമിച്ചുജീവിച്ചാൽ മാത്രം പോരാ—പിന്നെയോ? ഒരുമിച്ചു പ്രവർത്തിക്കണം.”

“ലോകത്തിന്റെ സമാധാനം ലോകത്തിന്റെ ചിന്തയ്ക്ക് വിഷയീഭവിക്കേണ്ടതാണ്; ഓരോരുത്തരുടെയും ഗാഢമായ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്.”

അനുവാചകനെ ലോകസമാധാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ‘ഏകലോകാ’ദർശത്തിലേക്ക് നയിക്കുകയും ആണ് ശ്രീ ഗോപാലപിള്ള ചെയ്യുന്നത്

"ചിന്താദീപവും," "കല്പനാശില്പവും" പ്രബന്ധസമാഹാരങ്ങളാണ്. ഇവയിൽ കാളിദാസനെയും, ആശാനെയും സംബന്ധിച്ച ലേഖനങ്ങളെപ്പററി മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്.

പുരാണേതിഹാസങ്ങളെ അവലംബിച്ചെഴുതിയിട്ടുള്ള ലേഖനങ്ങളാണ് "എൻെറ കൃഷ്ണൻ" (ചിന്താദീപം), "രാമായണത്തിലെ കുടുംബം", ശ്രീ മഹാഭാഗവതം (രണ്ടും കല്പനാശില്പത്തിൽ) എന്നിവ. അവയിൽ ശ്രീ മഹാഭാഗവതത്തിലെ ചില ഭാഗങ്ങൾ അനുവാചകൻെറ ചിന്താമണ്ഡലങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ പോന്നവയാണ്. നോക്കുക:—

"ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ലോകജീവിതത്തിൽ ചിന്താശീലരായ മനുഷ്യൻ ആദികാലംതൊട്ടു യത്നിച്ചിട്ടുള്ളത് അവയിൽനിന്നു മോചനം നേടാനുള്ള വഴി തേടാനാണ്. സകലമതങ്ങളുടെയും ധർമ്മസിദ്ധാന്തങ്ങളുടെയും കലകളുടെയും എല്ലാം ലക്ഷ്യം അതുതന്നെയാണ്. ആസ്തികമതങ്ങൾ എല്ലാം അന്വേഷിച്ച് അന്വേഷിച്ചു ചെന്നുചേരുന്നത് അഖണ്ഡാനന്ദരൂപമായ ഒരു സത്തയിലാണ്—സർവഭൂതങ്ങൾക്കും ആധാരമായി സർവാന്തർയാമിയായി സർവനിയന്താവായുള്ള ഒരു ചൈതന്യത്തിലാണ്. നാലുതരം ജനങ്ങളാണ് അതിനെ തേടുന്നത്—ആ സത്തയെ ഭജിക്കുന്നത് എന്ന് 'ഗീത' പ്രസ്താവിക്കുന്നു.—ആർത്തന്മാർ, അർത്ഥാർത്ഥികൾ, ജിജ്ഞാസുക്കൾ, ജ്ഞാനികൾ.

"ജീവിതദുഃഖങ്ങളിൽ നിന്നുള്ള മോചനത്തിനു—മുക്തിക്കു—ഗീത സാമാന്യമായി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കുന്നു—കർമ്മം, ജ്ഞാനം, ഭക്തി എന്ന്."

ഏതൊന്നിന് ഉന്മുഖമായാണ് ഈ ഭക്തി പ്രവഹിക്കുന്നത്? ഇക്കാണുന്ന സകലത്തിൻെറയും ഉൽപ്പത്തിക്കും സ്ഥിതിക്കും ഹേതു അന്വേഷിച്ചു പോകുന്ന മനുഷ്യബുദ്ധി

ചെന്നുചേരുന്ന ഒരു സ്ഥാനമുണ്ട്—സങ്കല്പമുണ്ട്...... ഈ പരിമിതമായ മനുഷ്യബുദ്ധിക്കു എത്തും പിടിയും കിട്ടാത്തതെന്ന് ബോധ്യമാകുന്ന ഒരു സത്തയുണ്ട്. ആ അപരിമേയമായ സത്തയുടെ നേർക്കാണ് ആശ്ചര്യ സ്തബ്ധനായ മനുഷ്യന്റെ ഭക്തി പ്രസരിക്കുന്നത്. അഖണ്ഡമായ അതിന്റെ സ്വരൂപമോ സ്വഭാവമോ പരിച്ഛേദിച്ചറിയാൻ അവന് കഴിവില്ല. എന്നാലും ആ മഹാസങ്കല്പത്തിനു മുൻപിൽ അവൻ നമ്രശിരസ്കനാണ്. അവന് അതിനെ ആരാധിക്കണം. ഏതു രൂപത്തിലാണ് ആരാധിക്കുക ? ഏതു രൂപമാണ് അതിന്റേത്? തീർത്തു പറയുവാൻ വയ്യ. അവനവന് ഹിതമായ ഏതുരൂപത്തിലും ആരാധിക്കാമെന്ന് അറിവും അനുഭവവുമുള്ളവർ പറയുന്നു............

"ഏതോ രൂപം വിശ്വാസത്തോടുകൂടി ഭക്തൻ പൂജിക്കാൻ ആഗ്രഹിക്കുന്നോ ആ രൂപത്തിൽ ഉറച്ച വിശ്വാസം ഭഗവാൻതന്നെ ഉണ്ടാക്കുന്നു. ഭഗവദ്രൂപം ഏതുമാകാം എന്നു സാരം. അതിൽ അചഞ്ചലമായ ഭക്തിയും വിശ്വാസവും വേണമെന്നേയുള്ളു........."

ഈ വക കാര്യങ്ങൾ പുരാണവാക്യങ്ങൾ ഉദ്ധരിച്ച് വ്യക്തമാക്കുകയും, വായനക്കാരന്റെ ഹൃദയത്തിൽ വ്യക്തമായ ധാരണകളുളവാക്കുവാൻ പോന്ന വിധം പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു.

"സംസാരയാത്രയിൽ ഉഴലുന്ന ജനങ്ങൾക്കു സമാദരണീയമായ ഭക്തിയുടെ മാഹാത്മ്യം വെളിവാക്കി മുക്തിയിലേയ്ക്കു മാർഗ്ഗദർശനം ചെയ്യുന്ന മഹത്തമമായ ഗ്രന്ഥമാണ് ശ്രീമഹാഭാഗവതം." എന്ന ലേഖകന്റെ അഭിപ്രായം സർവ്വർക്കും സമാദരണീയമാണ്.

"വേദാധികാരനിരൂപണം" എന്നത് ശ്രീചട്ടമ്പിസ്വാമികളാൽ വിരചിതമായ ഒരു ഉത്തമ ഗ്രന്ഥമാണ്. ആ മഹത്തായ ഗ്രന്ഥത്തിന്റെ ചർച്ചയാണ് ഒരു ലേഖന

ത്തിന്റെ ഉള്ളടക്കം. പ്രസ്തുത ഗ്രന്ഥത്തെപ്പറ്റിയും, ആ യതിവര്യനെപ്പറ്റിയും ലേഖകൻ പറയുന്നതു നോക്കുക:

"ശ്രുതികളിലും സ്മൃതികളിലും ഉള്ള അനേകം ദൃഷ്ടാന്തങ്ങൾകൊണ്ടും ശ്രുതിവ്യാഖ്യാനങ്ങളുടെ അകൃത്രിമത്വം കൊണ്ടും മർമ്മഭേദിയായ യുക്തിയുടെ ശക്തികൊണ്ടും സർവ്വോപരി അഗാധാവഗാഹിയായ പ്രതിഭയുടെ പ്രഭകൊണ്ടും അത്യാകർഷകമാണ് ഈ ഗ്രന്ഥം. സ്വതന്ത്രതകൊണ്ട് ഏതു കാലത്തും പുതുമ പുലർത്തുന്ന ആശയഗതി അനുപദം നമ്മെ ആനന്ദിപ്പിക്കും. ദേശകാലസീമകളാൽ നിയന്ത്രിതമായ ആചാരവിശ്വാസങ്ങളിൽ കുടുങ്ങിക്കുഴങ്ങുന്ന സർവ്വജ്ഞമാനികളെ അനുകമ്പാമധുരമായ മന്ദഹാസം പൊഴിച്ചും അനന്തരപരമ്പരകൾക്ക് നേർവഴി കാട്ടിയും ഉത്തുംഗശീർഷനായ ആ മഹാനുഭാവൻ എന്നും നമുക്കു മുൻപിൽ നിലകൊള്ളും".

ശ്രീഗോപാലപിള്ളയുടെ തൂലിക സ്പർശിക്കാത്ത വിഷയങ്ങളില്ല. ജ്യോതിഷവും സാഹിത്യവും ശാസ്ത്രവും എല്ലാം സ്പർശിക്കുന്ന ലേഖനങ്ങൾ ഈ ഗ്രന്ഥങ്ങളിൽ ഉണ്ട്. അവ ഓരോന്നും മനുഷ്യന്റെ സത്പ്രവണതകളെ ഉത്തേജിപ്പിച്ച് പുരോഗമനോൻമുഖമാക്കുവാൻ പോന്നവയാണ്. അവയുടെ അന്തഃസത്തയും, കലാമൂല്യവും ഏതൊരു പണ്ഡിതനും ഉത്തമമെന്നു സമ്മതിക്കും.

# 10

## സാഹിത്യസദസ്സ്

കുമാരമംഗലത്തെ പടികടക്കുമ്പോൾ നിങ്ങൾക്ക് ആ തേൻമാവു കാണാം. ആഗതർക്കു സ്വാഗതമരുളിക്കൊണ്ട് ആ ചൂതവൃക്ഷം ഇന്നും അവിടെ നിലകൊള്ളുന്നു. ആ മരച്ചോട്ടിലൂടെ നടന്ന് വരാന്തയിൽ പ്രവേശിക്കാം. അതിൽ നിന്നും അൽപം ഉയരത്തിലാണ് അടുത്തമുറി. അതുകൊണ്ട് ഒന്നു നടകേറിവേണം അടുത്തമുറിയിലേയ്ക്കു കടക്കാൻ. അവിടെവച്ച് അനേകവർഷം മുടങ്ങാതെ ആ സാഹിത്യസദസ്സു കൂടിയിരുന്നത്. മുറിയുടെ പുറകുവശത്ത് മറെറാരു തേൻമാവുണ്ട്. ഇരുവശവും നിൽക്കുന്ന പടർന്നുപന്തലിച്ച വൃക്ഷങ്ങൾ ആ അന്തരീക്ഷത്തെ അത്യാകർഷകവും സുഖശീതളവുമാക്കിത്തീർക്കുന്നു. പരിഷ്കാരത്തിന്റെ ഭ്രമം പിടിപ്പിക്കുന്ന മോടികൾക്കൊന്നും അവിടെ സ്ഥാനമില്ല, സാധാരണ മട്ടിലുള്ള ഏതാനും കസേരകളു, ഒരു എഴുത്തുമേശയും മാത്രം.

ആരൊക്കെയായിരുന്നു ആ സാഹിത്യസദസ്സിലെ നായകൻമാർ. ശ്രീമാൻമാർ ഡോക്ടർ ഭാസ്കരൻനായർ, എം. പി. അപ്പൻ, ശൂരനാട്ടുകുഞ്ഞൻപിള്ള, ശേഖരപിള്ള, ശിവരാമണി ഗോവിന്ദൻ, പാച്ചല്ലൂർ ഭാസ്കരപിള്ള, കൈനിക്കര കുമാരപിള്ള, എൻ. കൃഷ്ണപിള്ള തുടങ്ങിയ തിരുവനന്തപുരത്തെ പ്രമുഖ സാഹിത്യകാരൻമാരും സഹൃദയൻമാരും ആ സദസ്സിൽ പങ്കുകാരായിരുന്നു. എല്ലാവരും എല്ലാദിവസവും അവിടെ വന്നിരുന്നു എന്ന് അതിന് അർത്ഥമില്ല; എങ്കിലും കുറെപ്പേർ എപ്പോഴും അവിടെ ഹാജരുണ്ടാകും. തന്റെ സ്നേഹിതൻമാരുടെ സാന്നിദ്ധ്യം എപ്പോഴും അദ്ദേഹത്തിന് സന്തോഷകരമായിരുന്നു.

അവിടത്തെ വിജ്ഞാനപ്രദവും ഊർജ്ജസ്വലവുമായ ചർച്ചകൾക്ക് സാഹിത്യസല്ലാപങ്ങൾ എന്നു പറയുകയാവും ശരി. ഓഫീസുസമയം കഴിഞ്ഞുള്ള സമയം മിക്കവാറും ഇത്തരം സല്ലാപങ്ങളിൽക്കഴിക്കും. വിജ്ഞാനത്തിൻെറ തൂമുത്തുകൾ വാരിവിതറുന്ന ആ സല്ലാപങ്ങൾ ആ തേൻമാവുകളെപ്പോലും കോരിത്തരിപ്പിച്ചിരിക്കണം.

വായനയും എഴുത്തും രാത്രിയിൽ മാത്രം. അത് ചിലപ്പോൾ രാത്രിയുടെ അന്ത്യയാമങ്ങൾവരെ നീണ്ടുപോകും. രാജധാനിയിൽ ഒടുവിലണയുന്ന വിളക്ക് അദ്ദേഹത്തിൻെറ മുറിയിലേതാണെന്നു പറയാം.

രാത്രിയിൽ ഒരു കവിത രചിച്ചിട്ടുണ്ടെങ്കിൽ അടുത്ത ദിവസം രാവിലെ ആദ്യം കാണുന്ന സഹൃദയനെ അതു വായിച്ചുകേൾപ്പിക്കും. അന്നത്തെ സാഹിത്യസദസ്സിൽ അതു ചർച്ചാവിഷയമാവുകയും ചെയ്യും. സഹൃദയഹൃദയങ്ങളിൽ അത്തരം നൂറു നൂറു രംഗങ്ങൾ മങ്ങാതെ, മായാതെ, നിൽക്കുന്നു.

അത്തരം ഒരു സന്ദർഭത്തിൽ കഥാനായകനും ശ്രീ എം. പി. അപ്പനുമായുണ്ടായ സരസഭാഷണമാണ് താഴെ ചേർക്കുന്നത്.

അഖില ലോക പ്രശസ്തിയാർജ്ജിച്ച ആൽബർട്ട് ഐൻസ്റ്റീൻ എന്ന ശാസ്ത്രജ്ഞൻ തൻെറ അന്ത്യകാലത്ത് 'താൻ ആത്മാവിൽ വിശ്വസിക്കുന്നില്ല' എന്ന് പ്രസ്താവിച്ചു. ആ പ്രസ്താവന പത്രപംക്തികളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. അന്ന് കുമാരമംഗലത്തെത്തിയപ്പോൾ ശ്രീ അപ്പൻ സ്മര്യപുരുഷനോട് ആദ്യം ചോദിച്ച ചോദ്യം അതേക്കുറിച്ചായിരുന്നു.

ശ്രീ അപ്പൻ: "സർ, ഐൻസ്റ്റീൻ 'ആത്മാവിൽ വിശ്വസിക്കുന്നില്ല' എന്നു പറഞ്ഞിരിക്കുന്നു. സാറിൻെറ അഭിപ്രായം എന്താണ്? ആത്മാവുണ്ടോ?

കഥാനായകൻ: മനസ്സ് എന്നൊന്നുണ്ടോ?

അപ്പൻ: ഉണ്ട്.

കഥാനായകൻ: എങ്ങനെ അറിയുന്നുണ്ട്.?

അപ്പൻ: നാം അനുഭവിച്ചറിയുന്നു. നാം വേദനയും, സന്തോഷവും അറിയുന്നുണ്ടല്ലോ

കഥാനായകൻ: അതുപോലെ ആത്മാവുണ്ടെന്ന് എന്തുകൊണ്ട് അറിയുന്നില്ല.

(ഉടനേ ഭർത്തൃഹരിയുടെ ഒരു പദ്യം ചൊല്ലി. തുടർന്ന് അതിന്റെ സ്വാരസ്യവും വ്യക്തമാക്കുന്നു. പദ്യം ചേർക്കുന്നു.)

"ദിക്കാലാദ്യനവച്ഛിന്നാ-
നന്ദ ചിന്മാത്ര മൂർത്തയേ
സ്വാനുഭൂത്യേകമാനായ
നമഃ ശാന്തായ തേജസേ ll"

'Self-realisation is the only proof' സ്വന്തം അനുഭൂതിയാണ് അതിനു തെളിവ്. ഉദാഹരണങ്ങൾ കൊണ്ട് വ്യക്തമാക്കുക വയ്യ. അവനവന്റെ അനുഭൂതി കൊണ്ട് ആത്മാവിനെ അറിയുകയാണ് വേണ്ടത്.

# 11

## നർമ്മഭാഷണങ്ങൾ

വീട്ടിലും, ഓഫീസിലും, പ്രസംഗവേദിയിലും എല്ലാം സാറിന്റെ ഭാഷണങ്ങളിൽ നർമ്മോക്തികൾ ഇടയ്ക്കിടെ ഉണ്ടാവും. അതിന്റെ ആസ്വാദ്യത ഓർമ്മകളിൽ തങ്ങിനിൽക്കാൻ പോന്നതുമാണ്.

സാധാരണഗതിയിൽ ആരെക്കണ്ടാലും അൽപം വേദനിപ്പിക്കുന്ന രീതിയിൽ സംസാരിക്കുന്നവരാണ് അധികം പേരും. ഒരു മുള്ളുവാക്കും പറയാനില്ലെങ്കിൽ 'എന്ത്? തലമുടിയാകെ നരച്ചല്ലോ? എന്നോ, 'കഷണ്ടിവരുന്ന ലക്ഷണമുണ്ടല്ലോ' എന്നോ മററോ പറഞ്ഞെന്നു വരും. അങ്ങനെ പ്രസ്താവിക്കാൻ അവസരമല്ലെങ്കിൽ 'ശരീരമാകെ ക്ഷീണിച്ചുപോയല്ലോ' എന്നായിരിക്കും തുടക്കം. വിശേഷം ഒളിഞ്ഞിരിക്കുന്ന സ്നേഹപ്രകടനം. കഥാനായകനോട് ഒരു വിദ്വാൻ 'അല്ല, സാറ് ക്ഷീണിച്ചല്ലോ. ശരീരം സൂക്ഷിക്കണം' എന്നറിയിച്ചു. അദ്ദേഹം നന്ദി പ്രകടിപ്പിക്കുമെന്നായിരുന്നു ആഗതന്റെ പ്രതീക്ഷ. അതുകേട്ട് ശ്രീ ഗോപാലപിള്ള സഹാനുഭൂതി പ്രകടിപ്പിച്ച മാന്യനെ നോക്കി ഇങ്ങനെയൊരു മറുപടി നൽകി:– "ഹേയ്. നിങ്ങളാരാണ് എന്റെ ആരോഗ്യത്തെക്കുറിച്ചു പറയാൻ? എന്റെ ഭാര്യക്കുണ്ടാകേണ്ട താത്പര്യം നിങ്ങൾക്കോ?"

* * * * *

ഒരു ദിവസം രാവിലെ കഥാനായകൻ കുളിക്കുവാനുള്ള പുറപ്പാടായിരുന്നു. നാടൻമട്ടിൽ തോർത്തുടുത്തുകൊണ്ട് മുററത്തേയ്ക്കിറങ്ങി. അപ്പോൾ മുററത്തു നിന്ന പൂച്ചെടിയുടെ ചുവടൊന്നിളക്കി അൽപം പരിചരിക്കാൻ താത്പര്യം തോന്നി. അദ്ദേഹം ഒരു കോലെടുത്ത് ചെടിയുടെ തടം ഇളക്കിക്കൊണ്ടിരുന്നു. തൽസമയം ഒരാൾ പടികയറി വന്നു.

വീട്ടിന്റെ പൂമുഖത്ത് ആരെയും കാണാഞ്ഞതുകൊണ്ട് ചെടിയെ ശുശ്രൂഷിച്ചു കൊണ്ടിരുന്ന ആളിനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു. "പ്രൻസിപ്പാളദ്ദേഹത്തിനെ ഒന്നു കാണണമായിരുന്നു." ഇരുന്ന ഇരുപ്പിൽ തന്നെ കഥാനായകൻ മറുപടി കൊടുത്തു. "പൂമുഖത്ത് ചെന്നിരുന്നാൽ മതി, അദ്ദേഹം ഉടനേ വരും." വീണ്ടും ജോലി തുടർന്നു. മുൻവശത്ത് കസേര നീക്കുകയോ മറേറാ ചെയ്ത ശബ്ദം കേട്ട് ഭാര്യ അവിടേയ്ക്കു ചെന്നു. അപരിചിതൻ വിനയപൂർവ്വം "പ്രിൻസിപ്പാളദ്ദേഹത്തിനെ ഒന്നുകാണാൻ വന്നതാണ്, ഇവിടെ വന്നിരിക്കാൻ തോട്ടക്കാരൻ പറഞ്ഞു." എന്ന് അറിയിച്ചു. ഉടനെ അവർ അകത്തെ മുറിയിൽക്കൂടി നടന്ന് മുററത്തേയ്ക്കിറങ്ങി. പ്രിൻസിപ്പാളദ്ദേഹം അപ്പോഴും ചെടിയെ താലോലിക്കുകയാണ്.

"അവിടെ ഒരാൾ കാണാൻ വന്നിരിക്കുന്നു. അവിടെ ചെന്നിരിക്കാൻ തോട്ടക്കാരൻ പറഞ്ഞു." എന്നയാൾ പറഞ്ഞ ഉടൻ തന്നെ അദ്ദേഹം അവിടെ നിന്നും എഴുന്നേററു. മുൻവശത്തേയ്ക്കുപോകാതെ കുളിമുറുയിൽ പോയി കൈകാലുകൾ ശുദ്ധിവരുത്തി; സ്വന്തം മുറിയിലെത്തി. ഭാര്യയും അനുഗമിച്ചു. ആദ്യം മുണ്ടെടുത്തുടുത്തു. പിന്നെ ഭാര്യയെ നോക്കി പറഞ്ഞു: "വേഷം വളരെ പ്രധാനമാണെന്ന് പണ്ടാരോ പറഞ്ഞിട്ടുണ്ട്. അതു കൊണ്ട് ജൂബ്ബകൂടി ധരിച്ചു കളയാം." വേഷം പൂർത്തിയാക്കിയ ശേഷം അദ്ദേഹം അകത്തെ വാതിലിൽക്കൂടി പൂമുഖത്തെത്തി, രസികഭാവത്തിൽ ആഗതനോടു പറഞ്ഞു: "രാവിലെ ഞാൻ തോട്ടക്കാരനായിരുന്നു ഇപ്പോൾ ഞാൻ പ്രിൻസിപ്പാളാണ്. എന്താണു സംഗതി." ആഗതൻ തനിക്കു പററിയ അമളിയോർത്ത് ലജ്ജയും പരിഭ്രമവും കലർന്ന വികാരഭേദത്താൽ വിവശനായി ഭക്ത്യാദരങ്ങളോടെ തന്റെ കുററത്തിനു മാപ്പുചോദിച്ചു. ആയിരം തവണ വേണമെങ്കിലും മാപ്പുചോദിക്കുവാൻ അയാൾ തയാററ്

യിരുന്നു. കഥാനായകൻ പുഞ്ചിരി തൂകിക്കൊണ്ട് ആ വികൃതികൾ നോക്കി രസിച്ചു.

* * * * *

ശ്രീ. സി. കേശവൻ മെഡിക്കൽകാളേജാശുപത്രിയിൽ വിശ്രമിച്ചിരുന്ന അവസരത്തിൽ ശ്രീ ഗോപാലപിള്ള അദ്ദേഹത്തെ സന്ദർശിച്ചു. തൻെറ വാർദ്ധക്യസഹജമായ അവശതകളെപ്പററി ശ്രീ കേശവൻ അവർകൾ പ്രസ്താവിച്ചപ്പോൾ കഥാനായകൻെറ മറുപടി ഇതായിരുന്നു.

"അമ്മാതിരി വിചാരം ഉണ്ടാകാതിരിക്കാനാണ് ഈ വയസ്സുകാലത്ത് ഞാൻ യുവാക്കൻമാരെപ്പോലെ വസ്ത്രധാരണം ചെയ്യുന്നതും യുവാക്കൻമാരുടെ സഹചര്യം ഇഷ്ടപ്പെടുന്നതും." ശ്രീ കേശവൻ ഉൾപ്പെടെ എല്ലാവരും ചിരിച്ചു രസിച്ചു.

* * * * *

അന്ന് ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല (തിരുവനന്തപുരം)യുടെ വാർഷികം നടക്കുകയായിരുന്നു. പ്രസംഗമദ്ധ്യേ കൈനിക്കര കുമാരപിള്ള ഇങ്ങനെ പറഞ്ഞു: 'പറച്ചിൽ കുറയ്ക്കുകയും ചിന്ത കൂട്ടുകയുമാണ് വേണ്ടത്.' ശ്രീ ഗോപാലപിള്ളയായിരുന്നു കൃതജ്ഞത പറഞ്ഞത്. 'ഞാൻ കൃതജ്ഞത ചിന്തിച്ചുകൊള്ളുന്നു' എന്നദ്ദേഹം പറഞ്ഞപ്പോൾ സദസ്സിൽ കൂട്ടച്ചിരിയുയർന്നു.

* * * * *

ഒരു സമ്മേളനം കഴിഞ്ഞ് അദ്ധ്യക്ഷപദം അലങ്കരിച്ച കഥാനായകനും ഒരു സുഹൃത്തുമായി ഇങ്ങനെയൊരു സംഭാഷണം ഉണ്ടായി.

സുഹൃത്ത്: "സാർ ആ പ്രസംഗകനെ അങ്ങനെ വധിക്കേണ്ടായിരുന്നു?"

കഥാനായകൻ: ''ഞാൻ അദ്ധ്യക്ഷന്റെ കർത്തവ്യം നിർവ്വഹിച്ചതേയുള്ളു. ആദ്യം ഉപക്രമം; ഒടുവിൽ ഉപസംഹാരം, അതായത്, ചെറിയ സംഹാരം. അതിൽ എന്താണ് തെററ്?''

അദ്ദേഹം ആദ്ധ്യക്ഷ്യം വഹിക്കുന്ന സമ്മേളനത്തിൽ പ്രസംഗിക്കുകയെന്നത് സമകാലീനസാഹിത്യകാരൻമാർക്കെല്ലാം ഒരു പേടിസ്വപ്നമായിരുന്നു. "അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ" എന്ന പുരാണവാക്യം പോലെ ശ്രീ ഗോപാലപിള്ളയുടെ സംഹാര ക്രിയകളിൽ നിന്നു രക്ഷപ്പെട്ടിട്ടുള്ള സാഹിത്യകാരൻമാർ ആ കാലഘട്ടത്തിൽ ഉണ്ടോയെന്ന് സംശയമാണ്.

* * * * *

തിരുവിതാംകൂർ ദേവസ്വത്തിന്റെ താത്പര്യാർത്ഥം ശ്രീഗോപാലപിള്ളയും മററു രണ്ടു സുഹൃത്തുക്കളും കൂടി പുരാതന ക്ഷേത്രങ്ങൾ സന്ദർശിക്കുന്ന പരിപാടിയിലേർപ്പെട്ടിരുന്നു. ഒരു ദിവസത്തെ സന്ദർശനം കഴിഞ്ഞ് മൂവരും സ്ഥലത്തെ സത്രത്തിലെത്തി ഉറങ്ങാൻ കിടന്നു. ഒരാൾ ഉടൻ തന്നെ ഉറങ്ങിപ്പോയി. എന്നാൽ മററു രണ്ടുപേർക്കും കൊതുകിന്റെ ശല്യം കൊണ്ട് ഉറക്കം വന്നില്ല. അവർ എഴുന്നേററിരുന്ന് സംഭാഷണത്തിലേർപ്പെട്ടു.

സുഹൃത്ത്:–അദ്ദേഹം സുഖമായുറങ്ങുന്നല്ലോ? ഈ കൊതുകെന്താണദ്ദേഹത്തെ കടിക്കാത്തത്?

കഥാപുരുഷൻ:–"അതോ? അദ്ദേഹം മുൻകോപിയാണെന്ന് കൊതുകിനറിയാം. അദ്ദേഹത്തെ കടിച്ചാൽ എഴുന്നേററ് അവനെയെല്ലാം അടിച്ച് വകവരുത്തിക്കളയും"

# 12

## ഒരു ഷഷ്ടിപൂർത്തി ആഘോഷത്തിന്റെ ഓർമ്മ

കഥാനായകൻ ഒരിക്കലും കീർത്തിയെ തേടിപ്പോയിട്ടില്ല; മോഹിച്ചതുമില്ല. അവൾ സ്വയംവന്ന് ആ ജ്ഞാനവൃദ്ധന്റെ ശിരസ്സിൽ കിരീടമണിയിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ അറുപതാംപിറന്നാൾ ഒന്നാഘോഷിക്കണമെന്ന് ശിഷ്യന്മാരിൽ പലരും ആഗ്രഹിച്ചു. "അങ്ങനെ ഞങ്ങളിൽ മൊട്ടിട്ടുനിന്ന ഒരാശാകുസുമം വിടർന്ന് പരിമളം പരത്തുകയാണ്.........ഞങ്ങളുടെ ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിതനായ അഭിവന്ദ്യഗുരുനാഥന്റെ അന്തസ്സിനും അഭിമാനത്തിനുമൊത്തവിധം ഒരു ഉപഹാരഗ്രന്ഥമിറക്കണമെന്നതായിരുന്നു ഞങ്ങളുടെ വിനീതമായ ആഗ്രഹം."

അങ്ങനെ അദ്ദേഹത്തിന്റെ പൂർവ്വകാല വിദ്യാർത്ഥികളുടെ ചിരകാലാഭിലാഷമായി ആ അറുപതാം പിറന്നാൾ ആഘോഷിക്കപ്പെട്ടു. സഹൃദയലോകം ആ സന്ദർഭം സമുചിതമാംവിധം കൊണ്ടാടുകയും ചെയ്തു. കേരളത്തിലെ സാഹിത്യകാരൻമാരുടെയും, സഹൃദയലോകത്തിന്റെയും, അദ്ദേഹത്തിന്റെ വത്സല ശിഷ്യന്മാരുടെയും ആത്മാർത്ഥമായ അഭിലാഷം ഒരു ഷഷ്ടിപൂർത്തി മംഗളോപഹാരമായി രൂപം പൂണ്ടു. ആ ഉപഹാരത്തിൽ കോർത്തിണക്കിയ കുസുമങ്ങൾ വർണ്ണശബളവും സുരഭിലവുമായിരുന്നു.

"പണ്ഡിതനും നയജ്ഞനും സഹൃദയനുമായ ഗോപാലപിള്ളയെ അടുത്തറിയുവാൻ തുടങ്ങിയിട്ട് അഞ്ചുകൊല്ലമേ ആയിട്ടുള്ളൂ. കേരള സാഹിത്യ അക്കാദമി നിർവ്വാഹക സംഘാംഗമെന്നനിലയ്ക്ക് അദ്ദേഹത്തിന്റെ പാണ്ഡിത്യവും നർമ്മബോധവും ആസ്വദിക്കുന്നതിനുള്ള അവസരങ്ങൾ ഈ ചുരുങ്ങിയ

കാലഘട്ടത്തിനുള്ളിൽ എത്രയെങ്കിലും ഉണ്ടായിട്ടുണ്ട്...... ഗോപാലപിള്ളയുടെ സാന്നിദ്ധ്യവും അദ്ദേഹത്തിൻെറ കുറിക്കുകൊള്ളുന്ന ഫലിതങ്ങളും അവ സന്തോഷപ്രദമായ അവസരങ്ങളായി മാററാറുണ്ട്. ഏതു കാര്യത്തിലും ഗോപാലപിള്ളയ്ക്ക് അഭിപ്രായങ്ങളുണ്ട്. എന്നാൽ അവ പ്രകടിപ്പിക്കുന്നതിലോ മററുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിലോ അദ്ദേഹം ഒരിക്കലും ബദ്ധപ്പാട് കാണിക്കാറില്ല. ശാന്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു കൊച്ചരുവിയെപ്പോലാണ് ഗോപാലപിള്ളയുടെ ജീവിതമെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്.........."

ശ്രീ കെ. പി. കേശവമേനോൻെറ ഉപഹാരമാണിത്.

"അനുഗൃഹീതനായ ഒരു പ്രഭാഷകൻ, പ്രതിഭാശാലിയും ഭാവനാസമ്പന്നനുമായ ഒരു കവി, സംസ്കൃതം, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ അസാധാരണമായ പാണ്ഡിത്യം നേടിയിട്ടുള്ള ഒരു സഹൃദയ ശിരോമണി, ശിഷ്യഗണങ്ങളുടെ നിരുപമമായ ആദരവിനും, ആരാധനയ്ക്കും പാത്രമായി തീർന്നിട്ടുള്ള ഒരു ആചാര്യൻ, കലാശാലാസമിതികളിൽ സുസമ്മതനും പ്രഗല്ഭനുമായ ഒരംഗം എന്നീ വിവിധനിലകളിൽ പ്രശസ്തനായിത്തീർന്നിട്ടുള്ള ശ്രീ ഗോപാലപിള്ള കേരളത്തിലെ വൻകിട സാഹിത്യനായകന്മാരുടെ ഇടയിൽ സുവിദിതനാണല്ലോ........"

ഇതാണ് അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ പട്ടം താണുപിള്ളയുടെ വാക്കുകൾ.

"ഗുരു ശിഷ്യബന്ധം ഒരു പരിശുദ്ധ പ്രതിഭാസമായിരുന്ന പ്രാചീനകാലം ഇങ്ങിനി വരാതെവണ്ണം കടന്നു പോയിരിക്കുന്നു. ഭൗതികവാദത്തിൻെറ അപ്രതിഹതമായ തള്ളിക്കയററം പഴയ ധർമ്മവികാരങ്ങളെ ഉരസലിലാക്കിയിട്ടുണ്ട് ആ പരിശുദ്ധിയും പരസ്പര ബന്ധങ്ങളുമെല്ലാം പഴുത്തു കൊഴിഞ്ഞ്, ഗുരുശിഷ്യ ബന്ധം ഇന്നു കേവലം ഒരു

കലയും വ്യവസായവുമായി ആവിർഭവിച്ചിരിക്കുകയാണ്. ഈ മാറിയ പരിതഃസ്ഥിതിയിലും, തൻെറ പൂർവ്വകാല ശിഷ്യന്മാരുടെ സ്നേഹവും ബഹുമാനവും ഈ പ്രായത്തിലും വിച്ഛേദിത്തി കൂടാതെ നിലനിറുത്താൻ കഴിഞ്ഞ ശ്രീ ഗോപാലപിള്ള ഭാഗ്യവാനാണ്, അനുമോദനാർഹനാണ്.

എത്ര ഉന്നതനിലയെ പ്രാപിച്ചവനും കണ്ണഞ്ചിക്കുന്ന ഔന്നത്യത്തിൽ നിന്നുകൊണ്ട് ബാല്യകാലസ്മരണകളെ അയവിറക്കുമ്പോൾ, ചില കളിത്തോഴരെയും ജന്മനാടിനെയും സ്മരിക്കാതിരിക്കയില്ല. എങ്കിലും ജീവിതത്തിൽ സംഭവിച്ച സ്ഥിതിവ്യത്യാസം, ആ വിചാരവികാരങ്ങൾക്ക് ബാഹ്യമായ അംഗീകാരം നല്കാൻ പലരെയും വിമുഖരാക്കാറുണ്ട്. ശ്രീ ഗോപാലപിള്ള അതിനൊരപവാദമാണ്. ഞങ്ങളുടെ ജന്മദേശമായ മയ്യനാടിനെപ്പററി സംസാരിക്കാൻ ഇടവന്നിട്ടുള്ള സന്ദർഭങ്ങളിലെല്ലാം, പല പൂർവ്വകാല സംഭവങ്ങളെയും അനുസ്മരിച്ച് അദ്ദേഹം വികാരാധീനനാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. എൻെറ ഗുരുനാഥനും ശ്രീ ഗോപാലപിള്ളയുടെ ജ്യേഷ്ഠസഹോദരനുമായ ശ്രീ കൊച്ചുകൃഷ്ണപിള്ള ഒരു പ്രൈമറി സ്കൂളിലെ പെൻഷൻ അദ്ധ്യാപകനാണെങ്കിലും തൻെറ ഔന്നത്യത്തിനുള്ള കർമ്മപദ്ധതികൾ തെളിച്ചുകൊടുത്ത രക്ഷാകർത്താവ് എന്ന നിലയിൽ ഇന്നും ഗോപാലപിള്ളയ്ക്ക് ആരാധ്യനാണ്. തൻെറ ചില ബാല്യകാല സുഹൃത്തുക്കളെ, അവരുടെ കുലചേലഭാവം ഗണിക്കാതെ തന്നെ ശ്രീ ഗോപാലപിള്ള സമശീർഷരായി സ്വീകരിച്ചുബഹുമാനിക്കാറുണ്ട്. സ്ഥാനവലിപ്പമോ, പ്രഭുതയോ സജ്ജാതിയോ ഒന്നും തന്നെ മനുഷ്യത്വത്തെ ശ്രീ ഗോപാലപിള്ളയിൽനിന്ന് നിർമ്മാർജ്ജനം ചെയ്യാൻ പ്രേരകമായി ഭവിച്ചിട്ടില്ല......... വ്യാപകമായ ഒരു സുഹൃദ്വലയമാണ് അദ്ദേഹത്തിനുള്ളത്. .........ശ്രീ പിള്ളയുടെ ബഹുജനസമ്മതിക്കു കാരണം അദ്ദേഹത്തിൻെറ സഹൃദയത്വമാണ് ......" ഇതാണ് കേരളകൌമുദി

പത്രാധിപർ ശ്രീ കെ. സുകുമാരന് കഥാനായകനെപ്പററി പറയാനുള്ളത്.

"പ്രതിഭയും പ്രസന്നവദനവും, പ്രഗല്ഭതയും പ്രകടചാതുര്യവും, പാണ്ഡിത്യവും, പരിചയസമ്പത്തും, സാഹിത്യാചാര്യത്വവും, സഹൃദയ വിലാസവും, നിർഭയത്വവും, നീതി നിപുണതയും തികഞ്ഞ എന്റെ സുഹൃത്ത്. . ...…" എന്നാണ്. സാഹിത്യകുശലൻ ശ്രീ പുത്തേഴത്ത് രാമൻമേനോൻ കഥാനായകനെ വിശേഷിപ്പിക്കുന്നത്.

ഷഷ്ടിപൂർത്തിസ്മാരകക്കമ്മിററി അംഗങ്ങൾ കഥാനായകന്റെ പേരിൽ കേരള സർവ്വകലാശാലയിൽനിന്നു സംസ്കൃതം എം. ഏ. യ്ക്ക് ഓരോ വർഷവും ഏററവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥിക്കായി ഒരു സ്വർണ്ണ മെഡൽ ഏർപ്പെടുത്തുകയുണ്ടായി.

അവർതന്നെ പിൽക്കാലത്ത് അദ്ദേഹത്തിന്റെ സംസ്കൃതപരിഭാഷകൾ — സീതാവിചാരലഹരി, പ്രേമസംഗീതം,— ചേർത്തു 'കേരളപ്രതിഭ എന്ന പേരിലും ഗീതാഞ്ജലി പ്രത്യേകമായും പ്രസിദ്ധീകരിക്കുകയും ചെയ്തു.

ശ്രീ. ഗോപാലപിള്ളയുടെ കൃതികൾ തന്നെയാണ് യഥാർത്ഥകീർത്തിമുദ്രകളും അദ്ദേഹത്തിന്റെ സ്മാരകങ്ങളും.

# 13

## അന്ത്യദിനങ്ങൾ

1967-ലാണ് പെട്ടെന്ന് ഒരു ഓപ്പറേഷന്റെ ആവശ്യം നേരിട്ടത്. ഓപ്പറേഷൻ സാധാരണമായിരുന്നെങ്കിലും അതിൽ നിന്നുണ്ടായ മുറിവ് നിശ്ശേഷം കരിയുകയുണ്ടായില്ല.

ചെറിയ പരുക്കുകളോടുകൂടി വീണ്ടും 'വിജ്ഞാനകോശ' നിർമ്മിതി തുടരുന്നു. മുടങ്ങാതെ ഓഫീസിലെത്തുകയും ചെയ്തു. ഏതാണ്ട് ഒരു വർഷക്കാലം അങ്ങനെ തുടർന്നു. അപ്പോൾ വേദന ക്രമേണ കൂടിവന്നു. അത് ദിനംപ്രതി, നിമിഷംപ്രതിയെന്നോണം വർദ്ധിച്ചു തിരുവനന്തപുരം ജനറൽ ഹോസ്പിററലിലെ ഡാക്ടർമാർ ശ്രദ്ധാപൂർവ്വം ചികിൽസിച്ചു വേദന കുറയുന്നില്ല. മുറിവുണങ്ങാൻ കൂട്ടാക്കുന്നില്ല.

അത് 1967 ഡിസംബർ മാസത്തിലായിരിക്കണം. ഒരു ദിവസം ഭാര്യയെ വിളിച്ച് ബാങ്കിലെ കണക്കുകളൊക്കെ ഏൽപിക്കാൻ വട്ടംകൂട്ടി. അവർ ചോദിച്ചു. 'ഈ കണക്കുകളൊക്കെ എന്തിനാണ് എന്നോടു പറയുന്നത്.' 'ഒരു പക്ഷേ, ഞാൻ പെട്ടെന്നില്ലാതെ വന്നാലോ എന്നാണ് പെട്ടെന്ന് നാവിലുദിച്ചത്. അത് ഉടൻതന്നെ തിരുത്തുകയും ചെയ്തു. 'നീയുംകൂടി ഇതൊക്കെ ഒന്നറിഞ്ഞിരിക്കട്ടെ എന്നു വിചാരിച്ചു എന്നേയുള്ളു.' എന്നായി കഥാനായകൻ. കൂടാതെ പിന്നീടൊരു ദിവസം പുത്രൻമാരുടെ ഗ്രഹനിലക്കുറിപ്പുകൾ എല്ലാം എഴുതി ഭാര്യയെ ഏൽപിച്ചു. ആ ജ്യോതിശ്ശാസ്ത്രനിപുണൻ തന്റെ ഗ്രഹനിലയെപ്പററിയും ചിന്തിച്ചിരിക്കണം.

1968. ഈ സമയം 'ഗീതാഞ്ജലി'യുടെ സംസ്കൃത വിവർത്തനം പ്രസ്സിലായിരുന്നു. അച്ചടി തുടർന്നു. പ്രൂഫുകൾ തിരുത്തിക്കൊടുത്തു. ഗീതാഞ്ജലിയുടെ അച്ചടി മുഴുവനായി. ഇനി അതിനൊരു പുറംചട്ട അണിയിച്ചാൽ മതി. ഇത്രയുമായപ്പോഴേയ്ക്കും കഥാപുരുഷനെ വെല്ലൂർ മെഡിക്കൽകാളേജിൽ കൊണ്ടുപോകണമെന്ന് ഇവിടത്തെ വിദഗ്ദ്ധ ഡാക്ടർമാർ അഭിപ്രായപ്പെട്ടു.

ഈ വേദനയിലും അദ്ദേഹം പ്രസന്നവദനനായിരുന്നു. താനനുഭവിക്കുന്ന അസഹനീയമായ വേദനയെ മറച്ചുപിടിച്ചുകൊണ്ട് പുഞ്ചിരി തൂകാൻ ആ മഹാനു കഴിഞ്ഞു. വേദന ഏതായാലും അനുഭവിച്ചേ തീരൂ; അത് അറിയിച്ചു മററുള്ളവരെക്കൂടി വേദനിപ്പിക്കുന്നതെന്തിനാണ് എന്നായിരുന്നു ഭാവം.

കുമാരമംഗലത്ത് ഇത്രകാലവും തൻെറ ഹൃദയത്തിന് അവാച്യമായ അനുഭൂതി പകർന്ന ആ തേൻമാവനെ ജനാലയിലൂടെ നോക്കിക്കൊണ്ട് കിടക്കും. സാഹിത്യചർച്ചകൾ കേട്ടു കുളിരണിഞ്ഞ ആ അന്തരീക്ഷം മെല്ലെ മെല്ലെ ശോകമൂകമാവുകയായിരുന്നു. തളിരണിഞ്ഞും, പൂവണിഞ്ഞും, കനികളണിഞ്ഞും വസന്ത ശിശിര ശരത്കാലങ്ങളിൽ ആ കാവ്യലോകത്തിന് അനുഭൂതി പകർന്ന തേൻമാവുകൾ; അതിൻെറ കൊമ്പിലിരുന്ന് പാട്ടുപാടിയിരുന്ന പറവകൾ; ആ ജനാലയിലൂടെ ഒഴുകിവന്നിരുന്ന നിലാവുകൾ എല്ലാം വേദനയുടെ പ്രതീകങ്ങളായി മാറി. ആ കലാഹൃദയം മൂകമായി അതെല്ലാം കാണുകയായിരുന്നു. ആ ധർമ്മപത്നി സ്നേഹപൂർവ്വം പരിചരിച്ചു. വേദന ഇന്നു കുറയും, നാളെ കുറയും എന്നവർ മനസ്സിൽ കരുതി. അതിലേയ്ക്കായി അനുനിമിഷം ജഗന്നിയന്താവിനോടു പ്രാർത്ഥിച്ചു. പുത്രൻ മാരും അവരുടേതായ കർത്തവ്യബോധത്തോടെ പിതാവിനെ

ശുശ്രൂഷിച്ചു. സാഹിത്യസദസ്സിലെ സഹൃദയൻമാർ വന്നു. ഹൃദയത്തിൽ വേദനയും പേറി അവർ മടങ്ങിപ്പോയി.

ഒടുവിൽ വെല്ലൂരിലേയ്ക്കു പോകാൻ തീരുമാനിച്ചു., തികഞ്ഞ ശുഭാപ്തിവിശ്വാസത്തോടെ. പ്രഭാതത്തിൽ വെല്ലൂരിലേയ്ക്കു പുറപ്പെട്ടു. കഥാനായകനും മകൻ രാജനും ട്രെയിനിൽ കയറി ഇരിപ്പുപിടിച്ചു. സ്നേഹമയിയായ ഭാര്യയോ മററു പുത്രൻമാരോ തന്നെ അനുഗമിക്കുവാൻ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹത്തെ യാത്ര അയയ്ക്കുവാനായി തിരുവനന്തപുരത്തെ സാഹിത്യകാരൻമാരുടെയും സഹൃദയൻമാരുടെയും ഒരു വലിയ സംഘം ട്രെയിനിനടുത്ത് നിന്നിരുന്നു. പെട്ടെന്ന് സമയമറിയുവാൻ അദ്ദേഹം തൻെറ വാച്ചിലേയ്ക്കു നോക്കി. തെല്ലു പരിഭ്രാന്തനായി. വാച്ച് നിശ്ചലമായിരുന്നു. എന്നും അദ്ദേഹം കൃത്യമായി വാച്ചിനു കീ കൊടുക്കും. തൻെറ വാച്ചു നിന്നുപോവുക–അങ്ങനെയൊന്ന് ഇതിനു മുൻപ് ഉണ്ടായിട്ടില്ല. അദ്ദേഹം അടുത്തുതന്നെ യാത്ര അയയ്ക്കാനായി നിന്നിരുന്നവരോടായി പറഞ്ഞു "എൻെറ വാച്ചു നിന്നുപോയി. ദുഃശകുനമാണല്ലോ" ആ മുഖം തെല്ലൊന്നു മങ്ങി. അടുത്തിരുന്ന മകൻെറ മുഖം പരിഭ്രാന്തമായി. ആ പരിഭ്രാന്തിയും വ്യാകുലതയും സുഹൃദ്സംഘത്തിലേയ്ക്കും പകർന്നു. പതിവുപോലെ ചൂളമടിച്ചുകൊണ്ട് തീവണ്ടി സ്റേറഷൻ വിട്ടു.

വെല്ലൂരിൽ അതിവിദഗ്ദ്ധൻമാരായ ഒരു സംഘം ഡോക്ടർമാരാണ് അദ്ദേഹത്തെ പരിശോധിച്ചത്. വിദഗ്ദ്ധപരിശോധനയ്ക്കുശേഷം ഒരു ഓപ്പറേഷൻകൂടി വേണമെന്നു നിശ്ചയിച്ചു അദ്ദേഹത്തിനോട് അതിനു സമ്മതം ചോദിച്ചു. അപ്പോഴും നിരാശാഭാവം കൈക്കൊള്ളാതെ "ആകട്ടെ" എന്നു ശാന്തമായി മറുപടി നൽകി.

ഓപ്പറേഷൻ വിജയകരമായി നടന്നു. മുറിവു പെട്ടെന്നു തന്നെ കരിയുകയും ചെയ്തു. ഇത്രവേഗം ഓപ്പറേഷൻെറ

മുറിവു കരിഞ്ഞതുകണ്ട് ഡാക്ടർമാർ അദ്ഭുതം പ്രകടിപ്പിച്ചു.

കൂടെക്കൂടെ കഥാനായകൻ കിടക്കയിൽ ചാരിയിരുന്ന് ഭാര്യയ്ക്ക് കത്തെഴുതും. 'എനിക്കു സുഖമാണ്. ഞാൻ അടുത്തുതന്നെ സുഖമായി വീട്ടിലേയ്ക്കു മടങ്ങും.'

പെട്ടെന്നാണ് ശരീരത്തിൻെറ പിൻഭാഗത്ത് ഒരു ചെറിയ നെല്ലിക്കയുടെ വലിപ്പത്തിൽ ഒരു കുരുപോലെ ഒന്നു കണ്ടത്. അത് ഡാക്ടർമാരെ കാണിച്ചു. അവരുടെ മുഖം മങ്ങി. രോഗം ഒളിച്ചുകളി നടത്തുകയായിരുന്നു. രോഗം ഒരിടത്തുനിന്നു പിൻവാങ്ങി മറെറാരിടത്തു പ്രത്യക്ഷപ്പെടുകയായിരുന്നു. ആ കുരുവും കീറിമുറിച്ചു.

അദ്ദേഹം ആത്മപ്രേയസിക്കിങ്ങനെ എഴുതി. 'ഞാൻ ഒന്നാം തീയതി വീട്ടിലെത്തും. പത്തുദിവസം നിൻെറ ശുശ്രൂഷയിൽ കഴിയും.' അതായിരുന്നു അവസാനത്തെ കത്ത്. തൻെറ നാളുകൾ കണക്കുകൂട്ടിക്കഴിഞ്ഞിരുന്നു ജൂൺ ഒന്നാം തീയതി അദ്ദേഹം കുമാരമംഗലത്തെത്തി. വേദന നിറഞ്ഞ ദിവസങ്ങൾ നീങ്ങി. ആത്മസ്നേഹിതൻമാർക്ക് ദർശനത്തിന് അവസരം ലഭിച്ചു; ഭാര്യയ്ക്ക് പരിചരിക്കുവാനും. അന്ന് ജൂൺ ഒൻപതാം തീയതിയായിരുന്നു. രാത്രി ഒൻപതു മണിയോടടുക്കും. 'മരുന്നു കഴിക്കാൻ സമയമായല്ലോ' എന്നു പറഞ്ഞ് ഭാര്യ വന്നു. ഗുളിക കയ്യിൽ കൊടുത്തു. അതു വിഴുങ്ങിയാലും മതി. പക്ഷെ, അദ്ദേഹത്തിന് അപ്പോൾ ചവച്ചിറക്കുവാനാണ് തോന്നിയത്. ഗുളികയിറക്കിക്കഴിഞ്ഞപ്പോൾ ചെറിയ ചുമയിളകി. അപ്പോൾ ഭാര്യ പറഞ്ഞു: 'ഗുളിക ചവച്ചിറക്കിയതുകൊണ്ടല്ലേ ചുമ വന്നത്.?

'ഗുളിക കഴിച്ചതുകൊണ്ടും ആവാം, മറേറതും ആവാം.' ഒട്ട് സപഗതമായും ഒട്ട് ഭാര്യയോടായും പറഞ്ഞു. 'മറേറത്' എന്താണെന്ന് അപ്പോൾ ആ സാദ്ധ്വി അറിഞ്ഞില്ല.

അന്ന് ഞായറാഴ്ചയായിരുന്നു. 10-ാം തീയതി വൈകുന്നേരമായി. വേദനയും ക്ഷീണവും അൽപം കൂടുതലുണ്ട്. അദ്ദേഹത്തെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോകണമെന്ന് ഡാക്ടർമാർ അഭിപ്രായപ്പെട്ടു. അതിനുള്ള ഒരുക്കമായി.

ഇളയ മകന് ഐ. ഏ. എസ്സ് സിലക്ഷൻ കിട്ടിയപ്പോൾ അച്ഛനു സമ്മാനിച്ച ശ്രീബുദ്ധന്റെ ഒരു അർദ്ധകായപ്രതിമ അദ്ദേഹത്തിന്റെ കട്ടിലിനടുത്തുള്ള മേശക്കരുകിൽ എപ്പോഴും കാണത്തക്കവണ്ണം വച്ചിരുന്നു. കഥാനായകന് ഏററവും പ്രിയപ്പെട്ട ഒന്നായിരുന്നു അത്. അപ്പോഴത്തെ തിരക്കിനിടയിൽ എങ്ങനെയോ ആ പ്രതിമ താഴെ വീണു. അത് കഴുത്തുവച്ച് രണ്ടായി മുറിഞ്ഞു. വീണ്ടും അപശകുനം.

അദ്ദേഹത്തെ ആശുപത്രിമുറിയിൽ കിടത്തി. മുറിവ് അഴിച്ചു ഡ്രസ്സ് ചെയ്യാൻ പോവുകയാണെന്നു നഴ്സ്മാർ പറഞ്ഞു. അതു കേട്ട് സഹധർമ്മിണി അടുത്തു ചെന്ന്, അദ്ദേഹത്തിന്റെ സമീപം നിന്നു അദ്ദേഹം കണ്ണുതുറന്ന് ആത്മപ്രേയസിയെ ഒന്നു നോക്കി. തത്സമയം കഥാനായകന്റെ ജ്യേഷ്ഠൻ വിജയമ്മയെ പെട്ടെന്നു വിളിച്ച് പുറത്തേയ്ക്കു കൊണ്ടുപോന്നു. പെട്ടെന്ന് ആ കതകുകൾ അടഞ്ഞു. തിരശ്ശീല വീണു. അത് അവസാനത്തെ കാഴ്ചയായിരുന്നുവെന്ന് കുറച്ചു മണിക്കൂറുകൾക്കുശേഷമാണ് ഭാര്യ അറിഞ്ഞത്. ആ തൂലിക നിശ്ചലമായി. ആ ജീവൻ ഈ ലോകം വെടിഞ്ഞു.

# 14

## ബാഷ്പാഞ്ജലി

"മറക്കാനാവാത്ത ഒരു ഓർമ്മയുടെ വേദനയിൽ നിന്നു ഞാനെഴുതുന്നു. ഹൃദയം തേങ്ങുന്ന രാത്രിയിൽ, ഇനി പകലില്ല, രാത്രിമാത്രം.

കാശ്മീരിലെ ദേവദാരുക്കളുടെ നിഴലിൽ പകൽ മരിച്ചു; പോപ്ലാർ മരങ്ങളിൽ തട്ടി ജീവിതത്തിന്റെ ഗാനാത്മകത്വം ഛിദ്രമായി; മഞ്ഞണിഞ്ഞ മലകളിലെ സൂര്യപ്രകാശം വേദനയ്ക്കു വഴിമാറി.

* കഥാനായകന്റെ കനിഷ്ഠപുത്രൻ ജി. കൃഷ്ണൻ ഐ. എ. എസ്സ് പിതാവിന്റെ മരണസമയം കാശ്മീരിലായിരുന്നു. അദ്ദേഹത്തിന്റെ വേദനയിൽ നിന്നൂറിയ ഈ വാക്കുകൾ 'മലയാള മനോരമ' വാർഷികപ്പതിപ്പിൽ (1968) "ഒരു സ്നേഹത്തിന്റെ ഓർമ്മയിൽ" എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു.

"വിശ്വസിക്കാൻ വിഷമമായ ഒരു [illegible] സ്വപ്നത്തിൽ നിന്നുമുണരാൻ ഞാൻ വളരെ വിഷമിച്ചു. ഒരു വ്യക്തിപ്രഭാവത്തിന്റെ ഓർമ്മ എന്നിലുണർത്തിയ വേദന അനുഭവിച്ചു തീർക്കാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, പരിചിതങ്ങളായ വസ്തുക്കൾ വർണ്ണശബളമായ ഒരു സ്നേഹം എനിക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു എന്ന വസ്തുത എന്നെ ഓർമ്മപ്പെടുത്തി.

"ഓർമ്മകളിൽ നിന്ന്, സ്നേഹത്തിൽ നിന്ന്, ജീവിതത്തിൽനിന്നുതന്നെ രക്ഷപ്പെടാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, സാധിച്ചില്ല.

"മറക്കാനാവാത്ത ഒരോർമ്മയുടെ വേദനയിൽനിന്ന് ഞാനെഴുതുന്നു. നനഞ്ഞ അരളിപ്പൂവിന്റെ ഗന്ധത്തിൽ, തെളിഞ്ഞ ചന്ദ്രികയിൽ, വെൺമയാർന്ന മേഘശകലങ്ങളിൽ, ചുവന്ന രക്തത്തിൽ ഇവയിലെല്ലാം എന്റെ വേദനയുണ്ട്—എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ട ഒരു സ്നേഹത്തിന്റെ ഓർമ്മ കുത്തിയുണർത്തുന്ന വേദന.

"എന്നാണ് ആ സ്നേഹം എനിക്കിനി തിരിച്ചുകിട്ടുക."

* * * *

* " മൃതിയെങ്ങനെയാക്രമിച്ചിത —
ന്ന മൃതാംഭോനിധിയാകുമങ്ങയെ ?
രസികത്വമെഴുന്നൊരാമുഖം
യമനും കാൺകിലലിഞ്ഞു നിന്നുപോം.

* കഥാനായകന്റെ ചരമത്തിൽ ശ്രീ. എം. പി. അപ്പൻ എഴുതി 'ഗുരുനാഥൻ' എന്ന പേരിൽ 1968 ജൂൺ 23–ാം തീയതിയിലെ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന കവിതയുടെ ഒരു ഭാഗം.

... ... ... ... ... ... ...

"നവനർത്തനമാടിയങ്ങതൻ
നലമേറീടിന നാവിൽ നാടകുന്നാടം
നയനോൽസവമായ് വിളങ്ങുമാ–
നിയതശ്രീയെഴമായ്ച്ചു ഭാരതി.

... ... ... ... ... ... ...

"അവിടുന്നുമറഞ്ഞുപോകിലും
ഭവികാത്മൻ, തവ കാവ്യമഞ്ജരി
അവിഭംഗസുഗന്ധവീചിയാ–
ലരുളും ഭാവുകനംതാമനിർവൃതി."

* "സംസ്കൃതഭാഷയ്ക്കെഴും സംസ്കാരം
വെളിവാക്കി
വിഖ്യാതമഹുണ്ണഭാഷയ്ക്കിയലും പ്രഢപൊക്കി
സൽകൃതി ഭൂഷാഗണം കൈരളിക്കണിയിച്ച
സൽകലാനിധിയങ്ങെയാർക്കു വിസ്മരിച്ചീടാം."

"നിഷ്ഠാപൂർവ്വം സത്യം അന്വേഷിക്കുന്നതിനും പ്രശാന്തതയോടേ അതു സ്വീകരിക്കുന്നതിനും പൗരുഷത്തോടെ അതു പ്രഖ്യാപിക്കുന്നതിനും അദ്വിതീയനായിരുന്ന ഒരു ജ്ഞാനയോഗിയായിരുന്നു ശ്രീ എൻ. ഗോപാലപിള്ള."

—തിരുവനന്തപുരം ആർച്ചു ബിഷപ്പ്

" 'അത്യന്തം ദുഃഖജനകം' എനിക്കിത്രയേ പറയാൻ കഴിയുന്നുള്ളൂ." —ജി.

"ഈ യോഗം പ്രസിദ്ധമായ ഈ വിക്ടോറിയാജൂബലി ടൗൺഹാളിൽ കൂടിയത് ഏററവും ഉചിതമായിയെന്ന് ഞാൻ കരുതുന്നു. കഴിഞ്ഞ നാൽപതു വർഷത്തിനിടയ്ക്ക് എണ്ണമററ സദസ്സുകളിൽ ഉത്ഘാടകനായും, അദ്ധ്യക്ഷനായും, പ്രസംഗകനായും ശ്രീ ഗോപാലപിള്ള തന്റെ നിസ്തുലമായ വചോവിലാസവും സാഹിത്യചർച്ചകളും, അവിസ്മരണീയമായ ആക്ഷേപരസികത്വവും കൊണ്ട് സഹൃദയലോകത്തെ ആനന്ദാനുഭൂതിയിൽ ആറാടിച്ച അരങ്ങാണിത്. ഇവിടെവച്ചുതന്നെയാണ് 1961-ൽ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി നാം ആഘോഷിച്ചത്.

... ... ... ... ... ... ... ...

---

* കഥാപുരുഷന്റെ ചരമത്തിൽ ശ്രീ മുതുകുളം പാർവ്വതിഅമ്മ എഴുതി 'ബാഷ്പാഞ്ജലി' എന്ന പേരിൽ 1968 ജൂൺ 16-ാം തിയതിയിലെ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച കവിതയിൽ നിന്ന്.

"കാലഗതിയാകുന്ന വെള്ളപ്പാച്ചിലിൽ ഓലത്തുരുമ്പുപോലെ ഒഴുകിക്കൊണ്ടിരിക്കുന്ന മനുഷ്യൻ സ്വാർത്ഥപൂർത്തിക്കുവേണ്ടി നടത്തുന്ന പരാക്രമങ്ങൾ കണ്ട് അദ്ദേഹത്തെപ്പോലെ ചിരിച്ചിട്ടുള്ളവർ അധികമുണ്ടെന്നു തോന്നുന്നില്ല. പ്രവാഹരൂപമായ കാല സ്വരൂപമായ, ഈ പ്രഹേളികയുടെ ഗുഹ്യാൽ ഗുഹ്യതരമായ രഹസ്യം ഗ്രഹിക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം ജ്യോതിഷം പഠിച്ചത്.

... ... ... ... ... ... ... ... ...

"ശത്രുക്കൾ പോലും അങ്ങേയററം ബഹുമാനിച്ച ആ മഹാസിദ്ധികളുടെയും ഹൃദയശുദ്ധിയുടെയും സ്നേഹവായ്പിന്റെയും മധുരസ്മരണകൾ ഈ രാജ്യത്ത് ദീർഘകാലം നിലനിൽക്കും. അവയ്ക്കു മുൻപിൽ നമുക്ക് ആദരാഞ്ജലികളർപ്പിക്കാം.

[ശ്രീ എൻ. ഗോപാലപിള്ളയുടെ ചരമത്തിൽ അനുശോചിച്ചുകൊണ്ട് 1968 ജൂൺ 24-ാം തിയതി ടൗൺഹാളിൽ കൂടിയ തിരുവനന്തപുരം പൗരമഹായോഗത്തിൽ ഡോ: ഭാസ്കരൻ നായർ ചെയ്ത പ്രസംഗത്തിൽ നിന്ന്.]